2026 JULY 20

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122




## ആത്മീയ നവീകരണമായി ഫാമിലി & യൂത്ത് കോൺഫറൻസ്



## ഫൊക്കാന ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെ സ്വപ്നങ്ങൾ




MALABAR
GOLD & DIAMONDS
NOW OPEN
IN
SANTA
CLARA
Town Centre
2046 El Camino Real,
Santa Clara, CA, 95050

# തലമുറകളുടെ അചഞ്ചല വിശ്വാസവുമായി ഫാമിലി കോൺഫറൻസിനു തുടക്കം




ജോർജ് തുമ്പയിൽ & ഉമ്മൻ കാപ്പിൽ

ലാങ്കസ്റ്റർ വിൻധം റിസോർട്ട് : ഭക്തിയിലും പാരമ്പര്യ വിശ്വാസത്തിലും അടിയുറച്ച സഭാ സ്നേഹത്തിന്റെ സന്ദേശം വിളിച്ചോതി മലങ്കര ഓർത്തഡോക്സ് നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് പ്രൗഢഗംഭീരമായ തുടക്കം. വർണശബളമായ ഘോഷയാത്രയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. ലോങ്ങ് ഐലൻഡിൽ നിന്നുള്ള ജോൺ കുര്യന്റെ നേതൃത്വത്തിലുള്ള ചെണ്ടമേളം ആഘോഷങ്ങൾക്കു മാറ്റുകൂട്ടി. ഘോഷയാത്ര അജിത് വട്ടശേരിൽ കോർഡിനേറ്റ് ചെയ്തു.

സന്ധ്യാ പ്രാർത്ഥനയ്ക്ക് ശേഷം ആരംഭിച്ച ഉദ്ഘാടന സമ്മേളനം ഏറ്റവും ഹൃദ്യമായിരുന്നു.

ന്യൂയോർക്കിലെ കൗൺസിൽ ഓഫ് ഇന്ത്യൻ ഓർത്തഡോക്സ് ഇടവകകളുടെ നേതൃത്വത്തിലുള്ള ഗായകസംഘം ഭാരതത്തിന്റെ അപ്പോസ്തോലനായ തോമാശ്ലീഹയെ അനുസ്മരിച്ചുകൊണ്ടുള്ള ഗാനാലാപത്തോടെ ആരംഭിച്ച

ഗാനങ്ങൾ ആത്മീയ ഉണർവും പ്രചോദനവും ലഭിക്കുവാൻ പ്രാപ്തമായിരുന്നു. അനുഗൃഹീത ഗായകനായ ജോസഫ് പാപ്പൻ ക്വയറിനു നേതൃത്വം നൽകി.

അമേരിക്കൻ ദേശീയ ഗാനം ആൻജെലിന ജേക്കബും ഇന്ത്യൻ ദേശീയ ഗാനം



ക്വയറും ആലപിച്ചു..കോർഡിനേറ്റർ ഫാ. അലക്സ് കെ. ജോയ് സ്വാഗതമാശംസിച്ചു.

തുടർന്ന് വെളിച്ചം പകരുവാൻ നമുക്കുള്ള കടപ്പാട് ഓർമ്മിപ്പിച്ചുകൊണ്ട് നിലവിളക്ക് കൊളുത്തുകയുണ്ടായി. ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസ്, കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ്, ഹൈറോമോങ്ക് വാസിലിയോസ് (റഷ്യൻ ഓർത്തഡോക്സ്), ലിജിൻ ഹന്നാ തോമസ് (സൗത്ത് വെസ്റ്റ് ഭദ്രാസനം), ഫാ. ഡോ. വറുഗീസ് എം ഡാനിയൽ, ഫാ. ഡോ. എബി ജോർജ്,





ജോൺ താമരവേലിൽ, ജെയ്സൺ തോമസ് എന്നിവർ ചേർന്ന് നിലവിളക്ക് തെളിയിച്ചു. വിശ്വാസികൾ 'വെളിവ് നിറഞ്ഞോരീശോ' എന്ന ഗാനം ഏറ്റുചൊല്ലി.

ഭദ്രാസന മെത്രാപ്പോലീത്ത ഉദ്ഘാടന കർമ്മം നിർവഹിച്ചു.ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും വിശ്വാസികൾ പങ്കെടുക്കുന്ന ഈ കോൺഫറൻസ് മഹത്തായ സംരംഭമാണ്. കാര്യക്ഷമതയോടെ മാസങ്ങൾ നീളുന്ന തയ്യാറെടുപ്പോടെ കോൺഫറൻസ് ഒരുക്കുന്ന സംഘാടകരെ മെത്രാപ്പോലീത്ത അനുമോദിച്ചു.

കോൺഫറൻസിലെ ചിന്താവിഷയമായ കൃപയുടെ പാത്രത്തെക്കുറിച്ചും മെത്രാപ്പോലീത്താ സംസാരിച്ചു.

തുടർന്ന് മുഖ്യ പ്രാസംഗികൻ ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത



ഓർത്തഡോക്സ് വിശ്വാസത്തിൽ അധിഷ്ടിതമായ ചിന്താവിഷയം അവലോകനം ചെയ്യുവാനുള്ള തീഷ്ണതയും സഭാവിശ്വാസവും പാരമ്പര്യങ്ങളും മുറുകെപ്പിടിക്കുന്നതും ആശാവഹമാണെന്ന് പറഞ്ഞു.

പിന്നീട് ഹൈറോമോങ്ക് വാസിലിയോസ്, ലിജിൻ ഹന്നാ തോമസ്, ഫാ. ഡോ. വറുഗീസ് എം ഡാനിയൽ, ഫാ. ഡോ. എബി ജോർജ് എന്നിവരും ചിന്താവിഷയത്തെപ്പറ്റി സംക്ഷിപ്തമായി പ്രതിപാദിച്ചു.

കോൺഫറൻസിൽ സുരക്ഷിതത്വവും അച്ചടക്കവും പാലിക്കേണ്ടതിന്റെ ആവശ്യതയെപ്പറ്റി ഡോ. റെബേക്ക പോത്തൻ (സുവനീർ എഡിറ്റർ) സംസാരിച്ചു.

ആഷാ ജോർജ് (ജോയിന്റ് സെക്രട്ടറി), റിങ്കിൾ ബിജു (ജോയിന്റ് ട്രഷറർ) ഭദ്രാസന കൗൺസിൽ അംഗങ്ങൾ ഫാ. വിജയ് തോമസ്, ജോബി ജോൺ, ഉമ്മൻ കാപ്പിൽ, ബിജോ തോമസ്, മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗം ബിനു കൊപ്പാറ തുടങ്ങിയവരും വേദിയിൽ സന്നിഹിതരായിരുന്നു.

അക്സ വർഗീസ്, ആൻജെലിന ഏലിയാസ് എന്നിവർ പ്രോഗ്രാം നിയന്ത്രിച്ചു. ആൻഡ്രൂ തോമസ് ആയിരുന്നു പ്രോഗ്രാം കോർഡിനേറ്റർ. Sight & Sound തിയേറ്ററിന്റെ ജോഷ്വാ ഷോ കോൺഫറൻസിൽ പങ്കെടുത്ത പലർക്കും ഒരു അവിസ്മരണീയ അനുഭവമായിരുന്നു.

ചിന്താവിഷയത്തിലൂന്നിയതും ആനുകാലിക പ്രസക്തവുമായ മറ്റു വിഷയങ്ങളും തുടർന്നുകള ദിവസങ്ങളിൽ കോൺഫറൻസിന് ഊർജം പകരും. നാല്പതോളം വൈദികരുടെ സഹകാർമികത്വത്തിൽ നടക്കുന്ന കുർബാനയോടെ കോൺഫറൻസ് ശനിയാഴ്ച അവസാനിക്കും.






# നിറങ്ങൾ മാറിയെങ്കിലും... വിശ്വാസത്തിന് ഇന്നും ഒരേ നിറം

Pulimoottil SILKS

102 YEARS 1924 -2026

ഒരു വസ്ത്രം തിരഞ്ഞെടുക്കുമ്പോൾ ആളുകൾ അന്വേഷിക്കുന്നത് നിറവും ഡിസൈനും മാത്രമല്ല, ആ വസ്ത്രത്തോടൊപ്പം ലഭിക്കുന്ന വിശ്വാസവും കരുതലുമാണ്. അതുകൊണ്ടാണ് ചില സ്ഥാപനങ്ങൾ ഒരു സ്ഥാപനമായി മാത്രം നിൽക്കാതെ തലമുറകളുടെ ഓർമ്മകളുടെ ഭാഗമായി മാറുന്നത്. മലയാളികളുടെ മനസ്സിൽ അത്തരമൊരു സ്ഥാനമാണ് ഒരു നൂറ്റാണ്ടിലേറെയായി പുളിമൂട്ടിൽ സിൽക്സ് സ്വന്തമാക്കിയിരിക്കുന്നത്.

1916-ൽ ഉദയംപേരൂരിൽ നിന്ന് തൊടുപുഴയിലേക്ക് കുടിയേറിയ ചാക്കോ ഔസേഫ് കണ്ട സ്വപ്നത്തിന് ഇന്ന് 102 വർഷങ്ങളുടെ നിറവാണ്. 1924ൽ ആരംഭിച്ച ഒരു ചെറിയ ജൗളിക്കടയിൽ വിതച്ച വിശ്വാസത്തിന്റെ വിത്ത് ഇന്ന് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ശാഖകൾ വിരിച്ച പുളിമൂട്ടിൽ സിൽക്സ് എന്ന മഹാവൃക്ഷമായി വളർന്നിരിക്കുന്നു.

## കാലം മാറി... മൂല്യങ്ങൾ മാറിയില്ല

ഫാഷൻ മാറി, ജീവിതശൈലികൾ മാറി, ഉപഭോക്താക്കളുടെ പ്രതീക്ഷകൾ മാറി, എന്നാൽ ഗുണനിലവാരത്തിലും ആത്മാർത്ഥമായ സേവനത്തിലും ഉപഭോക്താവുമായുള്ള ബന്ധത്തിലും പുളിമൂട്ടിൽ സിൽക്സ് ഇന്നും അതേ മൂല്യങ്ങളാണ് പിന്തുടരുന്നത്. അതാണ് ഈ സ്ഥാപനത്തിന്റെ യഥാർത്ഥ പാരമ്പര്യവും ഏറ്റവും വലിയ ശക്തിയും.

## പാരമ്പര്യവും പുതുമയും കൈകോർക്കുമ്പോൾ

ഇന്ന് തൊടുപുഴ, കോട്ടയം, തൃശ്ശൂർ, കൊല്ലം, തിരുവല്ല, പാലാ, കൊച്ചി, അടൂർ എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്ന പുളിമൂട്ടിൽ സിൽക്സിന്റെ എല്ലാ ഷോറൂമുകളും സ്ഥാപകൻ ചാക്കോ ഔസേഫിന്റെ ചെറുമക്കളുടെ നേതൃത്വത്തിലാണ് മുന്നേറുന്നത്. മുൻതലമുറ കൈമാറിയ വിശ്വാസവും മൂല്യങ്ങളും അതേപടി കാത്തുസൂക്ഷിച്ചുകൊണ്ട്, പുതിയ തലമുറയുടെ ദീർഘദർശനവും ആധുനിക വ്യാപാരരീതികളും സാങ്കേതികവിദ്യയും കൂട്ടിച്ചേർത്ത് ബ്രാൻഡിനെ കൂടുതൽ ഉയരങ്ങളിലേക്ക് അവർ നയിക്കുകയാണ്.

## വിശ്വാസത്തിന്റെ തിരിച്ചുവരവ്

ഒരു കുടുംബത്തിലെ ആദ്യ വിവാഹത്തിനായി പുളിമൂട്ടിൽ സിൽക്സിൽ എത്തിയവർ, പിന്നീട് മക്കളുടെ വിവാഹത്തിനും കൊച്ചുമക്കളുടെ ആദ്യ ഓണത്തിനുമുള്ള വസ്ത്രങ്ങൾ വാങ്ങാനും വീണ്ടും അതേ സ്ഥാപനത്തിലേക്ക് എത്തുന്നു. ഈ തിരിച്ചുവരവിന് കാരണം വലിയ പരസ്യങ്ങളോ ഓഫറുകളോ അല്ല. തലമുറകളിലൂടെ കൈമാറപ്പെട്ട വിശ്വാസമാണ്.

## ഒരു സ്ഥാപനമല്ല... ഒരു കുടുംബം

102 വർഷങ്ങളുടെ ഈ യാത്രയിൽ 2000-ത്തിലധികം ജീവനക്കാർ പുളിമൂട്ടിൽ സിൽക്സ് കുടുംബത്തിന്റെ ഭാഗമായി മാറിയിട്ടുണ്ട്. ഇന്ന് പുളിമൂട്ടിൽ സിൽക്സ് ഒരു വ്യാപാരസ്ഥാപനം മാത്രമല്ല, ആയിരക്കണക്കിന് കുടുംബങ്ങളുടെ ഉപജീവനത്തിനും സ്വപ്നങ്ങൾക്കും കരുത്തേകുന്ന ഒരു പ്രസ്ഥാനമാണ്.

## ഓരോ ആഘോഷത്തിനും അനുയോജ്യമായത്

വിവാഹ പട്ടുകൾ മുതൽ ആഘോഷ വസ്ത്രങ്ങൾ വരെ... കേരളീയ പാരമ്പര്യം മുതൽ ആഗോള ഫാഷൻ ട്രെൻഡുകൾ വരെ... കുടുംബത്തിലെ ഓരോ അംഗത്തിനും അനുയോജ്യമായ മികച്ച തിരഞ്ഞെടുപ്പുകൾ ഒരേ കുടക്കീഴിൽ ഒരുക്കുക എന്ന ലക്ഷ്യത്തോടെയാണ് പുളിമൂട്ടിൽ സിൽക്സ് മുന്നേറുന്നത്. ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഓരോ ഉപഭോക്താവിനും സന്തോഷകരമായ ഷോപ്പിംഗ് അനുഭവം സമ്മാനിക്കുക എന്നതാണ് എന്നും സ്ഥാപനത്തിന്റെ പ്രതിബദ്ധത

"ഒരു സ്ഥാപനത്തിനെ വിജയത്തിലേക്ക് നയിക്കുന്നത് പുതിയ ഷോറൂമുകളുടെ എണ്ണം അല്ല... അത് വീണ്ടും വീണ്ടും തിരിച്ചെത്തുന്ന ഉപഭോക്താക്കളാണ്... ആ തിരിച്ചുവരവാണ് പുളിമൂട്ടിൽ സിൽക്സിന്റെ ഏറ്റവും വലിയ അംഗീകാരം!"

- LATE ശ്രീ. ഔസേപ്പ് ചാക്കോ പുളിമൂട്ടിൽ
& LATE ഔസേപ്പ് ജോൺ പുളിമൂട്ടിൽ
(ഞങ്ങളുടെ മാർഗ്ഗദർശകർ)





# ലോകത്തെ ഒന്നാക്കി കിംഗ് ഓഫ് ദി ഗെയിംസ്

# സ്പെയിനു കിരീടം

(ടാജ് മാത്യു)

ന്യു യോർക്ക്: കിംഗ് ഓഫ് ദി ഗെയിംസ് എന്നു വിളിപ്പേരുള്ള സോക്കറിന്റെ മറ്റൊരു മേളക്കുകൂടി കൊടിയിറങ്ങി. ലോകത്തിന്റെ നെറുകയിൽ സ്പെയിൻ. ബ്രസീലിനു ശേഷം തുടർച്ചയായി കിരീടം നിലനിർത്തുന്ന രാജ്യമെന്ന പദവി നേടാൻ മെസ്സിക്കും കൂട്ടർക്കുമായില്ല. സ്പോർട്സിൽ പ്രവചനങ്ങൾ മാറിമറിയുന്നത് സെക്കന്റിനുള്ളിലായിരിക്കും എന്ന തത്വം ഇവിടെയും ശരിയായി.


ലോകത്തു ഏറ്റവും കൂടുതൽ ആരാധകരുള്ള കായിക ഇനമാണ് സോക്കർ. ഇതിലേറെ കാഴ്ചക്കാരുള്ളത് ഒളിംപിക്സിന് മാത്രമാണ്. ഒളിംപിക്സിൽ പക്ഷെ വിവിധ ഇനങ്ങളുണ്ട് എന്നതു കണക്കിലെടുക്കുമ്പോൾ ഫിഫ ലോകകപ്പിനുള്ള പ്രൗഢി വേറിട്ടതു തന്നെ.

സാധാരണക്കാരുടെ കളി ആയതിനാലാണ് സോക്കറിന് ഇത്രയേറെ ആരാധകരുള്ളത്. ടെന്നിസോ ക്രിക്കറ്റോ പോലെ മുടക്കുമുതൽ കാര്യമായി വേണ്ട കളിയല്ല സോക്കർ. ഒരു ബോൾ

മാത്രം മതി അടിസ്ഥാനമായി. താരങ്ങൾ അണിയുന്നെ ബൂട്ടൊക്കെ മേൽത്തട്ടിൽ കളിക്കുന്നവർക്കുള്ളതാണ്. വിശാലമായ കളിയിടങ്ങളും മത്സരങ്ങൾക്ക് മാത്രം മതി. അല്ലാത്തപ്പോൾ ചെറുമൈതാനങ്ങളിൽ ഒത്തുകൂടി സാധാരണക്കാർ സോക്കർ കളിച്ചു ഉല്ലാസം കണ്ടെത്തുന്നു. മാത്രവുമല്ല ഓരോ മനുഷ്യരിലും ഒരു സോക്കർ കളിക്കാരനുണ്ട്. കാലുകൊണ്ട് പന്തു തട്ടാത്ത ആരും ഭൂമുഖത്തുണ്ടാവില്ല. വെറുതെ കിടക്കുന്ന ഒരു പന്ത് നമ്മൾ മാറ്റിയിടുന്നത് കാലുകൊണ്ടാണ്. അതിനായി കൈ ഉപയോഗിക്കാറില്ല. സോക്കർ ജനകീയമാവുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെ.

എല്ലാ കായിക ഇനങ്ങൾക്കും ജനങ്ങളെ ഒന്നിപ്പിക്കാനുള്ള കഴിവുണ്ടെങ്കിലും സോക്കറിന്റെ കേന്ദ്ര സംഘടനയായ ഫിഫ നൽകുന്ന സംഭാവന തന്നെ ഒന്നാംസ്ഥാനത്ത്. കാരണം അത്രയേറെ ജനങ്ങൾ സോക്കറുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജ്യാതിർത്തികൾ ഭേദിക്കുന്നതാണ് സോക്കർ സംസ്കാരം. അവിടെ മുതലാളി തൊഴിലാളി വ്യത്യാസമില്ല, പണ്ഡിത പാമര വേർതിരുകളും ഇല്ല.

ഫിഫ ലോകകപ്പിന്റെ ഇരുപത്തിമൂന്നാം എഡിഷനാണ് അമേരിക്കയും മെക്സിക്കോയും കാനഡയും ചേർന്ന് ആതിഥേയത്വം വഹിച്ചത്. മുൻ ഫോർമാറ്റുകളിൽ നിന്നും വിഭിന്നമായി 48 ടീമുകളും ഇക്കുറി മാറ്റുരച്ചു. 32 നു പകരം 48 ആയപ്പോൾ കൂടുതൽ രാജ്യങ്ങൾക്കു പ്രാതിനിത്യം ലഭിച്ചു. അടുത്തതവണ 64 ടീമുകളാക്കണം എന്ന ചിന്ത ഫിഫയിൽ ഉയർന്നിട്ടുണ്ട്. ഒപ്പം ഏതിരഭിപ്രായങ്ങളും. പ്രാതിനിധ്യം നൽകുക എന്നതാണ് ലക്ഷ്യമെങ്കിലും ഫിഫ കപ്പിന്റെ നിലവാരത്തെ ബാധിക്കും എന്നതാണ് വിമർശനത്തിന് കാരണം. ശരിയായി വിലയിരുത്തിയാൽ അതു സത്യമാണുതാനും. ഏവർക്കും വാതിൽ തുറക്കുക എന്ന






നയം മികവിൽ മികച്ചതിനെ കണ്ടെത്തുമ്പോൾ പാലിക്കാനാവില്ല. അത് കളിക്കളത്തിനോട് പുലർത്തുന്ന നീതികേടാവും.

ഒട്ടേറെ സവിശേഷതകൾ നിറഞ്ഞതായിരുന്നു ഈ വേൾഡ്കപ്പ്. രണ്ടു ദശാബ്ദങ്ങൾ സോക്കർ ഫീൽഡിനെ അടക്കിവാണവരുടെ വിടവാങ്ങൽ. ലിയോണൽ മെസി, ക്രിസ്റ്റ്യാനോ റൊണാൾഡൊ, ലൂക്കാ മോഡ്രിച്, ഓച്ച, ഹാമിഷ് റോഡ്രിഗസ് എന്നിവരുടെ അവസാന ലോകകപ്പാവും ഇത്. ചിലപ്പോൾ ഹാരി കെയ്ൻ, സാക്ക, എമിലിയാനോ മാർട്ടിനെസ്, വസിഞ്ഞോ എന്നിവരുടേതും. ഇതിനൊപ്പം പുത്തൻ താരോദയങ്ങളും ഉണ്ടായി. ലാമിൻ യമാൽ, ഏർലിങ് ഹർലാൻഡ്, ഹ്യൂലിയൻ ആൽവാരസ്.... പട്ടിക നീളുന്നു.

ഇനി ഇത്തവണത്തെ ലോകകപ്പിലേക്കു വരാം. സാധാരണക്കാരുടെ കളിയെ അവരിൽ നിന്നു മാറ്റി എന്നതാണ് പ്രധാന വിമർശനം. ഉയർന്ന ടിക്കറ്റ് നിരക്കു തന്നെ കാരണം. ആരവങ്ങളോടെ സ്റ്റേഡിയങ്ങൾ നിറച്ചിരുന്നവർ അവഗണിക്കപ്പെട്ട പോലെ. എങ്കിലും ആളാരവത്തിനു കുറവുണ്ടായതുമില്ല. മത്സരം മുറുകിയപ്പോൾ ചിലവിനെ മറന്നു പലരും എത്തിയിരിക്കാം. ഞാൻ ലോൺ എടുത്താണ് വന്നതെന്ന് ഒരു ബ്രസീൽ ആരാധകൻ മെറ്റലൈഫ് സ്റ്റേഡിയത്തിൽ വച്ചു പറയുകയുണ്ടായി. സാധാരണക്കാരനെ അകറ്റുന്നതാണോ സാധാരണക്കാരുടെ കളി എന്ന് ഫിഫ ചിന്തിച്ചാൽ നന്ന്.

കോർപ്പറേറ്റ് സംസ്കാരം ഫിഫയെ വിഴുങ്ങി എന്ന ചിന്തയും പ്രബലമായത് ഈ വേൾഡ് കപ്പിലാണ്. പരസ്യങ്ങളുടെ അഴിഞ്ഞാട്ടമായിരുന്നു ടെലിവിഷൻ പ്രേക്ഷകർക്ക് മുന്നിലെത്തിയത്. ഒപ്പം ഹൈഡ്രേഷൻ ബ്രേക്ക് എന്ന സംവിധാനവും. ഈ മൂന്നുമിനിറ്റിൽ തള്ളിക്കയറിയ പരസ്യങ്ങൾക്ക് കണക്കില്ല. ഫിഫയുടെ പഴയകാലത്തില്ലാത്ത ഈ രീതിയെ കോർപ്പറേറ്റ് ഉല്പന്നമാണെന്നു പലരും കരുതിയാൽ തെറ്റു പറയാനാവില്ല.

താരങ്ങളുടെ മൂല്യനിർണയം കോർപ്പറേറ്റ് ബാലൻസ് ഷീറ്റിലേക്കു മാറുന്നു എന്ന ചിന്തയും പ്രബലമായിരുന്നു. രാജ്യത്തിനുവേണ്ടി തല മറന്നു കളിച്ചവരുടെ പഴയകാല തലമുറയല്ല ഇന്നത്തേത്. അടിക്കുന്ന ഗോളുകൾക്ക് വിലവിവരപ്പട്ടികയുമായി ഇരിക്കുന്ന കോർപ്പറേറ്റ് മാനേജർമാർ ടീം സ്പിരിറ്റ് എന്ന ആശയത്തെയാണ് കെടുത്തിക്കളയുന്നത്. പാസ് കൊടുക്കാതെ പല താരങ്ങളും മുന്നേറുന്നത് കാണുമ്പോൾ പണമെറിഞ്ഞ കോർപ്പറേറ്റ് ചതിക്കുഴികൾ കാണുന്നു. ഈ പ്രവണതയിൽ അകപ്പെടാതെ ലോക സോക്കറിനെ സംരക്ഷിക്കുക എന്നതാണ് ഫിഫയുടെ ചുമതല. അതു മറക്കാതിരിക്കട്ടെ, ഉണ്ടാവാതിരിക്കട്ടെ...



The Weekly
TEAM
VOICE OF FOMAA
2026-28
Biju Thonikadavil
For President
Paul P. Jose
For General Secretary
Pradeep Nair
For Treasurer
Samuel Mathai
For Vice President
Dr. Manju Pillai
For Joint Secretary
Johnson Kannookaden
For Joint Treasurer
KINDLY REQUESTING
YOUR SUPPORT AND PRAYERS...

# ഫാമിലി & യൂത്ത് കോൺഫറൻസ് വൈവിധ്യവും ആവേശകരവുമായ രണ്ടാം ദിവസം

ജോർജ് തുമ്പയിൽ & ഉമ്മൻ കാപ്പിൽ

ദൈവിക സ്നേഹത്തിന്റെ അചഞ്ചലവും ഊഷ്മളവും ഭക്തിനിർഭരവുമായ സന്ദേശവുമായി മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രണ്ടാം ദിനം പ്രൗഢഗംഭീരമായി. പെൻസിൽവേനിയയിലെ ലാങ്കസ്റ്റർ വിൻധം റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്റർ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് വ്യാഴാഴ്ച വൈവിധ്യമാർന്ന ആത്മീയ-യുവജന പരിപാടികളാൽ ആവേശകരവും ഭക്തിനിര്ഭരവുമായി.

രാവിലെ 6:30-ന് ലിങ്കൺ തിയേറ്ററിൽ മലയാളം പ്രഭാത നമസ്കാരവും വീറ്റ്ലാൻഡിൽ ഇംഗ്ലീഷ് പ്രഭാത നമസ്കാരവും നടന്നു. തുടർന്ന് 7 മണിക്ക് ലിങ്കൺ തിയേറ്ററിൽ ഫാ. ഡോ. ബാബു കെ. മാത്യു 109-ാം സങ്കീർത്തനം 105-ാം വാക്യത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ വചനസന്ദേശം നൽകി. “നിന്റെ വചനം എന്റെ കാലുകൾക്കു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു“ എന്ന തിരുവചനം കോൺഫറൻസിനെ സംബന്ധിച്ച് ഏറെ പ്രസക്തമായി. ഈ കോൺഫറൻസ് വരും ദിവസങ്ങളിൽ ജീവിതത്തിന് വലിയൊരു പ്രകാശമായി മാറുവാൻ തക്കവണ്ണം നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനായി ദൈവം നമ്മെ ഏവരെയും



ഇടയാക്കട്ടെ എന്ന് ഫാ. ഡോ. ബാബു കെ. മാത്യു ഓർമ്മിപ്പിച്ചു.

സന്ദേശത്തിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ അച്ചൻ വ്യക്തമാക്കി. ഒന്നാമതായി, വിശ്വാസത്തിൽ ആഴപ്പെടുവാൻ “വളക്കൂറുള്ള മണ്ണും“, രണ്ടാമതായി തിന്മകളിൽ നിന്നും തളർച്ചകളിൽ നിന്നും നമ്മെ കാത്തുസൂക്ഷിക്കാൻ ഒരു സംരക്ഷണവും നമുക്ക് ആവശ്യമുണ്ട്. ഈ രണ്ടു കാര്യങ്ങളും നമുക്ക് ലഭിക്കുന്നത് ദൈവത്തിൽ നിന്നാണ്. ദൈവത്തിൽ നിന്ന് മാത്രമേ യഥാർത്ഥ സംരക്ഷണവും ആത്മീയ വളർച്ചയും കൈവരിക്കാനാകൂ. ഇത്തരം കോൺഫറൻസുകളിലൂടെയും കൂട്ടായ്മകളിലൂടെയുമാണ് ഇതൊക്കെയും നമുക്ക് സാധ്യമാകുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വീറ്റ് ലാൻഡിൽ ഫാ. ജെറി വർഗീസ് ഇംഗ്ലീഷിൽ വചനസന്ദേശം നൽകി.

ഗായക സംഘത്തിൽ തീം സോങ് എഴുതി, സംഗീതം പകർന്നു ജോസഫ് പാപ്പൻ (റെജി) എഴുതിയ ഗാനം “മണ്ണിൽ നിന്നു എൻ ജീവനെ നീ രൂപപ്പെടുത്തി“ എന്ന











മനോഹര ഗാനവും, റെജി തന്നെ എഴുതിയ “ദൈവകൃപയിൽ“ എന്ന ഗാനവും “ കൂടാതെ വന്ദനം യേശു പരാ “ എന്ന ഗാനവും ആസ്വാദകരുടെ മനം കവർന്നു.

9ന് ലിങ്കൺ തിയേറ്ററിൽ ഹൈറോമോങ്ക് വാസിലിയോസ് വില്ലാർഡ് (റഷ്യൻ ഓർത്തഡോക്സ്) പ്രഭാത സന്ദേശത്തിൽ ദൈവകൃപയുടെ പാത്രങ്ങളെന്ന നിലയിൽ മനുഷ്യന്റെയും സഭയുടെയും കുടുംബങ്ങളുടെയും




പങ്കിനെക്കുറിച്ചുള്ള ആഴമേറിയ ചിന്തകൾ പങ്കുവെച്ചു. ദൈവത്തിന്റെ അനന്തമായ കാരുണ്യത്തെയും കൃപയെയും കുറിച്ചുള്ള ചിന്തകൾ പങ്കുവെച്ച പ്രഭാഷണം നാം വെറും ശൂന്യമായ പാത്രങ്ങളല്ലെന്നും, മറിച്ച് ദൈവകൃപയാൽ നിറയ്ക്കപ്പെടേണ്ട വലിയ ദൗത്യമാണ് നമുക്കുള്ളതെന്നും ഓർമിപ്പിച്ചു . “നാം“ എന്ന വാക്കിനെ മൂന്ന് തലങ്ങളിൽ വിശകലനം ചെയ്തുകൊണ്ടായിരുന്നു സന്ദേശം .





ഒന്നാമതായി ദൈവം ലോകത്തെ വീണ്ടെടുത്തുവെന്ന് പ്രഖ്യാപിക്കുമ്പോൾ, അത് മനുഷ്യരാശിയെ ഒന്നടങ്കം ഉൾക്കൊള്ളുന്ന ഒന്നാണെന്നും സൃഷ്ടി പ്രപഞ്ചത്തോടുള്ള ദൈവത്തിന്റെ സ്നേഹമാണ് ഇതിലൂടെ പ്രകടമാകുന്നതെന്നും ഹൈറോമോങ്ക് വാസിലിയോസ് വില്ലാർഡ് ഓർമ്മിപ്പിച്ചു. സഭയെ ക്രിസ്തുവിന്റെ ശരീരമായി കാണുമ്പോൾ, ഐക്യത്തിലും വിശ്വാസത്തിലും സേവനത്തിലും അധിഷ്ഠിതമായ ഒരു കൂട്ടായ്മയായി മാറാൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു.

മൂന്നാമതായി, കുടുംബങ്ങളെ ദൈവത്തിന്റെ ഭവനമായി കാണുകയും, അവിടെ വിശ്വാസം വളർത്തപ്പെടുകയും പങ്കുവെക്കപ്പെടുകയും വേണമെന്നും സന്ദേശത്തിൽ വ്യക്തമാക്കുന്നു.

തങ്ങളുടെ യഥാർത്ഥ സ്വത്വവും ഉത്തരവാദിത്തങ്ങളും തിരിച്ചറിഞ്ഞ്, ദൈവ

കൃപയുടെ പാത്രങ്ങളായി ജീവിക്കാൻ ഓരോ വിശ്വാസിയും കടപ്പെട്ടിരിക്കുന്നു എന്ന് ഹൈറോമോങ്ക് വാസിലിയോസ് ഓർമ്മിപ്പിച്ചു.

9.10ന് ഗ്രാൻഡ് സ്പോൺസേഴ്സിനെ ആദരിച്ചു. തുടർന്ന് ലിങ്കൺ തിയേറ്ററിൽ കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസിയോസ് മുതിർന്നവർക്കായി മലയാളത്തിൽ സന്ദേശം നൽകി. കൃപ കൊണ്ട് മാത്രമാണ് സത്യം തിരിച്ചറിയുക. പങ്കാളിത്തത്തിനു ദൈവം തരുന്ന കൃപ. രക്ഷയും കൃപയുമായി ബന്ധപ്പെട്ടിരിക്കുന്നു. പാപികളായ മനുഷ്യവർഗത്തിനു പാപമില്ലാത്ത ക്രിസ്തുവിന്റെക്രൂശുമരണത്താൽപാപമോചനവും രക്ഷയും ലഭിക്കുന്നത് കൃപയാലാണ്. സത്യം തിരിച്ചറിവാനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തോടു താദാത്മ്യം പ്രാപിപ്പാനും കൃപയാൽ സാധ്യമാവും.

വീറ്റ്ലാൻഡിൽ ഹൈറോമോങ്ക് വാസിലിയോസ് വില്ലാർഡ് ഇംഗ്ലീഷിലും (ഫോക്കസ്) മറീറ്റയിൽ എം.ജി.ഒ.സി.എസ്.എം ന് വേണ്ടി ഫാ. ഡോ. എബി ജോർജും മുഖ്യ പ്രഭാഷണങ്ങൾ നടത്തി.





9.30 മുതൽ ന്യൂ ഹോളണ്ടിൽ ലിജിൻ ഹന്ന തോമസും (മിഡിൽ സ്കൂൾ) ലൈം റോക്കിൽ ഫാ. സുജിത് തോമസും (എലിമെന്ററി) സ്ട്രാസ്ബർഗിൽ അഖില സണ്ണി (പ്രീ-കെ) യും സന്ദേശം നൽകി . 10.30ന് കോഫി ബ്രേക്ക് (ലിങ്കൺ ലോഞ്ച് & ബാൾറൂം ഫോയറിൽ). തുടർന്ന് നടന്ന സൂപ്പർ സെഷനുകളിൽ

(Challenges of Relationships in the Family Circle കുടുംബബന്ധങ്ങളിലെ വെല്ലുവിളികൾ) എന്ന വിഷയത്തിൽ ഫാ. ഡോ. വർഗീസ് എം. ഡാനിയേലും (ലിങ്കൺ തിയേറ്റർ), ശ്രദ്ധ തെറ്റുന്നകാലഘട്ടത്തിൽജാഗ്രത പരിശീലിക്കുക എന്ന വിഷയത്തിൽ എയ്മി തോംസണും (ഹോപ് വെൽ), “I BELIEVE, HELP MY UNBELIEF”: HOLDING FAITH THROUGH DOUBT AND TRANSITION-ഞാൻ വിശ്വസിക്കുന്നു, എന്റെ അവിശ്വാസത്തെ സഹായിക്കണമേ: സംശയങ്ങളുടെയും മാറ്റങ്ങളുടെയും സമയത്ത് വിശ്വാസം കൈവിടാതെ പിടിച്ചു നിൽക്കുക) എന്ന വിഷയത്തിൽ (പാരഡൈസ് ) ഹൈറോമോങ്ക് വാസിലിയോസ് വില്ലാർഡും സന്ദേശം നൽകി.

10.45ന് LETTING GO WITHOUT LOSING YOURSELF: FORGIVENESS AS ORTHODOX PRACTICE-നിങ്ങളെ സ്വയം നഷ്ടപ്പെടുത്താതെ വിട്ടുകൊടുക്കുക -ക്ഷമയുടെ പരിശീലനം ഓർത്തഡോക്സ് വിശ്വാസത്തിൽ എന്ന വിഷയത്തിൽ ഫാ. ഡോ. എബി ജോർജും (മറീറ്റ) സന്ദേശം നൽകി .

തുടർന്ന് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസ് നയിച്ച ഓപ്പൺ ഫോറം (വീറ്റ്ലാൻഡ്) ശ്രദ്ധേയമായി.

മിഡിൽ സ്കൂൾ സെഷന് ലിജിൻ ഹന്ന തോമസും (ന്യൂ ഹോളണ്ട്) എലിമെന്ററി സെഷന് ഫാ. സുജിത് തോമസും (ലൈം റോക്ക്), പ്രീ-കെ സെഷന് അഖില സണ്ണിയും (സ്ട്രാസ്ബർഗ്) നേതൃത്വം നൽകി.

12 മണിക്ക് ഉച്ച നമസ്കാരം യഥാക്രമം മലയാളത്തിലും (ലിങ്കൺ തിയേറ്റർ) ഇംഗ്ലീഷിലും (വീറ്റ്ലാൻഡ്) നടന്നു.

12.15ന് ഉച്ചഭക്ഷണം (ലാങ്കസ്റ്റർ ബാൾറൂം).

തുടർന്ന് വൈദികർക്കായി “ക്ലർജി ഫെലോഷിപ്പും“ (ഹോപ്പ്‌വെൽ)കൊച്ചമ്മമാർക്കായി “ബസ്കിയോമോ ഫെലോഷിപ്പും“ (കോൺവാൾ) നടന്നു. അതോടൊപ്പം 1.15ന് എം.എം.വി.എസ് ഫെലോഷിപ്പും (മറീറ്റ) എം.ജി.ഒ.സി.എസ്.എം അലുമിനി ഫെലോഷിപ്പും തുടർന്ന് 2 മണിക്ക് വിവിധ സ്പോർട്സ് (പാരഡൈസ്- ടെറെസ് ഏരിയയ്ക്ക് പുറത്ത് ) പരിപാടികളും സംഘടിപ്പിച്ചു. ഇതോടൊപ്പം മെഡിറ്റേഷനും യോഗയും (പാരഡൈസ്) ഉണ്ടായിരുന്നു. 3 മണിക്ക് കോഫി ബ്രേക്ക് (ബാൾറൂം ഫോയർ, പാരഡൈസ്- ടെറെസ്). 5 മണിക്ക് ഡിന്നർ- (ലാങ്കസ്റ്റർ ബാൾറൂം). 6-15ന് ക്വയർ( ലിങ്കൺ തിയേറ്റർ ).

തുടർന്ന് ലിങ്കൺ തിയേറ്ററിൽ മലയാളത്തിൽ സന്ധ്യാനമസ്കാരവും വീറ്റ്ലാൻഡിൽ ഇംഗ്ളീഷിൽ സന്ധ്യാനമസ്കാരവും നടന്നു.

7 മണിക്ക് ലിങ്കൺ തിയേറ്ററിൽ ഫാ. എം. കെ. കുര്യാക്കോസ് മലയാളത്തിലും വീറ്റ്ലാൻഡിൽ ഫാ. ഗീവർഗീസ് ജോൺ ഇംഗ്ലീഷിലും വചനശുശ്രൂഷ നടത്തി.

7.15ന് ലിങ്കൺ തിയേറ്ററിൽ സുവനീർ പ്രകാശനം നടന്നു. ഡോ. റെബേക്കാ പോത്തൻ ആയിരുന്നു സുവനീർ എഡിറ്റർ. തുടർന്ന് നടന്ന എന്റർടൈൻമെന്റ് നൈറ്റ് വൈവിധ്യം കൊണ്ടും നിലവാരം കൊണ്ടും ആസ്വാദകരുടെ ശ്രദ്ധ പിടിച്ചുപറ്റി.

രാത്രി 9:15-ന് വൈദികരുമായി സൗഹൃദ സംവാദത്തിനും ചോദ്യോത്തരവേളയ്ക്കും (Fireside Chats with Clergy) ശേഷം 11 മണിയോടെ രണ്ടാം ദിന പരിപാടികൾ സമാപിച്ചു.




emalayalee.com
Great News!
NOW YOU CAN
INSTANTLY
PLACE YOUR ADVT
or
BOOK YOUR AD SPACE
ON
eMalayalee.com
TARGET MALAYALEE AUDIENCE
THOUSANDS OF DAILY VISITORS
BOOST YOUR BRAND VISIBILITY
EASY, FAST & EFFECTIVE
WIDE ONLINE REACH
PREMIUM AD SPACES AVAILABLE
TRUSTED MEDIA PLATFORM
Just Click
eMalayalee.com/Advertise

# ആത്മീയ നവീകരണത്തിനുള്ള ആഹ്വാനത്തോടെ ഫാമിലി & യൂത്ത് കോൺഫറൻസ് മൂന്നാം ദിനം




ജോർജ് തുമ്പയിൽ &
ഉമ്മൻ കാപ്പിൽ

ലാങ്കസ്റ്റർ വിൻധം റിസോർട്ട്: ആത്മീയ വചസുകൾ ധന്യമാക്കിയ വചനശുശ്രൂഷകളാലും പ്രാർത്ഥനാ മന്ത്രങ്ങളാലും മനസുകളെ നിർമലമാക്കി ദൈവത്തെ അടുത്തറിയുന്ന അനുഗ്രഹീത ദിനങ്ങളിലൂടെ കടന്നുപോകുകയാണ് വിൻധം ലാങ്കസ്റ്റർ റിസോർട്ട് ആൻഡ് കൺവെൻഷൻ സെന്ററിൽ ഒന്നുചേർന്നിരിക്കുന്ന വിശ്വാസി സമൂഹം.

കോൺഫറൻസിന്റെ മൂന്നാം ദിനമായ ജൂലൈ 17 വെള്ളിയാഴ്ച രാവിലെ 6.30 ന് ലിങ്കൺ തിയേറ്ററിൽ മലയാളം പ്രഭാത നമസ്കാരവും വീറ്റ് ലാൻഡിൽ ഇംഗ്ലീഷ് പ്രഭാത നമസ്കാരവും നടന്നു.

7 മണിക്ക് ലിങ്കൺ തിയേറ്ററിൽ ഫാ. സണ്ണി ജോസഫ് വചന സന്ദേശം നൽകി. ഭാര്യയുടെ രോഗപരിചരണത്തിനായി ജോലിയിൽ നിന്ന് അവധിയെടുത്ത ഒരാൾക്കു ജോലിയും മെഡിക്കൽ ഇൻഷുറൻസും നഷ്ടപ്പെട്ട കഥ അവരുടെ മകളിൽ നിന്ന് കേട്ട് അനുകമ്പയുണ്ടായി പ്രസിഡന്റ് ബിൽ ക്ലിന്റൺ ഫാമിലി & മെഡിക്കൽ ലീവ് ആക്ട് (FMLA) നടപ്പാക്കിയതും, പ്രളയത്തിൽ നിന്നും കുടുംബത്തെ രക്ഷിക്കാൻ ദൃഢനിശ്ചയത്തോടെ കഠിനാധ്വാനിച്ച നോഹയും, കന്യക മറിയാമിനെ ഉപേക്ഷിക്കാതിരിക്കാൻ വെളിപാട് മൂലം തീരുമാനിച്ച ജോസഫും കോർണേലിയസിനെ കണ്ട പത്രോസും പരിവർത്തനത്തിന്റെ മാതൃകകളാണെന്ന് ഫാ. സണ്ണി ജോസഫ് ഓർമ്മിപ്പിച്ചു.

വീറ്റ് ലാൻഡിൽ ഫാ. സുജിത് തോമസ് ഇംഗ്ലീഷിൽ വചന സന്ദേശം നൽകി. 7.15ന് ലാങ്കസ്റ്റർ ബാൾറൂമിൽ പ്രഭാതഭക്ഷണത്തിൽ എല്ലാവരും പങ്കുചേർന്നു. തുടർന്ന് പാരഡൈസിൽ മെഡിറ്റേഷൻ/യോഗ സെഷൻ ക്രമീകരിച്ചിരുന്നു.

8. 45ന് ഗായകസംഘത്തിന്റെ ശുശ്രൂഷ നടന്നു. 9 മണിക്ക് ലിങ്കൺ തിയേറ്ററിൽ ഫാ. ഡോ. എബി ജോർജ്ജ് പ്രഭാത സന്ദേശം നൽകി. നമുക്കിടയിൽ പരസ്പരം ക്രിസ്തുവിനെ ദർശിക്കാനും ബഹുമാനിക്കാനും സാധിക്കുമ്പോഴാണ് സഭാ ജീവിതം അർത്ഥപൂർണ്ണമാകുന്നതെന്ന് അച്ചൻ ഓർമിപ്പിച്ചു. പരസ്പര ബഹുമാനത്തിൽ വളരേണ്ടതെങ്ങനെയെന്നതിന് മാർ ബർണബാസ് തിരുമേനി പങ്കുവച്ച വിഖ്യാതമായ സന്യാസ കഥയെ മുൻനിർത്തിയായിരുന്നു അച്ചന്റെ

പ്രഭാഷണം. ഒരു സന്യാസ ആശ്രമത്തിലേക്ക് കടന്നുവന്ന പുറത്തു നിന്നുള്ളൊരു സന്യാസി ആശ്രമത്തിലുള്ളവരോട് ഒരു രഹസ്യം പങ്കുവെച്ചു. ""നിങ്ങളിൽ ഒരാൾ യേശു ക്രിസ്തുവാണ്!" ഈ ഒരൊറ്റ വാക്ക് ആ ആശ്രമ അന്തരീക്ഷത്തെ മാറ്റിമറിച്ചു. തങ്ങളുടെ കൂട്ടത്തിൽ നിൽക്കുന്നവരിൽ ആരാണ് ക്രിസ്തു എന്ന് തിരിച്ചറിയാത്തതുകൊണ്ട്, സന്യാസിമാർ ഓരോരുത്തരും തങ്ങളുടെ കൂടെയുള്ള മറ്റേയാളെ ക്രിസ്തുവായി കാണാൻ തുടങ്ങി. അവർ പരസ്പരം അതീവ ആദരവോടെയും സ്നേഹത്തോടെയും പെരുമാറി. തങ്ങളെക്കാൾ മറ്റുള്ളവരെ ശ്രേഷ്ഠരായി കണക്കാക്കാൻ തുടങ്ങി. ഈ മാറ്റം ആ ആശ്രമത്തെ ദൈവകൃപയുടെ ആലയമാക്കി തീർത്തു. നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും പരസ്പര ബഹുമാനത്തോടെയുള്ള ഈ കാഴ്ചപ്പാട് വളർത്തിയെടുക്കാൻ സാധിക്കണമെന്ന് എബി അച്ചൻ ആഹ്വാനം ചെയ്തു . സഹോദരനിൽ ക്രിസ്തുവിനെ കാണാൻ കഴിയുമ്പോഴാണ് നമ്മുടെ കൂട്ടായ്മകൾ വിശുദ്ധീകരിക്കപ്പെടുന്നത്



9.10ന് ഗോൾഡ് സ്പോൺസർമാരെ ആദരിക്കുന്ന ചടങ്ങ് നടന്നു.

9.30ന് മുതിർന്നവർക്കായുള്ള മലയാളം സെഷനിൽ ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത (ലിങ്കൺ തിയേറ്റർ) സന്ദേശം നൽകി. വ്യക്തിപരമായ വിശ്വാസാനുഭവം എന്നത് സഭയിൽ നിന്ന് വിട്ടല്ല ഉണ്ടാകേണ്ടത്, സഭയോടു ചേർന്നുള്ള വിശ്വാസാനുഭവത്തിലാണ് ക്രിസ്തീയ ജീവിതത്തിന്റെ വളർച്ച. ദൈവിക ബന്ധത്തിലുള്ള വളർച്ചയാണ് കൃപ. കൃപ ഒരു വ്യക്തിയുടെ സ്വകാര്യമായ ആത്മീയ അനുഭവമല്ല, അത് കൂദാശാപരവും മതപരവും സഭാപരവുമാണ്. ദൈവകൃപ പ്രഖ്യാപിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും പങ്കുവെക്കപ്പെടുകയും ചെയ്യുന്ന ഇടമാണ് സഭ. സഭയുടെ കൂദാശാപരമായ ജീവിതത്തിലൂടെ വിശ്വാസികൾ ഓരോരുത്തരും ക്രിസ്തുവിന്റെ സാദൃശ്യത്തിലേക്ക് നിരന്തരം മാറ്റപ്പെടുന്നു. സഭയെക്കുറിച്ചുള്ള പരമ്പരാഗതമായ നമ്മുടെ സങ്കല്പങ്ങൾ മാറേണ്ടതുണ്ട്. നാം സഭയുടെ കൂദാശാപരമായ കൂട്ടായ്മയുടെ ഭാഗമായി തീരുമ്പോഴാണ് സഭ ദൈവകൃപകളുടെ നീർച്ചാലായി മാറുന്നത്. കേവലം പള്ളിയിൽ വന്ന് കൂദാശകൾ സ്വീകരിച്ചു മടങ്ങുന്ന ഒന്നല്ല സഭാജീവിതമെന്നും, വിശ്വാസിയുടെ വ്യക്തിപരമായ രൂപപ്പെടലിനെ സഹായിക്കുന്ന ഒന്നായിരിക്കണം ഇതെന്നും ചൂണ്ടിക്കാണിക്കപ്പെട്ടു.

ദൈവകൃപ എന്നത് എന്തെങ്കിലും ദൈവത്തിൽ നിന്നും ലഭിക്കുന്നതല്ല. മറിച്ച് അത് ദൈവീക ബന്ധത്തിലുള്ള കൂട്ടിച്ചേർക്കലും



അതിലൂടെയുള്ള നിരന്തരമായ ആത്മീയ വളർച്ചയുമാണ്. സഭയെന്ന നിലയിലും വ്യക്തികളെന്ന നിലയിലും മനുഷ്യൻ മാറ്റപ്പെടുന്നത് ഈ ദൈവീക ബന്ധത്തിലൂടെയാണ്. കൂദാശാ ജീവിതം നമ്മുടെ ആത്മീയ വളർച്ചയുടെ അടിത്തറയാകണം. സഭയെക്കുറിച്ചും കൂദാശകളെക്കുറിച്ചുമുള്ള പഴയകാല ചിന്തകളെയും ധാരണകളെയും ഇന്നത്തെ കാലഘട്ടത്തിന് അനുസൃതമായി പുനഃപരിശോധിക്കേണ്ടതുണ്ട്.

പ്രശസ്ത കവി ജോൺ പീറ്റേഴ്സിന്റെ വരികൾ മാർ അത്തനാസിയോസ് മെത്രാപ്പോലീത്ത സന്ദേശത്തിൽ പരാമർശിച്ചു. They gather around the table, hearts open wide, remembering the love that never dies. Broken, healed, restored, we are called to be the light that points the world to Him (""ഹൃദയങ്ങൾ തുറന്നുവെച്ച്, ഒരിക്കലും മരിക്കാത്ത ആ സ്നേഹത്തെ സ്മരിച്ചുകൊണ്ട് അവർ ആ



മേശയ്ക്ക് ചുറ്റും ഒത്തുകൂടുന്നു. തകർന്നവരും സൗഖ്യം പ്രാപിച്ചവരും പുനഃസ്ഥാപിക്കപ്പെട്ടവരുമായി, ഈ ലോകത്തെ അവിടുന്നിലേക്ക് നയിക്കുന്ന വെളിച്ചമായി മാറാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.")

വീറ്റ് ലാൻഡിൽ നടന്ന ഫോക്കസ് സെഷനിൽ ഫാ. ഡോ. എബി ജോർജ്, മറീറ്റയിൽ എം.ജി.ഓ.സി.എസ്.എം സെഷനിൽ ഹീറോമോങ്ക് വാസിലിയോസ് വില്ലാർഡ്, ന്യൂ ഹോളണ്ടിൽ നടന്ന മിഡിൽ സ്കൂൾ സെഷനിൽ ലിജിൻ ഹന്ന തോമസ്, ലൈം റോക്കിൽ എലിമെന്ററി സെഷനിൽ ഫാ. സുജിത് തോമസ്, സ്ട്രാസ്ബർഗിൽ പ്രീ കെ സെഷൻ അഖില സണ്ണി എന്നിവർ നയിച്ചു.

10.30ന് കോഫി ബ്രേക്ക് (ലിങ്കൺ ലോഞ്ച് ആൻഡ് ബാൾറൂം ഫോയർ).

10.45ന് വിവിധ പ്രായത്തിലുള്ളവർക്കായി പ്രത്യേക ഗ്രൂപ്പ് ചർച്ചകൾ നടന്നു. ലിങ്കൺ തിയേറ്ററിൽ മുതിർന്നവർക്കായി മലയാളത്തിൽ നടന്ന ചർച്ചകൾക്ക് ഡോ. തോമസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തയും വീറ്റ് ലാൻഡിൽ ഇംഗ്ലീഷിൽ നടന്ന ഫോക്കസ് സെഷനിൽ ഹീറോമോങ്ക് വാസിലിയോസ് വില്ലാർഡിനൊപ്പം ഫാ. ഡോ. എബി ജോർജും മറീറ്റയിൽ YOUR CIRCLE, YOUR STORY എന്ന വിഷയത്തിൽ നടന്ന എം.ജി.ഓ.സി.എസ്.എം ചർച്ചകൾക്ക് ഡോളി ജോസഫ്, റോയ് ജോർജ്ജ് എന്നിവരും ന്യൂ ഹോളണ്ടിൽ മിഡിൽ സ്കൂൾ സെഷനിൽ ലിജിൻ ഹന്ന തോമസ്, ലൈം റോക്കിൽ എലിമെന്ററി സെഷനിൽ ഫാ. സുജിത് തോമസ്, സ്ട്രാസ്ബർഗിൽ പ്രീ കെ സെഷനിൽ അഖില സണ്ണി എന്നിവരും നേതൃത്വം നൽകി.





12 മണിക്ക് ഉച്ച നമസ്കാരം യഥാക്രമം മലയാളത്തിലും (ലിങ്കൺ തിയേറ്റർ), ഇംഗ്ലീഷിലും (വീറ്റ് ലാൻഡ്) നടന്നു.

12.15ന് ഉച്ചഭക്ഷണം (ലാങ്കസ്റ്റർ ബാൾറൂം).

കോൺഫറൻസിൽ ഉച്ചയ്ക്ക് 1:30-ന് വീറ്റ് ലാൻഡ് ഹാളിൽ ആത്മീയതയും ആരോഗ്യവും കോർത്തിണക്കി ഒരുക്കിയ "ഫെയ്ത്ത് ആൻഡ് മാറ്റേഴ്സ് ഓഫ് ദ ഹാർട്ട് ആൻഡ് ബ്രെയിൻ" -വിശ്വാസവും ഹൃദയത്തിന്റെയും മസ്തിഷ്കത്തിന്റെയും കാര്യങ്ങളും സെഷൻ ഏറെ ഹൃദ്യമായി. കോൺഫറൻസിൽ നാം ചർച്ച ചെയ്തത് "ദൈവകൃപയുടെ പാത്രങ്ങൾ " എന്ന വിഷയത്തെ കുറിച്ചായിരുന്നു എന്നാൽ ഈ സെഷനിൽ നാം കേട്ടത് യഥാർത്ഥ രക്തക്കുഴലുകളെക്കുറിച്ചാണ് .സെഷന്റെ സമാപനത്തിൽ ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ നടത്തിയ ഈ ഹൃദ്യമായ നിരീക്ഷണം ശരിവെക്കുന്നതായിരുന്നു ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിലെ ഏറ്റവും വേറിട്ട ആ സെഷൻ. ന്യൂജേഴ്സിയിലെ പ്രമുഖ വ്യക്തിത്വം- "ഐഡിയൽ പാപ്പച്ചൻ" എന്ന പേരിൽ അറിയപ്പെടുന്ന ശ്രീ. ജോൺ മാത്യുവിന്റെ മക്കളായ രണ്ട് പ്രഗത്ഭ ഡോക്ടർമാരാണ് ഈ സെഷന് നേതൃത്വം നൽകിയത്:

ഡോ. അലക്സാണ്ടർ മാത്യുവും (പ്രശസ്തമായ സെന്റ് ബർണബാസ് മെഡിക്കൽ സെന്ററിലെ ഇലക്ട്രോ ഫിസിയോളജിസ്റ്റ്) ഡോ. പോൾ മാത്യുവും ( ന്യൂറോളജിസ്റ്റ്, ഹാർവാർഡ് മെഡിക്കൽ സ്കൂൾ)

മനുഷ്യന്റെ ശരീരം മനസ്സ് ആത്മാവ് എന്നിവ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഇരുവരും ശാസ്ത്രീയമായും ആത്മീയമായും വിശദീകരിച്ചു. ക്രിസ്തീയ വിശ്വാസവും വിശുദ്ധ ബൈബിളിലെ കൽപനകളും മനുഷ്യന്റെ ആരോഗ്യവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് അവർ ചൂണ്ടിക്കാട്ടി. മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസ രീതികളും പാരമ്പര്യ ചര്യകളും കൃത്യമായി പാലിക്കുന്നത് വഴി വലിയൊരു പരിധി വരെ രോഗങ്ങളിൽ നിന്നും ആശുപത്രികളിൽ നിന്നും എങ്ങനെ അകന്നു നിൽക്കാമെന്ന് ഡോക്ടർമാർ ലളിതമായി വിവരിച്ചു. ഹാസ്യാത്മകവും എന്നാൽ അതീവ ഗൗരവമുള്ളതുമായ ശൈലിയിലുള്ള ഇവരുടെ പ്രഭാഷണം സദസിനെ പിടിച്ചിരുത്തി. ക്ളാസിന് ശേഷം പങ്കെടുത്തവരുടെ സംശയങ്ങൾക്ക് മറുപടി നൽകുന്ന സജീവമായ ഒരു ചോദ്യോത്തര വേളയും നടന്നു.

1.30ന് ലിങ്കൺ തിയേറ്ററിൽ നടന്ന THE WISDOM OF DIMINISHMENT: AGING, LOSS, AND THE THEOLOGY OF LETTING GO എന്ന വിഷയത്തിൽ നടന്ന സൂപ്പർ സെഷന് അഭിവന്ദ്യ ഡോ. തോമസ് മാർ അത്തനാസിയോസ്



മെത്രാപ്പോലീത്തയും പാരഡൈസിൽ SENT FROM THE LITURGY: HOW SUNDAY SHAPES MONDAY -ആരാധനയിൽ നിന്നും അയയ്ക്കപ്പെട്ടവർ: ഞായറാഴ്ചയിലെ ആരാധന തിങ്കളാഴ്ചയെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന വിഷയത്തിൽ ഹീറോമോങ്ക് വാസിലിയോസ് വില്ലാർഡ്, മറീറ്റയിൽ RAISING SAINTS, NOT SUCCESSES:

ORTHODOX PARENTING IN AN ACHIEVEMENT CULTURE വിശുദ്ധരെ വളർത്തുക, വിജയികളെയല്ല: നേട്ടങ്ങളുടെ സംസ്കാരത്തിൽ ഓർത്തഡോക്സ് മക്കളെ വളർത്തൽ എന്ന വിഷയത്തിൽ ഫാ. ഡോ. എബി ജോർജ്ജ്, കോൺവാളിൽ MARRIAGE AS ASCETICISM: THE CROWNS WE WEAR DAILY - വിവാഹം ഒരു തപസ്യ: നാം ദിനവും ധരിക്കുന്ന കിരീടങ്ങൾ എന്ന വിഷയത്തിൽ ഫാ. ഷിബു മത്തായി, ഹോപ് വെലിൽ AMBITION AND THE KINGDOM: CAREER, CALLING, AND WHAT SUCCESS REALLY COSTS -"" ആഗ്രഹങ്ങളും ദൈവരാജ്യവും: തൊഴിൽ, ദൈവവിളിയും വിജയത്തിന്റെ യഥാർത്ഥ വിലയും" എന്ന വിഷയത്തിൽ കോർട്ട്നി സാമുവലും ന്യൂ ഹോളണ്ടിൽ മിഡിൽ സ്കൂൾ സെഷനിൽ ലിജിൻ ഹന്ന തോമസ്, ലൈം റോക്കിൽ എലിമെന്ററി സെഷനിൽ ഫാ. സുജിത് തോമസ്, സ്ട്രാസ്ബർഗിൽ പ്രീ കെ സെഷനിൽ അഖില സണ്ണി എന്നിവരും നേതൃത്വം നൽകി.

3 ന് കോഫി ബ്രേക്ക് (ലിങ്കൺ ലോഞ്ച് വീറ്റ് ലാൻഡ് ഫോയർ).



വൈകുന്നേരം 3.15ന് ലിങ്കൺ തിയേറ്ററിൽ വെച്ച് ഔദ്യോഗിക സമാപന ചടങ്ങ് നടന്നു. ഡയമണ്ട് സ്പോൺസർമാരെയും ഫാമിലി കോൺഫറൻസ് കമ്മിറ്റി അംഗങ്ങളെയും ആദരിക്കുന്ന ചടങ്ങും ഇതോടൊപ്പം നടന്നു. റാഫിൾ നറുക്കെടുപ്പും ലിങ്കൺ തിയേറ്ററിൽ വെച്ച് നടന്നു.

വൈകുന്നേരം 5 മണിക്ക് ലാങ്കസ്റ്റർ ബാൾറൂമിൽ അത്താഴം. 6.15ന് ക്വയർ ലിങ്കൺ തിയേറ്ററിൽ. 6.30 ന് മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള സന്ധ്യാ നമസ്കാരവും പ്രാർത്ഥനകളും യഥാക്രമം ലിങ്കൺ തിയേറ്ററിലും വീറ്റ്ലാൻഡിലും നടന്നു.

കോൺഫറൻസിലെ മനോഹരമായ നിമിഷങ്ങളും സെഷനുകളും തത്സമയം ദൃശ്യങ്ങളിലാക്കുന്ന ക്യാമറ ക്രൂ അംഗങ്ങളായ ബിപിൻ മാത്യു, ജോഷിൻ എബ്രഹാം, ആൽവിൻ സോട്ടർ എന്നിവരുടെ സേവനങ്ങളെ പ്രത്യേകം അനുസ്മരിച്ചു..

രാത്രി 7.00 മണിക്ക് ലിങ്കൺ തിയേറ്ററിൽ ഫാ. ഡോ. രാജു വർഗീസിന്റെ നേതൃത്വത്തിൽ മലയാളം ധ്യാനവും, വീറ്റ്ലാൻഡിൽ ഫാ. വിജയ് തോമസിന്റെ നേതൃത്വത്തിൽ ഇംഗ്ലീഷ് ധ്യാനവും നടന്നു. ഇതോടൊപ്പം കുമ്പസാരത്തിനുള്ള (ന്യൂ ഹോളണ്ട്, ലൈം റോക്ക്, സ്ട്രാസ് ബെർഗ്, കിൻഡർ ഹുക്) സൗകര്യവും ഒരുക്കിയിരുന്നു. തുടർന്ന് വീറ്റ് ലാൻഡിൽ Acolytes' Training നടന്നു. രാത്രി 8.45ന് ലിങ്കൺ ലോഞ്ചിൽ ലഘുഭക്ഷണം വിതരണം ചെയ്തു. രാത്രി 10:00 മണിയോടെ മൂന്നാം ദിവസത്തെ പരിപാടികൾക്ക് തിരശ്ശീല വീണു.




ശനിയാഴ്ച രാവിലെ കോൺഫറൻസിൽ പങ്കെടുക്കുന്ന മെത്രാപ്പോലീത്താമാരുടെയും വൈദികരുടെയും കാർമികത്വത്തിലുള്ള കുർബാനയ്ക്കു ശേഷം സ്നേഹവിരുന്നോടുകൂടി കോൺഫറൻസ് സമാപിക്കും. സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദമായ കൃപയുടെ പാത്രങ്ങളായി ആത്മീയതയിൽ വളരാൻ ഈ കോൺഫറൻസ് ദിനങ്ങൾ ഏറെ സഹായകമായി, ധന്യമായി എന്നതിൽ അഭിമാനിക്കാം.

# NEW CAR KEYS

## ARE KEY TO SAVING ON CAR INSURANCE

*Call me today to see How much you can save with Allstate's New Car Discount*



Allstate®

You're in good hands.

CALL

**718 831 6500**

## Joseph V Thomas

(റജി വലിയകാല)

256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com

30 Plus years in Insurance Business



**We Offer 6 Hours Defensive Driving Course in NY/NJ**

# മലയാളിപ്പെരുമയുടെ സാംസ്കാരിക ഗോപുരമായ ഫൊക്കാനയും ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താന്റെ സ്വപ്നങ്ങളും



എ.എസ് ശ്രീകുമാർ

നോർത്ത് അമേരിക്കൻ മലയാളികളുടെ ഹൃദയത്തുടിപ്പായി, അവരുടെ സാംസ്കാരിക തനിമയുടെ കാവലാളായി നിലകൊള്ളുന്ന ഫൊക്കാന അതിന്റെ സുവർണ കാലഘട്ടത്തിലൂടെ ജൈത്രയാത്ര നടത്തുകയാണിപ്പോൾ. 43 വർഷത്തെ ദീപ്തമായ ചരിത്രമുള്ള ഫൊക്കാന ഇന്ന് നൂറിലധികം അംഗസംഘടനകളുടെ ബലം നേടി പത്തുലക്ഷത്തോളം വരുന്ന മലയാളികളുടെ ഏറ്റവും വലിയ അംബ്രല്ല ഓർഗനൈസേഷനായി പടർന്ന് പന്തലിച്ചു നിൽക്കുന്നു. അമേരിക്കയിലെയും കാനഡയിലെയും പുതുതലമുറയിലേക്ക് കേരളത്തിന്റെ പൈതൃക പാരമ്പര്യവും സംസ്കാരവും പകർന്നു നൽകുന്നതിനൊപ്പം, പ്രവാസി മലയാളികളുടെ അവകാശങ്ങൾക്കായി നിരന്തരം ശബ്ദമുയർത്താനും ഫൊക്കാനയ്ക്ക് സാധിച്ചിട്ടുണ്ട്. ഒപ്പം നാട്ടിലെ നിർധനരുടെ ആശാകേന്ദ്രവുമായി ഫൊക്കാന സഹായഹസ്തം നീട്ടുന്നു.

പെൻസിൽവേനിയയിലെ പ്രശസ്തമായ കൽഹാരി റിസോർട്സിൽ അരങ്ങേറുന്ന ഫൊക്കാനയുടെ നാഷണൽ കൺവൻഷന് ഇനി അധിക ദിവസങ്ങളില്ല. പല കാരണങ്ങൾ കൊണ്ടും ഈ കൺവൻഷൻ ചരിത്രത്തിൽ സുവർണ്ണാക്ഷരങ്ങളാൽ






എഴുതപ്പെടാൻ പോകുന്ന ഒന്നാണെന്ന് ഫൊക്കാനയുടെ അഭിമാനമായ ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ അടിവരയിട്ടു പറയുന്നു. അമേരിക്കൻ മലയാളി സമൂഹത്തിൽ ഇത്രയേറെ ആഴത്തിൽ വേരൂന്നിയ മറ്റൊരു പ്രസ്ഥാനമില്ല. വരാനിരിക്കുന്ന കൺവൻഷൻ കേവലമൊരു ആഘോഷമല്ല, മറിച്ച് പ്രവാസി മലയാളികളുടെ ഐക്യത്തിന്റെയും സാംസ്കാരിക തനിമയുടെയും വിളംബരമാണ്. ഒരു സംഘടനയുടെ വിജയവും കെട്ടുറപ്പും അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന കരുത്തുറ്റ നേതൃത്വത്തെ ആശ്രയിച്ചിരിക്കുന്നു. ആ അർത്ഥത്തിൽ, ഫൊക്കാനയുടെ ഇന്നത്തെ മുന്നേറ്റങ്ങളുടെയും ഊർജ്ജസ്വലതയുടെയും നട്ടെല്ല് ശ്രീകുമാർ ഉണ്ണിത്താൻ ആണ്. സംഘടനയുടെ നന്മയ്ക്കും വളർച്ചയ്ക്കുമായി അഹോരാത്രം പ്രയത്നിക്കുന്ന അദ്ദേഹം, മികച്ച ഒരു സംഘാടകൻ എന്നതിലുപരി മലയാളികളുടെ പ്രിയങ്കരനായ നേതാവാണ്.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായും, വിപുലമായ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായും അദ്ദേഹം നടത്തുന്ന നേതൃത്വപരമായ ഇടപെടലുകൾ അഭിനന്ദനാർഹമാണ്. ഓരോ അംഗത്തെയും ഒപ്പം നിർത്തി, സംഘടനയുടെ സംഘടനാപരമായ സുരക്ഷിതത്വവും പുരോഗതിയും ഉറപ്പാക്കാൻ ശ്രീകുമാർ കാട്ടുന്ന അർപ്പണബോധം ഫൊക്കാനയുടെ ചരിത്രത്തിലെ സമാനതകളില്ലാത്ത അധ്യായമാണ്. ഫൊക്കാനയുടെ പാരമ്പര്യവും ശ്രീകുമാർ ഉണ്ണിത്താന്റെ നേതൃപാടവവും ഒത്തുചേരുമ്പോൾ ഈ കൺവൻഷൻ പ്രവാസി സമൂഹത്തിന് എന്നെന്നും ഓർമ്മിക്കാവുന്ന ഒരു ദൃശ്യ-സാംസ്കാരിക വിരുന്നായി മാറും എന്നതിൽ സംശയമില്ല. അമേരിക്കൻ മലയാളി സമൂഹത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ നാഴികക്കല്ലാകാൻ പോകുന്ന കൺവൻഷന്റെ പശ്ചാത്തലത്തിൽ ഇ മലയാളിയുമായി മനസ് പങ്കു വയ്ക്കുകയാണ് ശ്രീകുമാർ ഉണ്ണിത്താൻ.

**? ഫൊക്കാന ഇന്ന് വളർച്ചയുടെ സുവർണ്ണ കാലത്തിലാണല്ലോ. എന്താണ് ഇതിന്റെ രഹസ്യം...**

* എല്ലാവരെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് ഒന്നാമത്തെ കാര്യം. അതായത് ഫൊക്കാനയുടെ ഇലക്ഷനിൽ മത്സരിച്ച് പരാജയപ്പെട്ടവരെയും ചേർത്ത് നിർത്തിക്കൊണ്ടാണ് ഞങ്ങൾ പ്രവർത്തനം ആരംഭിച്ചതു തന്നെ. ഈ ടീം മുന്നോട്ട് വച്ച ആശയങ്ങൾ ജനങ്ങൾക്ക് പ്രയോജനപ്രദമായ കാര്യങ്ങൾക്കു വേണ്ടിയായതിനാൽ സമൂഹ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ പറ്റി. ഫൊക്കാനയുടെ പദ്ധതികൾ എല്ലാം തന്നെ ജനങ്ങൾക്ക് സ്വീകാര്യ





മായപ്പോൾ വളർച്ചയും വേഗത്തിലായി.

**? എന്തൊക്കെ പദ്ധതികളാണ് ഈ രണ്ടു വർഷക്കാലത്തിനുള്ളിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയത്...**

* ഫൊക്കാന പ്രിവിലേജ് കാർഡാണ് ഒന്ന്. കൊച്ചി, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടുകളിലെ ഡ്യൂട്ടി ഫ്രീയിൽ നിന്ന് ഷോപ്പ് ചെയ്യുന്ന ഫൊക്കാന അംഗങ്ങൾക്ക് പത്തു മുതൽ പതിനഞ്ച് ശതമാനം വരെ ഡിസ്ക്കൗണ്ട് കിട്ടുന്ന ഒരു ഫ്രീ കാർഡാണിത്. നല്ല പർച്ചേസിന് 1000-2000 ഡോളർ വരെ ലാഭിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുമായി കൈ കോർത്ത് ഫൊക്കാന നടപ്പാക്കിയ മെഡിക്കൽ കാർഡും ശ്രദ്ധേയമായി.

**? എന്താണ് ഈ കാർഡിന്റെ ഗുണം...**

* അമേരിക്കൻ-കനേഡിയൻ മലയാളികൾക്ക് മാത്രമല്ല, അവരുടെ നാട്ടിലുള്ള ബന്ധുമിത്രാദികൾക്കും മെഡിക്കൽ കാർഡിന്റെ പ്രയോജനം നേരിട്ട് ലഭിക്കുമെന്നതാണ് ഇതിന്റെ പ്രത്യേകത. ചികിത്സയ്ക്കും മറ്റും ഡിസ്ക്കൗണ്ട് ലഭ്യമാക്കുന്ന മെഡിക്കൽ കാർഡിലൂടെ 50,000 മുതൽ 1,00,000 രൂപയുടെ വരെ ഡിസ്ക്കൗണ്ട് പലർക്കും ലഭിച്ചിട്ടുണ്ടെന്നാണ് വിവരം. നാട്ടിൽ നിന്ന് അമേരിക്കയിലെത്തുന്ന നമ്മുടെ മാതാപിതാക്കൾക്ക് ഹെൽത്ത് കവറേജ് കിട്ടുന്ന ഒരു പദ്ധതിയും ഫൊക്കാന അഭിമാനപൂർവ്വം അവതരിപ്പിച്ചു. ഫൊക്കാന ഹെൽത്ത് ക്ലിനിക്ക് ഏറ്റവും പുതുമയുള്ള ഒരു സംരംഭമാണ്. ന്യൂജേഴ്സിയിൽ തുടങ്ങി ഹൂസ്റ്റണിലും ഡാളസിലും ബോസ്റ്റണിലും ഒക്കെയായി ഫൊക്കാന ക്ലിനിക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നു. പ്രാഥമികമായ നമ്മുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് ഈ ക്ലിനിക്കുകളിൽ നിന്ന് സൗജന്യ സേവനം ലഭിക്കും. നാട്ടിൽ 30 ഓളം വീടുകൾ നിർമ്മിച്ച് നൽകാനുള്ള പരിപാടിയും ലക്ഷ്യമിട്ടിട്ടുണ്ട്. അടിയന്തിര ഘട്ടങ്ങളിൽ അവശ്യം വേണ്ടതായ 1800 നമ്പറും നമുക്ക് ഉടൻ കിട്ടും. ഫൊക്കാനയ്ക്ക് ഇന്ന് നൂറിലധികം സംഘടനകളുടെ കരുത്തുണ്ട്. അംഗസംഘടനകളിലെ വൻ ജനപങ്കാളിത്തത്തോടെ എല്ലാ റീജിയനുകളിലും നമ്മൾ വർണാഭമായ കൺവൻഷനുകൾ നടത്തി. അതിൽ കുട്ടികൾക്കുവേണ്ടിയുള്ള മീറ്റിങ്ങും യൂത്ത് ഫെസ്റ്റിവലും എടുത്തു പറയേണ്ടതാണ്. കേരളാ കൺവൻഷനിൽ വിവിധ പ്രോജക്ടുകൾ നടപ്പാക്കി. സാഹിത്യ പ്രതിഭകളെ ആദരിച്ചു. ഇങ്ങനെ സമസ്ത മേഖലകളിലും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ചുകൊണ്ട് ഫൊക്കാന അമേരിക്കൻ മലയാളികളുടെ പ്രിയപ്പെട്ട സംഘടനയായി മാറി.

**? തികച്ചും മാതൃകാപരമായ ഈ പ്രവർത്തനങ്ങളുടെ തുടർച്ച എത്രത്തോളം വിജയകരമാകുമെന്നാണ് കരുതുന്നത്...**

* ഈ ഭരണസമിതി ആവിഷ്കരിച്ച ദീർഘകാല പദ്ധതികൾ തുടരുക തന്നെ ചെയ്യും. പിന്നെ ഓരോ ഭരണ സമിതിയുടെയും പ്രവർത്തനങ്ങൾ വ്യത്യസ്തമാണ്. ഞങ്ങൾ ഡിഫ്രന്റ് ആയിരുന്നു. അതെല്ലാം തുടരും. ചിലപ്പോൾ ഇനി വരാൻ പോകുന്ന ഭരണസമിതി ഇതിനേക്കാൾ മികച്ചതാവാം. അങ്ങനെ ആഗ്രഹിക്കാനേ നമുക്ക് കഴിയുകയുള്ളൂ. രണ്ടു വർഷ കാലാവധിയുള്ള ഒരു സംഘടനയുടെ പ്രവർത്തനം എക്കാലത്തും ഒരുപോലെയാവില്ലല്ലോ. ഓരോരുത്തർക്കും വ്യത്യസ്തമായ കാഴ്ചപ്പാടായിരിക്കും ഉള്ളത്.

**? നാട്ടിൽ നടപ്പാക്കിയ പ്രോജക്ടുകളെക്കുറിച്ച്...**

* സ്വിം കേരള സ്വിം എന്ന നീന്തൽ പരിശീലന പരിപാടിയാണ് ഒന്ന്. പാലാ, കോട്ടയം, വൈക്കം എന്നിവിടങ്ങളിൽ സ്വിം കേരള സ്വിം നടത്തി. മുങ്ങി മരണങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയാണി ഇതിന്റെ ആത്യന്തികമായ ലക്ഷ്യം. സ്വരക്ഷ മാത്രമല്ല, മറ്റുള്ള

വരുടെ ജീവൻകൂടി രക്ഷിക്കുകയെന്ന മഹത്തായ ലക്ഷ്യമാണ് ഈ പ്രോജക്ടിനുള്ളത്. വർധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ഒരു വർഷം മുമ്പ് കേരളാ കൺവൻഷനിൽ വിളമ്പരമായിത്തന്നെ ഒരു പ്രോഗ്രം നടത്തുകയുണ്ടായി.

**? ഫൊക്കാനയുടെ പേര് കേരളീയർക്കും സുപരിചിതമാണ്. കേരള സർക്കാരുമായി ഏതു തരത്തിലുള്ള ബന്ധമാണ് ഫൊക്കാനയ്ക്ക് ഇപ്പോൾ നിലവിലുള്ളത്...**

* നല്ല ബന്ധമാണുള്ളത്. മുൻ മുഖ്യമന്ത്രി പിണറായി വിജയനുമായി നേരിട്ട് ആശയവിനിമയം നടത്തിയിട്ടുണ്ട്. നമ്മുടെ പ്രസിഡന്റ് സജിമോൻ ആന്റണി പുതിയ മുഖ്യമന്ത്രി വി.ഡി സതീശനെയും നേരിൽ കണ്ട് ഫൊക്കാന കൺവൻഷനിലേയ്ക്ക് ക്ഷണിച്ചിട്ടുണ്ട്. ഇരുവരും ഫൊക്കാനയുടെ പ്രവർത്തനങ്ങളെ ശുഭാപ്തി വിശ്വസത്തോടെയാണ് നോക്കിക്കാണുന്നത്. അതേസമയം കേരളത്തിൽ നിന്ന് ദിനം പ്രതി സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരുപാട് ഇ മെയിലുകൾ ലഭിക്കുന്നുണ്ട്. നമ്മളെക്കൊണ്ട് ആവുന്നത് ചെയ്യുന്നുമുണ്ട്.

**? അമേരിക്കൻ മലയാളികളുടെ പ്രശ്നങ്ങളെ എങ്ങിനെയാണ് ഈ ടീം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്...**

* ഇവിടെ നമ്മൾ രാഷ്ട്രീയത്തിലെ നിർണായക സ്വാധീന ശക്തിയായി മാറേണ്ടതുണ്ട്. അമേരിക്കൻ ഭരണ സംവിധാനങ്ങളുമായി അടുപ്പമുണ്ടെങ്കിൽ മാത്രമേ നമുക്ക് സ്വാധീനം ചെലുത്താനൊക്കൂ. നമ്മുടെ ആളുകളെ, പ്രത്യേകിച്ച് യുവജനങ്ങളെ രാഷ്ട്രീയത്തിലെത്തിച്ച് ഇന്ത്യക്കാരുടെ ശബ്ദം അധികാരത്തിന്റെ തലങ്ങളിൽ പരമാവധി കേൾപ്പിക്കാൻ നാം ശ്രമം നടത്തുന്നുണ്ട്. നിരവധി മലയാളികൾ അമേരിക്കൻ രാഷ്ട്രീയത്തിന്റെ ഉന്നത പദവികളിലെത്തി മികവ് കാട്ടുന്ന കാലഘട്ടം കൂടിയാണിത്. പക്ഷേ സർക്കാർ പോളിസിവരുമ്പോൾ ഒരു പരിധിയിൽ കൂടുതൽ ഒന്നും ചെയ്യാൻ പറ്റില്ല.

**? ഈ ടീമിന്റെ കാലഘട്ടത്തിൽ ഫൊക്കാനയിലേയ്ക്ക് യുവാക്കളുടെയും വനിതകളുടെയും പ്രാതിനിധ്യം എത്രത്തോളം വർധിച്ചിട്ടുണ്ട്...**

* 150 പേരുടെ വനിതാ ഫോറം മികച്ച പ്രവർത്തനമാണ് നടത്തുന്നത്. പലയിടത്തും വനിതാ ഫോറത്തിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ നമ്മൾ അവരെ സഹോദരിമാരെ അപ്പോലെയാണ് കാണുന്നതും അവരുടെ പ്രവർത്തനങ്ങളെ സർവാത്മനാ പിന്തുണയ്ക്കുന്നതും. വ്യത്യസ്തമായ ഒരു അഡ്മിനിസ്ട്രേഷൻ പോലെ സ്വതന്ത്രമായാണ് വനിതാ ഫോറം പ്രവർത്തിക്കുന്നത്. ഇത് ഇതര സംഘടനകൾക്ക് ഒരു മാതൃകയാണെന്ന് ഞാൻ കരുതുന്നു. അതിനാൽത്തന്നെ കൂടുതൽ വനിതകൾ സ്വന്തം ഇഷ്ട പ്രകാരം ഫൊക്കാനയിലേയ്ക്ക് എത്തുന്നു. ഇപ്പോൾ ഇലക്ഷനിൽ മൽസരിക്കുന്നവരിൽ കൂടുതലും സ്ത്രീകളാണ്. ഇങ്ങനെയൊരവസരം ഇതിനുമുമ്പ് ഫൊക്കാനയിൽ ഉണ്ടായിട്ടില്ല.

**? ഫൊക്കനയ്ക്ക് സ്ഥിരമായ ഒരു ആസ്ഥാന മന്ദിരം എന്ന സ്വപ്നം എന്നെങ്കിലും യാഥാർത്ഥ്യമാവുമോ...**

* തീർച്ചയായും അത് നടക്കും. നമ്മൾ അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ്. ഫൊക്കാനയുടെ ഫണ്ടുകൾ മറ്റു പല കാര്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്ന സാഹചര്യമായിരുന്നു നിലനിന്നിരുന്നത്. ഇതിനായി ഞങ്ങൾ ഒരു ബൈലോ ഭേദഗതി തന്നെ കൊണ്ടു വരുന്നുണ്ട്. ഏതൊരു അഡ്മിനിസ്ട്രേഷനും അല്ലെങ്കിൽ ട്രസ്റ്റീ ബോർഡും അവർ പണം കൈമാറുമ്പോൾ 10,000 ഡോളർ മാറ്റി വച്ചിട്ട് ബാക്കിയുണ്ടെങ്കിൽ അത് ബിൽഡിങ് ഫണ്ടിലേയ്ക്ക് വകയിരുത്തുകയും അത് ഭാവിയിൽ ഒരു കെട്ടിടം വാങ്ങാൻ വേണ്ടി മാത്രമേ വിനിയോഗിക്കാവൂ എന്ന് നിഷ്കർഷിക്കുകയും ചെയ്യുന്ന ബൈലോ ഭേദഗതിയാണിത്. ഇതിന്റെ നോട്ടിഫിക്കേഷൻ ഇതിനോടകം പോയിട്ടുണ്ട്.

**? നിങ്ങളുടെ കാലഘട്ടത്തിൽ ഫൊക്കാനയിൽ വിമത ശബ്ദം ഉയർന്നിട്ടുണ്ടോ...**

* ഒരിക്കലും ഉണ്ടായിട്ടില്ല. കുഴിത്തുരുമ്പുകൾ പലകാലത്തും ശബ്ദമുയർത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ അംഗബലത്തിന്റെ കാര്യത്തിൽ അവർ വിരലിൽ എണ്ണാവുന്നവർ മാത്രമായതുകൊണ്ട് അവരുടെ ശബ്ദം ആരും കേട്ടില്ലെന്ന് മാത്രം. ഞങ്ങളാണ് യഥാർത്ഥ ഫൊക്കാന എന്ന് പറഞ്ഞ് പണ്ട് കേസുകൊടുത്തവർ പരാജയപ്പെടുകയാണുണ്ടായത്. ഇപ്പോൾ അത്തരം പ്രവർത്തനങ്ങളൊന്നുമില്ല. പിന്നെ, കാലം മാറുന്നതിനനുസരിച്ച് നമ്മൾ ബൈലോയിൽ ഭേദഗതികൾ വരുത്തുകയും ലോഗോയിൽ മാറ്റം വരുത്തുകയും ചെയ്തുകൊണ്ട് അപ്ഡേറ്റായാണ് മുന്നോട്ട് പോകുന്നത്.



**? ഫൊക്കാനയുടെ ഭാവി വളർച്ചയ്ക്ക് അടുത്ത തലമുറയെ ഏത്രമാത്രം സജ്ജരായി നിർത്തുന്നുണ്ട്...**

* ഇപ്പോഴത്തെ ഇലക്ഷൻ കണ്ടാൽ അത് അറിയാം. ഇപ്പോൾ വരുന്നവരെല്ലാം സ്ത്രി പുരുഷ ഭേദമില്ലാതെയുള്ള പിള്ളേര് സെറ്റുകളാണ്. തലമുറ ചെയിഞ്ച് വേണമെന്ന ആഗ്രഹത്തോടെ തന്നെയാണ് ഫൊക്കാനയുടെ നിലവിലെ പ്രവർത്തനങ്ങൾ.

**? കഴിഞ്ഞ രണ്ട് വർഷത്തെ പ്രവർത്തനങ്ങളിൽ ജനറൽ സെക്രട്ടറിയുടെ പങ്കാളിത്തത്തെ എങ്ങനെ സ്വയം വിലയിരുത്തുന്നു...**

* സെക്രട്ടറിയാണ് സംഘടനയെ നയിക്കുന്നത്. എന്നാൽ പ്രസിഡന്റും സെക്രട്ടറിയും തോളോടുതോൾ ചേർന്ന് നിന്നാണ് പ്രവർത്തിക്കുന്നത്. ആരാണ് പ്രസിഡന്റ്, ആരാണ് സെക്രട്ടറി എന്ന് നോക്കിയല്ല, സംഘടനയ്ക്ക് വേണ്ടി നല്ല കാര്യങ്ങൾ ചെയ്യുകയെന്നതാണ് ഞങ്ങളുടെ ഉത്തരവാദിത്വവും കടമയും. ഞങ്ങൾ ഒരേ ശബ്ദത്തോടെ മുന്നോട്ടു പോയതാണ് ഈ അഭിമാന വളർച്ചയുടെയും ബഹുജനപങ്കാളിത്തത്തിന്റെയും വമ്പിച്ച വിജയത്തിന്റെയും അടിസ്ഥാനം. ഞങ്ങൾ തമ്മിൽ ഒരു സ്പർധയോ അഭിപ്രായ വ്യത്യാസങ്ങളോ ഒന്നും തന്നെയില്ല. പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർ ഒരു ടീമായി പ്രവർത്തിച്ചുവെന്നതാണ് എടുത്തു പറയേണ്ട കാര്യം.

**? എന്തൊക്കൊയാണ് ഫൊക്കാന കൺവൻഷന്റെ പരിപാടികളും പ്രത്യേകതകളും...**

* കേരളത്തിന്റെ വാദ്യകലാ വിസ്മയം മട്ടന്നൂർ ശങ്കരൻകുട്ടിയുടെ മേളപ്പെരുക്കത്തോടെയാണ് ആരംഭം. തുടർന്ന് 100 പേരുടെ ഓപ്പണിങ് ഡാൻസ്, പൊതു സമ്മേളനം, മാജിക് ഷോയിൽ നിന്ന് മിറി നിൽക്കുകയായിരുന്ന ഗോപിനാഥ് മുതുകാടിന്റെ ഷോ (ഗോപിനാഥ് മുതുകാട് ഭിന്നശേഷിക്കാർക്കായി ചെയ്യുന്ന പ്രോജക്ടിൽ ഫൊക്കാനയും പങ്കിളിത്തം വഹിക്കുന്നുണ്ട്), രണ്ടാം ദിവസം ജനറൽ ബോഡി, ഇലക്ഷൻ, ചിൽഡ്രൻസ് കോമ്പറ്റീഷൻ, സാഹിത്യ സെമിനാർ, മീഡിയ സെമിനാർ, സാഹിത്യ അവാർഡ് സമ്മേശളനങ്ങൾ, മിസ്റ്റർ ഫൊക്കാന, ശ്രീമാൻ, മലയാളി മങ്ക, അമേരിക്ക ഗോ ടാലന്റ് തുടങ്ങിയ നിരവധി പരിപാടികൾ അരങ്ങേറും. മൂന്നാം ദിവസമാണ് അമേരിക്കയിൽ ഇതുവരെ നടന്നിട്ടില്ലാത്ത രണ്ട് ഗിന്നസ് റിക്കാർഡ് പരിപാടികൾ നടക്കുന്നത്. അറുന്നൂറിലധികം ചെണ്ട വിദ്വാൻമാർ അവതരിപ്പിക്കുന്ന പഞ്ചാരിമേളവും 1100 മോഹിനിയാട്ട കലാകാരികൾ അണിനിരക്കുന്ന നൃത്തവും (മോഹിനിയാട്ടം ലെസൻസ്) വേറിട്ട ലോക റിക്കോഡ് അനുഭവം ആയിരിക്കും. ഇക് കേരളത്തിലല്ല നടക്കുന്നത് എന്നതാണ് പ്രത്യേകത. അമേരിക്കയിൽ .2 ശതമാനമുള്ള മലയാളികളുടെ ഇടയിൽനിന്നാണ് ഈ 1100 പേരെ നമ്മൾ അവതരിപ്പിക്കുന്നതെന്നോർക്കണം. ഗിന്നസ് അധികൃതരുടെ സാന്നിധ്യത്തിലായിരിക്കും ഈ രണ്ട് പരിപാടികളും. മൊത്തം രണ്ടായിരത്തോളം പെർഫോമേഴ്സ് തന്നെ ശനിയാഴ്ച അവിടെയുണ്ടാവും. പിന്നെ പങ്കെടുക്കുന്നവരും. ഗ്രാന്റ് ഫിനാലെയും നവ്യാ നായർ, നാദിർഷ എന്നിവർ നേതൃത്വം നൽകുന്ന ഫിലിം അവാർഡ് നൈറ്റും രണ്ടാം ദിവസത്തിന്റെ പ്രത്യേകതകളാണ്. മൂന്നു ദിവസവും കൾച്ചറൽ പരിപാടികളാൽ സമ്പന്നമായിരിക്കും.

**? നാട്ടിൽ നിന്ന് ആരൊക്കെയെത്തും...**

* ഇന്ത്യയുടെ വൈസ് പ്രസിഡന്റ് വരാമെന്ന് ഏറ്റിട്ടുണ്ട്. കേരള ഗവർണറും ചീഫ് മിനിസ്റ്ററും എത്താമെന്ന് പറഞ്ഞിട്ടുണ്ട്. അടൂർ ഗോപാലകൃഷ്ണൻ, സാഹിത്യ പ്രതിഭകൾ, മാധ്യമ പ്രവർത്തകർ തുടങ്ങിയവരൊക്കെയെത്തും. കൺവൻഷനിൽ ഏതാണ്ട് 4,000–5,000 ആൾക്കാർ എത്തുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

**? എന്താണ് ഫൊക്കാന ജനറൽ സെക്രട്ടറിക്ക് പൊതുവെ പറയാനുള്ളത്...**

* ഞാൻ ഈ രണ്ടു വർഷക്കാലത്തെ പ്രവർത്തനങ്ങൾ ശരിക്കും ആസ്വദിച്ചു. എങ്ങനെയായിരിക്കണം സംഘടനാ പ്രവർത്തനെ എന്നൊരു വിചാരം നമുക്കുണ്ടല്ലോ. അതിനനുസരിച്ച് ഉയരാൻ കഴിഞ്ഞുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന് എന്നോടൊപ്പം തോളോടുതോൾ ചേർന്ന് നിന്ന പ്രസിഡന്റ് സജിമോൻ ആന്റണി, ട്രഷറർ ജോയി ചാക്കപ്പൻ, മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, നാഷണൽ കമ്മിറ്റി അംഗങ്ങൾ തുടങ്ങി എല്ലാവരും ഒരേ മനസോടെ പ്രവർത്തിച്ചതുകൊണ്ട് സംഘടന വേറൊരു ലെവലിലേയ്ക്ക് എത്തി. ഏറ്റവും വലിയ പ്രവാസി സംഘടനയായും ഏറ്റവും വലിയ കൺവൻഷൻ നടത്തുന്ന പ്രവാസി മലയാളി ഫെഡറേഷനായും ഫൊക്കാനയ്ക്ക് മാറാൻ സാധിച്ചു. അത് സാധ്യമായത് മലയാളികളുടെ സഹകരണം ഒന്നുകൊണ്ടു മാത്രമാണ്. നമ്മൾ 6 മാസം മുമ്പേ രജിസ്ട്രേഷൻ ക്ലോസ് ചെയ്തത് അതിന്റെ തെളിവാണ്.

***

അതേ, ഫൊക്കാന പോലുള്ള ബൃഹത്തായ ഒരു സംഘടനയെ സമൂഹത്തോട് ചേർത്തുനിർത്താനും ജനപ്രിയമാക്കാനും ഒരു നേതാവിന് കേവലം ഭരണപരമായ കഴിവുകൾ മാത്രം പോരാ, മറിച്ച് ഹൃദയ ബന്ധങ്ങൾ സ്ഥാപിക്കാനുള്ള മികവാണ് പ്രധാനം. ഒരു നല്ല നേതാവ് ജനങ്ങളുടെ ആവശ്യങ്ങളും പ്രയാസങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുന്നയാളായിരിക്കണം. തുറന്ന ആശയവിനിമയമാണ് ഏതൊരു ജനകീയ സംഘടനയുടെയും വിജയം. എല്ലാവരുടെയും അഭിപ്രായങ്ങളെ മാനിക്കുകയും, സംഘടനയുടെ തീരുമാനങ്ങൾ സുതാര്യമായി പങ്കുവെക്കുകയും ചെയ്യുമ്പോൾ ജനങ്ങൾക്ക് സംഘടനയിലുള്ള വിശ്വാസ്യത വർദ്ധിക്കുന്നു. ആ വിശ്വാസ്യതയാർജിച്ച സംഘാടകന മികവുമായാണ് ശ്രീകുമാർ ഉണ്ണിത്താൻ ഫൊക്കാനാ കൺവൻഷനിലെ ജനപ്രിയ താരമാകുന്നത്.


Shirley A. Abraham
Award Winning
Real Estate Broker
1-516-712-9262
shirley@nycrb.us
www.nycrb.us
NYCRB
Commercial • Investment • Advisory
Long Island | NYC | New York State
We are recognized for disciplined underwriting, deep zoning and redevelopment expertise, and decisive execution.

# എക്സ്റ്റൺ മലയാളി അസോസിയേഷൻ അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ 250ാം വാർഷികം സമുചിതമായി ആഘോഷിച്ചു



**ജോസ് മാളേയ്ക്കൽ**

എക്സ്റ്റൺ: പെൻസിൽവേനിയ ചെസ്റ്റർ കൗണ്ടിയിലെ എക്സ്റ്റൺ കേന്ദ്രമായി പ്രവർത്തിക്കുന്ന മലയാളികളുടെ കലാസാംസ്കാരിക സാമൂഹികസംഘടനയായ എക്സ്റ്റൺ മലയാളി അസോസിയേഷൻ (EMA) സംഘടനയുടെ മഹത്തായ പൈതൃക പാരമ്പര്യങ്ങളും, അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ ഇരുനൂറ്റിയമ്പതാം വാർഷികവും ദേശഭക്തി തുടിച്ചുനിന്ന അന്തരീക്ഷത്തിൽ ബഹുജനപങ്കാളിത്തത്തോടെ സമുചിതമായി ആഘോഷിച്ചു.

പെൻസിൽവേനിയയിലെ ഫിലാഡൽഫിയ കൌണ്ടിയോടു ചേർന്നുകിടക്കുന്ന ചെസ്റ്റർ, ബക്സ്, മോണ്ട്ഗോമറി, ഡെലവെയർ എന്നീ കൌണ്ടികളിലായി വ്യാപിച്ചുകിടക്കുന്ന മലയാളികളുടെ സ്നേഹകൂട്ടായ്മയും, സൗഹൃദ പ്രവർത്തനവേദിയുമാണ് അഞ്ചുവർഷത്തെ പ്രവർത്തനപാരമ്പര്യമുള്ള എക്സ്റ്റൺ മലയാളി അസോസിയേഷൻ.

ജൂലൈ 3 വെള്ളിയാഴ്ച്ച് എക്സ്റ്റണിലെ ആൽബർട്ട് മില്ലർ പാർക്കിൽ സംഘടിപ്പിക്കപ്പെട്ട ആഘോഷപരിപാടികളിൽ വെസ്റ്റ് വൈറ്റ്ലാൻഡ് ടൗൺഷിപ് ചെയർമാൻ ബ്രയാൻ ഡൺ, വൈസ് ചെയർമാൻ രാജേഷ് കുംബാർദരെ, സൂപ്രവൈസർ ലിബി മഡറസ് എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്ത് ഡടഅ@250 യുടെ മഹത്തായ

സന്ദേശം പങ്കുവച്ചു. എക്സ്റ്റൺ മലയാളി അസോസിയേഷൻ സെക്രട്ടറി ഡേവിഡ് ഫിലിപ് എല്ലാവരെയും ആഘോഷ പരിപാടിയിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് കൌണ്ടി ഉദ്യോഗസ്ഥരും, എമാ ഭാരവാഹികളും ചേർന്ന് അമേരിക്കൻ പതാക ഉയർത്തി. കുട്ടികൾ അമേരിക്കൻ ദേശീയഗാനം ആലപിച്ചു.

ജയറാം രവീന്ദ്രൻ നടത്തിയ മുഖ്യപ്രഭാഷണത്തിൽ അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ മഹനീയതയും, അമേരിക്കൻ ഭരണഘടന പൌരന്മാർക്ക് ഉറപ്പുനൽകുന്ന പൂർണസ്വാതന്ത്ര്യവും, നീതിബോധവും, സുരക്ഷയും, തുല്യഅവസരങ്ങളും അനുഭവിക്കുന്നതോടൊപ്പം ഭരണഘടന വിഭാവനം ചെയ്യുന്ന കടമകളും എല്ലാ പൌരന്മാരും ഉറപ്പുവരുത്തുകയും, അവസരങ്ങളുടെ നാടായ അമേരിക്കയിൽ ജീവിക്കുന്ന ഓരോ പ്രവാസിയും അതിനനുസൃണമായി പ്രവർത്തിക്കുകയും വേണമെന്ന് ഓർമ്മിപ്പിച്ചു.

അമേരിക്കൻ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ ഇതിഹാസപുരുഷന്മാരുടെ വേഷം അണിഞ്ഞു കുട്ടികൾ നടത്തിയ ദേശസ്നേഹം പ്രകടമാക്കിയ കോസ്റ്റ്യൂം പരേഡ് എല്ലാവരെയും ആകർഷിച്ചു. ഡടഅ@250 ആഘോഷത്തിനുവേണ്ടി കസ്റ്റം ഡിസൈൻ ചെയ്തുണ്ടാക്കിയ കേക്ക് എല്ലാവരും പങ്കിട്ടു.

ആഘോഷപരിപാടികളിൽ കൌണ്ടി ഉദ്യോഗസ്ഥരും, എക്സ്റ്റൺ മലയാളി കമ്മ്യൂണിറ്റി ലീഡേഴ്സും, പൊതുജനങ്ങളും ഒത്തുചേർന്നു









എന്നത് ഒരുമയുടെയും, പരസ്പരസഹകരണത്തിന്റെയും സന്ദേശമായിരുന്നു. ചെസ്റ്റർ കൌണ്ടിയിൽ സ്ഥിരതാമസമാക്കിയിട്ടുള്ള എല്ലാ എത്നിക് ഗ്രൂപ്പുകളെയും അവരുടെ പൈതൃക, കലാസാംസ്കാരിക ആഘോഷങ്ങൾക്ക് കലവറയില്ലാത്ത പിന്തുണയും സപ്പോർട്ടും കൌണ്ടി ഉദാരമായി നൽകുന്നു എന്നുള്ളതിന്റെ ഒരു നല്ല സൂചനകൂടിയായിരുന്നു ഈ സംയുക്ത സ്വാതന്ത്ര്യ വാർഷിക ആഘോഷപരിപാടികൾ.

വെസ്റ്റ് വൈറ്റ്ലാൻഡ് ടൗൺഷിപ് സൂപ്രവൈസർ ലിബി മഡറസ് ഈ സംയുക്ത ആഘോഷപരിപാടികളിൽ പങ്കെടുത്ത ശേഷം തന്റെ ഔദ്യോഗിക ഫെയിസ് ബുക്ക് പേജിൽ പങ്കുവച്ച നല്ല അനുഭവങ്ങളും പ്രശംസയും ശ്രദ്ധേയമാണ്.




വർഷങ്ങൾക്കുമുൻപ് ഇൻഡ്യയിൽനിന്നെത്തി അമേരിക്കയിൽ കുടുംബമായി ജീവിക്കുന്ന പ്രവാസികളായ നമ്മൾ അമേരിക്കൻ സമൂഹവുമായി നല്ലബന്ധത്തിൽ നിലനില്ക്കേണ്ടത് അത്യാവശ്യമാണ്. കൌണ്ടിയുടെ നിർമ്മാണ പ്രവർത്തനങ്ങളിലും, ധനസമാഹരണത്തിലും, തെരഞ്ഞെടുപ്പു പ്രക്രീയകളിലും, പാർക്ക് / പൊതുസ്ഥലങ്ങൾ എന്നിവയുടെ ശുചീകരണപ്രവർത്തനങ്ങളിലും, നമ്മുടെ സഹകരണവും, സപ്പോർട്ടും അത്യാവശ്യമാണ്. നമ്മുടെ പൈതൃകവും, പാരമ്പര്യ ഉൽസവങ്ങളും ആഘോഷിക്കുന്നതോടൊപ്പം അമേരിക്കൻ വിശേഷദിവസങ്ങളും നമ്മുടെ ചുറ്റുപാടുമുള്ള കമ്മ്യൂണിറ്റിക്കൊപ്പം ആഘോഷിക്കണം. എക്സ്റ്റൺ മലയാളി അസോസിയേഷൻ ഈ കാര്യത്തിൽ ഇതര മലയാളി കലാ സാംസ്കാരിക സംഘടനകൾക്ക് മാതൃകയാണ്.





ഇൻഡ്യൻ അമേരിക്കൻ പരസ്പര സഹകരണത്തോടെ വ്യക്തികളെയും, അതോടൊപ്പം നിവസിക്കുന്ന കമ്മ്യൂണിറ്റിയെയും ശക്തിപ്പെടുത്തുക, രാജ്യ പാരമ്പര്യ ഉൽസവങ്ങളും, വിശേഷദിവസങ്ങളും കുട്ടികളും പൊതുസമൂഹവുമായി ആഘോഷിക്കുക, കലാവാസനകൾ പരിപോഷിപ്പിക്കുക എന്നിവ ലക്ഷ്യമിട്ടാണ് എക്സ്റ്റൺ മലയാളി അസോസിയേഷൻ മുന്നോട്ടു കുതിക്കുന്നത്.

ബിനീഷ് ജോർജ് (പ്രസിഡന്റ്), സൂര്യ അനീഷ് (വൈസ്




പ്രസിഡന്റ്), ഡേവിഡ് ഫിലിപ് (സെക്രട്ടറി), പ്രശാന്ത് നായർ (ജോ. സെക്രട്ടറി), രമേഷ് പൂല ക്കിൽ (ട്രഷറർ), ജയകൃഷ്ണൻ കൃഷ്ണകുമാർ (ജോ. ട്രഷറർ), ജിബിൻ സ്കറിയ (ഈവന്റ് കോർഡിനേറ്റർ), കമ്മിറ്റി മെം ബേഴ്സ് ആയ ബിജോയ്മോൻ സോമൻ, ലക്ഷ്മി നായർ, നിഷ ധർമരാജൻ, യുവശ്രീ അപ്പാ സാമി, സുബിൻ സുഗുണൻ, അനൂപ് മധുസുദനൻ എന്നി വർ ആഘോഷപരിപാടികൾ ക്ക് നേതൃത്വം നൽകി. ലോങ്ങ് ഹോളിഡേ വീക്കെൻഡ് ആയി ട്ടുകൂടി നൂറിലധികം ആൾക്കാർ ഈ ചടങ്ങിൽ പങ്കെടുത്തു എന്നത് സംഘാടനമികവിന്റെ തെളിവാണ്. ബിനീഷ് ജോർജ് നന്ദി പ്രകാശിപ്പിച്ചു.

ഈവന്റ് കോർഡിനേറ്റർ ജിബിൻ സ്കറിയാ അറിയിച്ച താണീ വിവരങ്ങൾ.

എക്സ്റ്റൺ മലയാളി അ സോസിയേഷൻ നടപ്പിലാ ക്കി വരുന്ന വൈവിധ്യമാർന്ന പ്രോഗ്രാമുകളെക്കുറിച്ച് കൂടു തൽ അറിയാൻ അവരുടെ വെ ബ്സൈറ്റ് സന്ദർശിക്കുക.

https://www.extonmalayali.org/

ഫോട്ടോ / വീഡിയോ ക്രെഡി റ്റ്: അർജുൻ സുതൻ / അനൂപ് മോഹനദാസൻ









# Blue Ocean Wealth Solutions

A member of the MassMutual Financial Group

Celebrating 30 Yrs. Service & Commitment



## Philipose Samuel

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning

- Key Employee Insurance
- Business Overhead Insurance
- Disability Buyouts
- Buy-Sell Arrangements

### Retirement Planning

- 401K Plans
- 403b Plans
- Simplified Employee Pensions (SEPs)
- Simple IRAs

### Employee Benefits Products

- Short-term and Long-term Disability Insurance
- Health Insurance*

### Group Health insurance

- Group Whole Life (Without Medicals)
- Group Disability & Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication

- Managed Investment Accounts
- Mutual Funds
- Exchange Traded Funds
- Fixed, Variable and Index Annuities
- Traditional and Roth IRAs
- Education Funding Strategies
- Retirement Planning

### Family Protection

- Long-Term Care Insurance
- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Medicare Supplement & Advantage Plans*
- Medicare Part D*
- Home Owner's Insurance*
- Auto Insurance*
- Estate Conservation
- Charitable Planning Strategies

MassMutual Leaders Conference: 2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998


**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**



~~Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US~~ insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# മലയാളം സൊസൈറ്റി ഓഫ് അമേരിക്കയുടെ സൂം മീറ്റിങ്ങിൽ 'പഴയ മലയാള നാടക ഗാനങ്ങൾ – ഓർമ്മയുടെ ഓളങ്ങളിൽ ' എ. സി . ജോർജ് അവതരിപ്പിച്ചു

മലയാളം സൊസൈറ്റി ഓഫ് അമേരിക്ക , ഹ്യൂസ്റ്റൺ, 2026 ജൂലൈ മാസ സൂം മീറ്റിംഗ് ജൂലൈ 12-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നടത്തി. വൈസ് പ്രസിഡണ്ട് ശ്രീമതി പൊന്നുപിള്ള യോഗത്തിൽ പങ്കെടുത്തവരെ സ്വാഗതം ചെയ്തു. മലയാളം സൊസൈറ്റിയുടെ മുൻ പ്രസിഡണ്ട് ജോർജ് മണ്ണിക്കരോട്ടിന് ആദരാഞ്ജലി അർപ്പിക്കുകയും, സംഘടനയോടുള്ള അദ്ദേഹത്തിന്റെ സമർപ്പണത്തിന്റെ പാരമ്പര്യം അംഗങ്ങൾ തുടർന്നുകൊണ്ടുപോകണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. വരാനിരിക്കുന്ന അവതരണങ്ങൾക്ക് സ്വമേധയാ മുന്നോട്ടുവരാൻ അവർ അംഗങ്ങളെ ക്ഷണിച്ചു , വിഷയങ്ങൾ 'ആദ്യം വരുന്നവർക്ക് ആദ്യം' എന്ന രീതിയിൽ ആയിരിക്കുമെന്നും അവർ അറിയിച്ചു. ശ്രീ ടി. എൻ. സാമുവൽ, മണ്ണിക്കരോട്ടിന്റെ നിര്യാണസമയത്ത് സ്ഥലത്ത് ഇല്ലായിരുന്നതിനാൽ അദ്ദേഹം, തങ്ങളുടെയിടയിലെ നാല്പത് വർഷത്തെ ബന്ധത്തെക്കുറിച്ച് ചുരുക്കത്തിൽ സംസാരിക്കുകയും, ഒരു ഗുരു എന്ന നിലയിൽ മണ്ണിക്കരോട്ട് തന്നിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പ്രത്യേകം എടുത്തു പറയുകയും ചെയ്തു. ജോസഫ് പൊന്നോലിയും



മണ്ണിക്കരോട്ടിനെക്കുറിച്ച് സംസാരിച്ചു. മലയാള സൊസൈറ്റിയുടെ സാഹിത്യ പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ പ്രോത്സാഹനം നൽകിയതും മണ്ണിക്കരോട്ടുതന്നെയാണെന്ന് അദ്ദേഹം പറഞ്ഞു. താൻ ഒരിക്കൽ മണ്ണിക്കരോട്ടുമായി നടത്തിയ അഭിമുഖത്തിലെ ചില അനുഭവങ്ങളും അദ്ദേഹം പങ്കുവച്ചു.

സെക്രട്ടറി ജോർജ് പുത്തൻകുരിശ് , സുരേന്ദ്രൻ നായർ അടുത്തിടെ പ്രസിദ്ധീകരിച്ച 'നിരീക്ഷകന്റെ റിപ്പബ്ലിക്' ''എന്ന പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിലും പ്രകാശനത്തിലും മലയാളം സൊസൈറ്റിയുടെ അഭിനന്ദനം അറിയിച്ചു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള എഴുത്തുകാരന്റെ നിരീക്ഷണങ്ങളെ ഒരുമിപ്പിക്കുന്ന കൃതിയാണിത് എന്നും അദ്ദേഹം പറയുകയുണ്ടായി . അതുപോലെ, മിസ് ഉഷ രാജേന്ദ്രൻ (ലാന ഡാലസ് ) അവരുടെ ആദ്യത്തെ കവിതാസമാഹാരം പ്രസിദ്ധീക്ൾരിച്ചതിലുള്ള അഭിനന്ദനം അറിയിച്ചു. അവർ അതിൽ നിന്നും 'വേര്' എന്ന കവിത ആലപിക്കുകയും ചെയ്തു.

പ്രമുഖ എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ എ. സി. ജോർജ്, ''പഴയകാല മലയാള നാടക ഗാനങ്ങൾ ഓർമ്മയുടെ ഓളങ്ങളിൽ'' എന്ന വിഷയത്തിൽ ആകർഷകമായ അവതരണം നടത്തി. അദ്ദേഹം പ്രേക്ഷകരെ പതിറ്റാണ്ടുകൾക്ക് പിന്നിലേക്ക് കൊണ്ടുപോയി, മലയാള നാടകഗാനങ്ങളുടെ മധുരമുള്ള ഓർമ്മകൾ വീണ്ടും ഉണർത്തി. അദ്ദേഹം എടുത്തുകാട്ടിയ ചില ക്ലാസിക്കുകൾ: ''ഇല്ലി മുളം കാടുകളിൽ ലല്ലലല്ലം പാടി വരും തെന്നലെ , തേന്നാലേ'' ഒ. എൻ. വി. കുറുപ്പ് എഴുതിയതും ജി. ദേവരാജൻ സംഗീതം നൽകിയതും. ''ബലി കുടീരങ്ങളെ, ബലി കുടീരങ്ങളെ'' വയലാർ രാമവർമ്മ എഴുതിയതും ജി. ദേവരാജൻ സംഗീതം നൽകിയതും; കെ. എസ്. ജോർജ്, സി. ഒ. ആന്റോ, കെ. പി. എ. സി. സുലോചന എന്നിവർ ഉൾപ്പെടെ നിരവധി ഗായകർ ആലപിച്ചതും. വയലാർ ദേവരാജൻ കൂട്ടുകെട്ടിൽ പിറന്നതും കതിരു കാണാക്കിളിയിൽ എ. പി . കോമള പാടിയതുമായ 'ചക്കര പന്തലിൽ തേന്മഴ ചൊരിയും ചക്രവർത്തി കുമാര' എന്ന ഗാനവും കൂടാതെ മറ്റു പല ഗാനങ്ങളിലൂടെയും അദ്ദേഹം ശ്രോതാക്കളെ 'മധുരിക്കുന്ന ഓർമ്മകളുടെ' ഓളങ്ങളിൽ ഊയലാട്ടി. ഈ നിത്യഗാനങ്ങളിലൂടെ മലയാള നാടകസംഗീതത്തിന്റെ സുവർണ്ണ യുഗം എ. സി. ജോർജ് മനോഹരമായി പുനരുജ്ജീവിപ്പിച്ചു; സദസ്സ് മുഴുവൻ ഗൃഹാതുരതയുടേയും സാംസ്കാരിക അഭിമാനത്തിന്റെയും നിറവിൽ മുങ്ങി.

അദ്ദേഹത്തിൻറെ അവതരണം പ്രേക്ഷകരിൽ ഹൃദയസ്പർശിയായ പ്രതികരണങ്ങൾ ഉണർത്തി. പലരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു; ചിലർ തങ്ങളുടെ പ്രിയപ്പെട്ട ഗാനങ്ങൾ പാടുകയും, സംഗീതം ഉണർത്തിയ ആഴത്തിലുള്ള നൊസ്റ്റാൾജിയയെ കുറിച്ച് ചിലർ സംസാരിക്കുകയും ചെയ്തു. ചർച്ചയിൽ സജീവമായി പങ്കെടുത്തവർ: ജെയിംസ് ചിറതടത്തിൽ , നാരായണൻ നായരും സഹധർമ്മിണിയും , ശശിധരൻ പിള്ള, ജോൺ ഇളമത (കാനഡ), ജോസഫ് പൊന്നോലി , ടി. എൻ. സാമുവൽ, ജോസഫ് തച്ചാറ , സുരേന്ദ്രൻ നായർ, ഉഷയും രാജേന്ദ്രനും (ഡാലസ്), പ്രൊ. വി. വി. ഫിലിപ്പ് (കാലിഫോർണിയ ശ്രീമതി പൊന്നുപിള്ള (വൈസ് പ്രസിഡണ്ട്), ജി. പുത്തൻകുരിശ് (സെക്രട്ടറി). യോഗം വൈകുന്നേരം 6 മണിയോടെ, എ. സി. ജോർജിന്റെ മറുപടി പ്രസംഗത്തോടും ജി. പുത്തൻകുരിശിൻറെ നന്ദിപ്രസംഗത്തോടും കൂടി അവസാനിച്ചു. (ജി. പുത്തൻകുരിശ്)

Video linl of the meeting.

https://youtu.be/YS-RdAvMQLU?si=_qTvGd5i-Go5U45v8

# സിയാറ്റിലിൽ ചരിത്രമെഴുതി ആദ്യ പഞ്ചാരി മേളം

പ്രവാസി മലയാളികളുടെ അഭിമാനമായി 'ജമിരവമൃശദ ഞവ്യവോ ീള ഗല്യമഹമ' സിയാറ്റിൽ: കേരളത്തിലെ ഉത്സവങ്ങളുടെ അവിഭാജ്യഘടകവും നൂറ്റാണ്ടുകളുടെ പാരമ്പര്യം പേറുന്ന താളവാദ്യകലാരൂപവുമായ പഞ്ചാരി മേളം ആദ്യമായി സിയാറ്റിലിൽ അരങ്ങേറി. 'ജമിരവമൃശദ ഞവ്യവോ ീള ഗല്യമഹമ' എന്ന പേരിൽ രൂപംകൊണ്ട സംഘത്തിന്റെ നേതൃത്വത്തിൽ നടന്ന ഈ ചരിത്രപരമായ അവതരണം പ്രവാസി മലയാളി സമൂഹത്തിന് അഭിമാന നിമിഷമായി. ഏകദേശം രണ്ടര വർഷക്കാലമായി അർപ്പണബോധത്തോടെയും കഠിന പരിശീലനത്തോടെയും അഭ്യസിച്ച 17 കലാസ്നേഹികളുടെ സംഘമാണ് ഈ നേട്ടത്തിന് പിന്നിൽ. സംഘത്തിലെ 16 പേർ സിയാറ്റിലിൽ നിന്നുള്ളവരും ഒരാൾ കാലിഫോർണിയയിൽ നിന്നുള്ളതുമാണ്. മേള കലാരത്നം ശ്രീ കലാമണ്ഡലം ശിവദാസ് ആശാനും കലാക്ഷേത്ര രാജേഷ് നായരും ഓൺലൈനായും നേരിട്ടും നൽകിയ പരിശീലനത്തിന്റെ ഫലമായാണ്



ഈ ചരിത്രനേട്ടം യാഥാർത്ഥ്യമായത്. വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന ഈ കലാസ്നേഹികൾ, തിരക്കേറിയ ജീവിതത്തിനിടയിലും ഒരേ ലക്ഷ്യത്തോടെ ഒന്നിച്ചുചേർന്ന് കഠിനാധ്വാനത്തിലൂടെ ഈ സ്വപ്നം സാക്ഷാത്കരിക്കുകയായിരുന്നു. 2026 ജൂലൈ 11-ന് വാഷിംഗ്ടണിലെ മൗണ്ട് സായി ഹൈസ്കൂൾ പെർഫോമിംഗ് ആർട്സ് സെന്ററിൽ, വർണ്ണപ്പകിട്ടാർന്ന വേദിയിലായിരുന്നു ഈ ചരിത്രപരമായ പഞ്ചാരി മേള അരങ്ങേറ്റം. പഞ്ചാരി മേളത്തിന്റെ പൂർണത ഉറപ്പാക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ നിന്നെത്തിയ കൊമ്പ്, കുഴൽ, ഇലത്താളം, വലന്തല കലാകാരന്മാരും അവതരണത്തിൽ പങ്കുചേർന്നു. അവരുടെ പിന്തുണയോടെ പാരമ്പര്യത്തിന്റെ എല്ലാ ചിട്ടവട്ടങ്ങളും ഉൾക്കൊള്ളുന്ന സമ്പൂർണ മേളാവതരണമാണ് കാണികൾക്ക് അനുഭവിക്കാനായത്.



‘ജമിരവമൃശ ഞവ്യവോ ീള ഗല്യൃമഹമ‘ എന്ന പേരിൽ രൂപംകൊണ്ട ഈ സംഘം, സിയാറ്റിലിലെ മലയാളി സമൂഹത്തിന് കേരളത്തിലെ ഉത്സവങ്ങളുടെയും പെരുന്നാളുകളുടെയും മേളപ്പെരുക്കും ആഘോഷാന്തരീക്ഷവും വീണ്ടും അനുഭവിക്കാനുള്ള അവസരമാണ് ഒരുക്കിയത്. ഈ ചരിത്രപരമായ അരങ്ങേറ്റത്തിന് പിന്നിൽ പ്രവർത്തിച്ച കലാകാരന്മാർ മുരളി രാഘവൻ, വിഷ്ണു കൃഷ്ണൻ, ജോജോ ചാലിശ്ശേരി, ആഷിത റഹ്മാൻ, ലത സന്തോഷ്, രോഹിത് രാമചന്ദ്രൻ, സുരേഷ് എസ്. നായർ, ഹരിഹർ ശങ്കർ, സുരേഷ് ചെല്ലപ്പൻ, പ്രവീൺ ദേവബാലൻ, വിനീത് എ. നായർ, ആനന്ദ് മേനോൻ, മഞ്ജുള കലൂർ, വിശാം ചങ്ങരത്ത്, മിലി ജോർജ് ഓജസ്, പ്രകാശ് മേനോൻ, അജിത് കോതാരമത്ത് എന്നിവരാണ്.

സിയാറ്റിലിലെ ആദ്യ പഞ്ചാരി മേള അരങ്ങേറ്റം പസഫിക് നോർത്ത് വെസ്റ്റിലെ മേളക്കലയുടെ പുതിയ അധ്യായത്തിന് തുടക്കമിട്ടതായി കലാസ്വാദകർ വിലയിരുത്തുന്നു



# ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് ബിജു തോണിക്കടവിലിനെ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ എൻഡോഴ്സ് ചെയ്തു

ഫ്ളോറിഡ: ഫോമായുടെ 2026–'28 ഭരണ സമിതിയിലേയ്ക്ക് പ്രസിഡന്റ് സ്ഥാനാർത്ഥിയായി മൽസരിക്കുന്ന ബിജു തോണിക്കടവിലിനെ ഫ്ളോറിഡയിലെ ജനപ്രിയ സംഘടനയായ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡ എൻഡോഴ്സ് ചെയ്തു. സൺഷൈൻ മുൻ ആർ.വി.പിയും കേരള അസ്സോസിയേഷൻ ഓഫ് പാം ബീച്ചിന്റെ മുൻ പ്രസിഡന്റുമായിരുന്ന ബിജു തോണിക്കടവിൽ ഫോമായുടെ വിവിധ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ വ്യക്തിയാണെന്നും അദ്ദേഹം ഫോമായുടെ പ്രസിഡന്റായി വരുന്നത് നമ്മുടെ അസോസിയേഷനും സൗത്ത് ഫ്ളോറിഡയിലെ മലയാളികൾക്കും തികച്ചും അഭിമാനകരമാണെന്നും ബിജുവിനെ നവകേരള മലയാളി അസോസിയേഷൻ







ഓഫ് സൗത്ത് ഫ്ളോറിഡ ഏകകണ്ഠമായി എൻഡോഴ്സ് ചെയ്യുന്നുവെന്നും പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു. യോഗത്തിൽ ഷാന്റി വർഗ്ഗീസിനെ സൺഷൈൻ റീജിയൺ വൈസ് പ്രസിഡന്റായും എൻഡോഴ്സ് ചെയ്യ്തിട്ടുണ്ട്.

ഫോമായ്ക്ക് ശക്തമായ അടിത്തറയുണ്ടാക്കിക്കൊടുത്ത ഫോമാ വില്ലേജ് പ്രോജക്ട് പോലുള്ള പ്രവർത്തനങ്ങൾക്ക് നേതൃപരമായ പങ്ക് വഹിച്ചതിലൂടെ സംഘടനയിൽ അദ്ദേഹത്തിന് നേടിക്കൊടുത്ത സ്ഥാനങ്ങൾ ചെറുതല്ലെന്ന് യോഗം വിലയിരുത്തി. ഫിലപ്പ് ചാമത്തിൽ പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമായ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർ.വി.പി എന്ന നിലയിൽ ഫോമാ വില്ലേജിന് ബിജു തോണിക്കടവിൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. തുടർന്ന് അനിയൻ ജോർജ് പ്രസിഡന്റായ സമയത്ത് ജോയിന്റ് ട്രഷററായി നടത്തിയ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

കോവിഡ് കാലത്ത് ഫോമാ നടത്തിയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിയായ ബിജു ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് വ്യാപന സാഹചര്യത്തിൽ കേരളത്തിലെ വിവിധ ആശുപത്രികളിൽ വെന്റിലേറ്ററുകൾ നൽകുന്നതിൽ മികച്ച സേവനമാണ് ഫോമാ അന്ന് നൽകിയത്. പിന്നീട് ഡോ. ജേക്കബ് തോമസ് പ്രസിഡന്റായ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഫോമയുടെ ട്രഷററായി ബിജു നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് മാതൃകയായി. കേരളാ കൺവൻഷൻ, കാൻകൂൺ കൺവൻഷൻ, കൂടാതെ ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ പുന്റക്കാനയിൽ വച്ചുനടന്ന ഇന്റർനാഷണൽ ഫാമിലി കൺവൻഷൻ എന്നിവ ഏറ്റവും ഭംഗിയായി സംഘടിപ്പിക്കുവാൻ കഴിഞ്ഞു. 2024-ൽ അധികാരം കൈമാറുമ്പോൾ 88, 856 ഡോളർ മിച്ചം വെച്ച് ഫോമയെ പുതിയ ടീമിനെ ഏൽപ്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കടവിലിന് സ്വന്തമാണെന്ന് കുര്യൻ വർഗീസ് വ്യക്തമാക്കി.

നഷ്ടങ്ങളുടെ കണക്കിൽ നിന്ന് നീക്കിയിരിപ്പിന്റെ മികവിലേക്ക് ഫോമയെ ഉയർത്തിയ ട്രഷറർ എന്ന നിലയിൽ നിന്ന് ഇനിയും ഫോമയ്ക്ക് നീക്കിയിരിപ്പിന്റെ ചരിത്രം സൃഷ്ടിക്കുവാനും, ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെ ഫോമയ്ക്ക് ആഗോള തലത്തിൽ പ്രാവിണ്യം നേടാനുമുള്ള പദ്ധതികൾക്കാണ് ബിജു തോണിക്കടവിൽ ലക്ഷ്യമിടുന്നത്. സുവ്യക്തമായ കാഴ്ചപ്പാടും വലിയ



വ്യക്തിബന്ധങ്ങളുമുള്ള ബിജു തോണിക്കടവിൽ ഫോമയ്ക്ക് എന്നും പ്രതിച്ഛായ സമ്മാനിക്കുന്ന നേതാവും സർവ്വ സമ്മതനുമാണെന്ന് നവകേരള അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ നേതാക്കൾ അഭിപ്രായപ്പെട്ടു.

അതേസമയം, ഷാന്റി വർഗ്ഗീസ് നവകേരളാ അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ മുൻ പ്രസിഡന്റും, ഇപ്പോഴത്തെ ബോർഡ് ഓഫ് ട്രസ്റ്റീസ് അംഗവുമാണ്. കൂടാതെ മൂന്ന് പതിറ്റാണ്ടായി സംഘടനാ പ്രവർത്തനങ്ങളിലൂടെ വ്യതിമുദ്ര പതിപ്പിച്ച സംഘാടകനുമാണ്. ഫോമായിൽ വിവിധ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ബിജു തോണിക്കടവിലിനെയും അദ്ദേഹം നേതൃത്വ നൽകുന്ന ടീം വോയ്സ് ഓഫ് ഫോമാ അംഗങ്ങളെയും, ഒപ്പം ഷാന്റിയെയും എൻഡോർസ് ചെയ്യുന്നതായി സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ രാജൻ ജോർജ്, ബിജോയ് ജോസഫ്, ഗോപൻ നായർ, എമേഴ്സൺ ചാലിശ്ശേരി,കുര്യാക്കോസ് പൊടിമറ്റം, എക്സ് ഒഫീഷ്യോ ഏലിയാസ് പനങ്ങയിൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ബിജോയ് സേവ്യർ, സജോ പെല്ലിശേരി എന്നിവർ ഐകകണ്ഠ്യേന അംഗീകരിച്ചതാണെന്നും പ്രസിഡന്റ് കുര്യൻ വർഗീസ് അറിയിച്ചു.


അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ ഫെഡറേഷനായ ഫോമായുടെ ചരിത്രത്തിൽ രേഖപ്പെടുത്തുന്ന വേറിട്ട ഒരു വികസനോൻമുഖ ഭരണം കാഴ്ചവയ്ക്കുന്നതിനായി വോട്ടുകൾ നൽകി തങ്ങളെ ആശീർവദിക്കണമെന്ന് വിവിധ സ്ഥാനങ്ങളിലേക്ക് മത്സരിക്കുന്ന ബിജു തോണിക്കടവിൽ (പ്രസിഡന്റ്), പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ ഏവരോടും ഹൃദയപൂർവം അഭ്യർത്ഥിക്കുന്നു.

ഫോമാ പ്രസിഡന്റ് സ്ഥാനത്തേക്ക് തന്നെ എൻഡോഴ്സ് ചെയ്തതിൽ നവകേരള മലയാളി അസോസിയേഷൻ ഓഫ് സൗത്ത് ഫ്ളോറിഡയുടെ ഭാരവാഹികളോടും അംഗങ്ങളോടും ബിജു തോണിക്കടവിൽ നന്ദി പറഞ്ഞു.

# പുസ്തക പരിചയം – 14

# കളിപ്പാട്ടം (കഥ)

## ജോൺ മാത്യു




പുസ്തക പരിചയം തയ്യാറാക്കിയത് –
ബാജി ഓടംവേലി, ഡാലസ്

പ്രസിദ്ധീകരണ രംഗത്ത് 'കളിപ്പാട്ടം' എന്ന പുസ്തകം ഒരു പരീക്ഷണമായിരുന്നു. ഈ പുസ്തകത്തിൽ ആകെയുള്ളത് കളിപ്പാട്ടം എന്ന ഒരു കഥ മാത്രമാണ്. സാധാരണ വലുപ്പമുള്ള ഒരു കഥ, ഒരു പുസ്തകമായി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് ഇത് ആദ്യമാണ്. പുതിയകാലം ആവശ്യപ്പെടുന്ന ജീവിത വ്യാഖ്യാനം കൊണ്ട് ഒറ്റയ്ക്ക് നിൽക്കാൻ കരുത്തുള്ള കഥയാണ് കളിപ്പാട്ടം.

അമേരിക്കൻ വൻകരയിൽ കുടിയേറിയ മലയാളി മനസ്സിന്റെ സർഗ്ഗചാരുത വെളിപ്പെടുത്തുന്ന കഥകളാണ് ജോൺ മാത്യു എഴുതുന്നത്. സ്വന്തം ബാല്യ കൗമാരങ്ങൾ അരങ്ങേറിയ ജന്മനാടിനേക്കുറിച്ചുള്ള ഗൃഹാതുര ചിന്തകൾക്കും വ്യർത്ഥ കാമനകൾക്കും അപ്പുറം താൻ ജീവിക്കുന്ന പുതിയ കാലദേശത്തിന്റെ അവസ്ഥാന്തരങ്ങൾ കലാപൂർണ്ണിമയോടെ തന്റെ കഥകളിൽ അടയാളപ്പെടുത്തിയിരിക്കുന്നു.

ഏഷ്യക്കാരന്റെയും ആഫ്രിക്കക്കാരന്റെയും ഹിസ്പാനിക്കിന്റെയും അമേരിക്കക്കാരന്റെയും എല്ലാം ജീവൻ തുടിക്കുന്ന നഖചിത്രങ്ങൾ തന്റെ കഥകളിൽ നിറഞ്ഞു നിൽക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ പൗരസ്ത്യ പാശ്ചാത്യ ചക്രവാളങ്ങൾക്കുള്ളിലെ വിശാലതയിൽ സംഭവിച്ച് യാത്ര ചെയ്യുന്ന സകല മനുഷ്യരുടേയും ജീവിതവും ജീവിതദർശനവും തന്റെ കഥകളിലുണ്ട്.

ഒരു അച്ഛൻ തന്റെ മകന്റെ ഇരുപതാം വയസ്സിൽ, അവന്റെ കുട്ടിക്കാലത്ത് തങ്ങൾ താമസിച്ചിരുന്ന വീട് അവനേയും കൂട്ടി അന്വേഷിച്ച് പോകുന്നിടത്താണ് കഥ തുടങ്ങുന്നത്. എനിക്കൊരു വീടുണ്ടോ.. ? ഒരു നാടുണ്ടോ... ? എന്ന ചോദ്യവും, നിങ്ങളോക്കെ ചേർന്ന് എന്റെ ചെറുപ്പകാലം മുഴുവൻ നശിപ്പിച്ചു, എന്ന മകന്റെ പരാതിയും ചെവിയോർത്താൽ പല കുടുംബങ്ങളിൽ നിന്നും ഉയർന്നു കേൾക്കാം.

ജീവിതം വെട്ടിപ്പിടിക്കാനായുള്ള ഓട്ടത്തിനിടയിൽ മിക്കവർക്കും വീട് എന്ന സ്ഥിരസങ്കല്പം പോലും ഉണ്ടാകില്ല. മകൻ മുതിർന്നപ്പോൾ അവന്റെ ചോദ്യങ്ങൾക്ക് മുൻപിൽ കഥാനായകന് ഉത്തരം മുട്ടി. മുതിർന്ന തലമുറ തങ്ങളുടെയും കുടുംബത്തിന്റെയും സുരക്ഷിതത്വത്തിനായി സമ്പത്ത് മുറുകെപ്പിടിക്കുമ്പോൾ അടുത്ത തലമുറകൾ

തേടുന്നത് പാവക്കുട്ടികളെയാവും.


പതിനാറാം വയസ്സിൽ നാടു വിട്ടിറങ്ങിയ താൻ ഒരു സ്ഥലത്തോടും ആത്മബന്ധം പുലർത്തിയില്ല എന്ന് തിരിച്ചറിയുമ്പോഴും, ജോലിയും അതിനനുസരിച്ച് താമസവും മാറുന്നത് തന്റെ മനസ്സിനെ ഒട്ടും ബാധിച്ചിട്ടില്ലെന്ന് കഥാനായകൻ സമ്മതിക്കുന്നു, വിറ്റുപോയ വീടുകളൊക്കെ തനിക്കൊരു ഇടത്താവളം മാത്രമായിരുന്നെന്ന് അയാൾ ഉദാസീനമായി പറയുന്നു.

കഥയിലെ ഇരുപതുകാരൻ മകൻ ഏറ്റവുമധികം സന്തോഷം അനുഭവിച്ചത് തന്റെ ഓർമ്മയിലെ ആദ്യത്തെ, തന്റെ അഞ്ചാം വയസ്സിലെ സ്വന്തം വീട്ടിൽ നിന്നാണ്. അവന്റെ ഗൃഹാതുരത്വം ഊഷ്മളമായ ബാല്യവും ആ വീടുമായി ബന്ധപ്പെട്ടു കിടക്കുന്നു. വീട് പാർക്കുവാനുള്ള ഇടം മാത്രമല്ല, ആഗ്രഹങ്ങളുടെയും അനുഭവങ്ങളുടെയും ഇരിപ്പിടം കൂടിയാണ്. ഓർമ്മകളുടെ സുഗന്ധം പേറുന്ന അറയാണ്. ബാല്യകാലം ചിലവിട്ട വീട് ഒരു വ്യക്തിയുടെയും മനസ്സിൽ നിന്ന് വേഗം മാഞ്ഞുപോവുകയില്ല.

പ്രവാസത്തിന്റെയും തൊഴിലിന്റെയും ഭാഗമായി നിരന്തരം വാസസ്ഥലം മാറേണ്ടി വരുന്നവർ, അവർക്ക് നഷ്ടമാകുന്നത് ഇടം മാത്രമല്ല, സ്വത്വം കൂടിയാണ്. സ്വന്തമായി ഇടമില്ലാത്ത, സ്വന്തമെന്ന് പറയാൻ ഒരു സ്ഥലമില്ലാത്തയാളാണ് കഥാകാരൻ. അതേപോലെ തന്നെ തന്റേതായ ഇടം നഷ്ടപ്പെട്ടയാളാണ് കഥയിലെ മകനും. ഒരു അച്ഛനെയും മകന്റെയും സ്വത്വനഷ്ടത്തിന്റെ കഥയാണ് കളിപ്പാട്ടം.

കഴിഞ്ഞ പതിനഞ്ച് വർഷത്തിനുള്ളിൽ ആ വീടിന് പല അവകാശികൾ വന്നു പോയിരിക്കാം, അവിടെ പലർ താമസിച്ചിരുന്നിരിക്കും എന്നിട്ടും വീടിനുള്ളിലെ ബേസ്മെന്റിൽ താൻ ഒളിച്ചു വെച്ചത് കണ്ടെത്താനായി. സ്റ്റാർ മൂവിയിലെ ലൂക്ക് സ്കൈവാക്കറുടെ മൂന്നോ നാലോ ഇഞ്ച് ഉയരമുള്ള കളിപ്പാട്ടം അവൻ ഒളിപ്പിച്ചു വെച്ച ഇടത്തു തന്നെ ഉണ്ടായിരുന്നു. അഞ്ചുവയസ്സിൽ അവൻ ഒളിപ്പിച്ചു വെച്ച ലൂക്ക് സ്കൈവാക്കറെ കണ്ടെത്തുമ്പോൾ അവനുണ്ടാകുന്ന ആത്മസന്തോഷം കഥ വായിക്കുന്ന ഓരോരുത്തർക്കും അനുഭവിക്കാനാവും. ഒരു കളിപ്പാട്ടം മാത്രമല്ല, അവന്റെ ഓർമ്മകളെയാണവൻ തിരിച്ചെടുക്കുന്നത്, തന്റെ സ്വത്വബോധത്തെയാണവൻ തിരിച്ചു പിടിക്കാൻ ശ്രമിക്കുന്നത്.

ഒരു ജനതയുടെ വളർച്ചയിൽ അതിന്റെ തുടക്കം മുതൽ പങ്കുചേർന്ന വ്യക്തിയാണ് ജോൺ മാത്യു എന്ന എഴുത്തുകാരൻ. കഴിഞ്ഞ അഞ്ചര ദശാബ്ദക്കാലത്തിനുള്ളിൽ എഴുതിയ 49 കഥകളടങ്ങിയ 'ജോൺ മാത്യവിന്റെ കഥകൾ' എന്ന പുസ്തകവും വായനക്കാർക്ക് ലഭ്യമാണ്. പരിധി പബ്ളിക്കേഷൻസാണ് 344 പേജുള്ള 'ജോൺ മാത്യുവിന്റെ കഥകൾ' എന്ന വലിയ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. പ്രവാസ ജീവിതത്തിന്റെ സംഘർഷങ്ങളിൽ പിറവിയെടുത്ത കഥകളാണിത്. ഓരോ കഥകളും സ്വപ്നത്തിനും യാഥാർത്ഥ്യത്തിനും ഇടയിലുള്ള മദ്ധ്യവർത്തിയുടെ ജീവിതകാമനകൾ വെളിപ്പെടുത്തുന്നു. ലാളിത്യമാർന്ന ശൈലി, ഗഹനമാർന്ന അടിയൊഴുക്ക്. ജോൺ മാത്യുവിന്റെ ഓരോ കഥകളും വായനക്കാരുടെ മനസ്സിലേക്കാണ് ചേക്കേറുന്നത്. ഈ കഥകൾ നമുക്ക് നവ്യമായ




വായാനാസുഖം നൽകും. മലയാളത്തിൽ വന്നിട്ടു പോയ പ്രസ്ഥാനങ്ങളൊന്നും ഇവിടെ കാര്യമായി ചർച്ച ചെയ്യപ്പെട്ടതേയില്ല. പക്ഷേ ഒരു കുടിയേറ്റ സമൂഹം ഉരുത്തിരിഞ്ഞു വരുന്നത് ഇവിടെ ചർച്ച ചെയ്തു. അത് തുടർന്നും ചർച്ച ചെയ്തു കൊണ്ടേയിരിക്കും.

ആദ്യകാല കുടിയേറ്റക്കാരും അവരുടെ കുട്ടികളും, അയൽക്കാരായ ആഗോള സമൂഹവും, തങ്ങൾ പിന്നിട്ടു പോന്ന പഴയ ഭൂമിയുടെ ഓർമ്മയും ഇതാണ് യഥാർത്ഥത്തിൽ അമേരിക്കയിലെ ഒരു മലയാളി എഴുത്തുകാരന്റെ കാൻവാസ്. ഒരു സമൂഹത്തിന്റെ വളർച്ചയോടൊപ്പമുള്ള യാത്രയാണ് ഇവിടെ സാഹിത്യം. വടക്കേ അമേരിക്കൻ ജീവിതത്തെ ഇത്ര ആഴത്തിൽ അടയാളപ്പെടുത്തിയ രചനകൾക്ക് ജോൺ മാത്യുവിനേപ്പോലെ മറ്റൊരു ഉടയവൻ ഉണ്ടോ എന്ന് സംശയമാണ്.

ഡോ. ഷൈനി തോമസിന്റെയും ഡോ. നിബുലാൽ വെട്ടൂരിന്റെയും വിശദമായ കഥാപഠനവും കളിപ്പാട്ടം എന്ന ഈ

പുസ്തകത്തിൽ ആമുഖമായി ചേർത്തിട്ടുണ്ട്. ചിത്രകാരൻ കെ. വി. ജ്യോതിലാലിന്റെ വരയും കഥയ്ക്ക് കൂടുതൽ മിഴിവ് നൽകി. തിരുവനന്തപുരത്തു നിന്നുള്ള എസ്തെറ്റിക്സ് പബ്ളിക്കേഷൻസാണ് 25 പേജുള്ള ഈ ഒറ്റക്കഥയുടെ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. വില 100 രൂപ.

## ജോൺ മാത്യു

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളിയിൽ കുന്നത്ത് വീട്ടിൽ ജനിച്ചു. മല്ലപ്പള്ളിയിലും തിരുവല്ലയിലും ഡൽഹിയിലും വിദ്യാഭ്യാസം. ന്യൂഡൽഹിയിൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്ത ശേഷം എഴുപതുകളുടെ തുടക്കത്തിൽ അമേരിക്കയിലേക്ക് കുടിയേറി. ഇപ്പോൾ സാഹിത്യ സാമൂഹിക രംഗങ്ങളിലെ തലമുതിർന്ന കാരണവരായി ഹ്യൂസ്റ്റണിൽ താമസിക്കുന്നു.



കേരള റൈറ്റേഴ്സ് ഫോറം (ഹ്യൂസ്റ്റൺ), ലിറ്റററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക (ലാന) എന്നീ സംഘടനകൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചു. ഇവയുടെ പ്രസിഡന്റായും നേതൃത്വം നൽകി. ഹ്യൂസ്റ്റൺ കേരള ഡയറക്ടറിയുടെ എഡിറ്റർ, ഇന്ത്യ ന്യൂസ് ആന്റ് റിവ്യൂ മാസികയുടെ എഡിറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചു. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.



നിറം പിടിപ്പിച്ച ലോകം, ഉടുപ്പുകളുടെ ഘോഷയാത്ര, കുടിയേറ്റം മുതൽ മടക്കയാത്ര വരെ, ആനയും അന്തകവിത്തും, ജോൺ മാത്യുവിന്റെ കഥകൾ, വൈരുദ്ധ്യാത്മക വിപ്ളവം, കളിപ്പാട്ടം, ന്യായവിധി തുടങ്ങിയ കഥാസമാഹരങ്ങളും; ഭൂമിക്കുമേലൊരു മുദ്ര, യുഗങ്ങൾ അവസാനിക്കുന്നില്ല - ഡൽഹി - മണിമലയാർ - കരടിത്തോട് (മൂന്ന് ഭാഗങ്ങൾ) എന്നീ നോവലുകളും; അനുഭവങ്ങൾക്ക് ചിറകുകൾ, കുടിയേറ്റ ഭൂമിയിലെ സാഹിത്യ സംവാദങ്ങൾ, നിറമണിയും നിമിഷങ്ങൾ എന്നീ ലേഖന സമാഹാരങ്ങളും; എന്നും ജീവിക്കുന്നവരുടെ ലോകം എന്ന ഓർമ്മക്കുറുപ്പികളും; OurBeloved Bhoomi, Ages Never End എന്ന ഇംഗ്ളീഷ് പതിപ്പും പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പിതാവ് :- കെ. എം. മത്തായി, മാതാവ് :- ഏലിയാമ്മ മത്തായി, ഭാര്യ :- ബേബിക്കുട്ടി, മകൾ :- ലിസ് മൈക്കിൾ, email : john-mathew102@yahoo.com


emalayalee.com
GREAT
NEWS!
Now You Can
INSTANTLY
PLACE YOUR ADVT or
BOOK YOUR AD SPACE
on eMalayalee.com
Shirley A. Abraham
Award Winning Real Estate Broker
Commercial • Investment • Advisory
Long Island | NYC | New York State
1-516-712-9262
Get local help with your Medicare questions.
It's time to take advantage.
Just Click
eMalayalee.com/Advertise

# ഫോമാ ഇലക്ഷൻ 2026: അമേരിക്കയിലാകെ ശ്രദ്ധ നേടി ടീം പ്രോമിസിന്റെ ജനസമ്പർക്ക യാത്ര അറ്റ്ലാന്റയിൽ സമാപിച്ചു




ഹൂസ്റ്റൺ: 2026-ലെ ഫോമാ ദേശീയ കൺവൻഷനോടനുബന്ധിച്ചുള്ള തിരഞ്ഞെടുപ്പ് ആവേശം കൊടുമ്പിരി കൊള്ളുന്നതിനിടെ, മാത്യു വർഗീസിന്റെ (ജോസ് ഫ്ളോറിഡ) നേതൃത്വത്തിലുള്ള ടീം പ്രോമിസ് പാനൽ അംഗങ്ങൾ അമേരിക്കയിലുടനീളം നടത്തിയ ശ്രദ്ധേയവും സഫലവുമായ ജനസമ്പർക്ക യാത്രയ്ക്ക് അറ്റ്ലാന്റയിൽ ഉജ്വല സമാപനം. ഇതോടെ പ്രചാരണത്തിൽ അതിവേഗം മുന്നേറാൻ ടീം പ്രോമിസിന് സാധിച്ചുവെന്ന് വിലയിരുത്തപ്പെടുന്നു. ഫോമാ തിരഞ്ഞെടുപ്പിൽ രണ്ട് പാനലുകൾ തമ്മിലുള്ള ശക്തമായ മത്സരത്തിനിടയിൽ, അംഗസംഘടനകളുമായുള്ള നേരിട്ടുള്ള ആശയവിനിമയത്തിലൂടെയും വ്യക്തമായ പ്രവർത്തന കാഴ്ചപ്പാടിലൂടെയും ടീം പ്രോമിസ് ഇതിനോടകം ശ്രദ്ധ പിടിച്ചുപറ്റിക്കഴിഞ്ഞു.

കഴിഞ്ഞ കുറേ മാസങ്ങളായി അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിലെ നൂറോളം കേന്ദ്രങ്ങളിൽ ഫോമായുടെ അംഗസംഘടനകളെ സന്ദർശിച്ച ടീം പ്രോമിസ്, ചെറുതും വലുതുമായ നിരവധി സംവാദങ്ങളിലും കൂടിക്കാഴ്ചകളിലും തികഞ്ഞ ആത്മവിശ്വാസത്തോടെ പങ്കെടുത്തു. ഓരോ മേഖലയിലെയും സംഘടനാ ഭാരവാഹികളുടെയും പ്രതിനിധികളുടെയും അഭിപ്രായങ്ങൾ നേരിട്ട് കേൾക്കുകയും, ഫോമായുടെ ഭാവി വികസനത്തിനായുള്ള നിർദേശങ്ങൾ സ്വീകരിക്കുകയും തങ്ങളുടെ സ്വപ്നപദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തതാണ് ഈ സന്ദർശനങ്ങളുടെ പ്രത്യേകത.

പ്രാദേശികമായ ചർച്ചകളിൽ സംഘടനകളുടെ പ്രതീക്ഷകളും വെല്ലുവിളികളും, യുവജന




ങ്ങളുടെ പങ്കാളിത്തം, വനിതാ ശാക്തീകരണം, സാംസ്കാരിക പ്രവർത്തനങ്ങൾ, സാമൂഹിക സേവനങ്ങൾ, അംഗസംഘടനകളുമായുള്ള മികച്ച ഏകോപനം എന്നിവ പ്രധാന വിഷയങ്ങളായി ഉയർന്നുവന്നു. ഈ നിർദേശങ്ങൾ ഭാവി പ്രവർത്തന പദ്ധതികളിൽ ഉൾപ്പെടുത്തുമെന്ന് ടീം പ്രോമിസ് നേതാക്കൾ ഉറപ്പുനൽകുകയും ചെയ്തു.

ടീം പ്രോമിസിന്റെ മുദ്രാവാക്യമായ 'വിശ്വാസം, സത്യസന്തത, ഉത്തരവാദിത്വം, സുതാര്യത എന്നിവയിലൂന്നിയ ആശയങ്ങൾക്കും കർമപരിപാടികൾക്കും വിവിധയിടങ്ങളിൽ വൻ സ്വീകാര്യത നേടിയതായി സംഘാടകർ അറിയിച്ചു. തിരഞ്ഞെടുപ്പ് പ്രചാരണം ഒരു വോട്ടഭ്യർഥനയായി മാത്രം കാണാതെ, ഫോമായുടെ ഭാവി രൂപപ്പെടുത്താനുള്ള സംവാദ വേദിയായി മാറ്റുക എന്നതാണ് ടീമിന്റെ ലക്ഷ്യമെന്ന് നേതാക്കൾ വ്യക്തമാക്കി.

മാത്യു വർഗീസ് പ്രസിഡന്റായിട്ടുള്ള പാനലിലെ സ്ഥാനാർഥികൾ വിവിധ സംസ്ഥാനങ്ങളിലെ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും, ഫോമായെ കൂടുതൽ ശക്തവും പ്രവർത്തനക്ഷമവുമായ ദേശീയ സംഘടനയാക്കി മാറ്റുന്നതിനുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അംഗസംഘടനകളുടെ പിന്തുണയും പ്രോത്സാഹനവും ടീം പ്രോമിസിന് ആത്മവിശ്വാസം പകരുന്നതായി പ്രവർത്തകർ അഭിപ്രായപ്പെട്ടു.

ഹൂസ്റ്റണിൽ നടക്കുന്ന 2026 ഫോമാ കൺവെൻഷനിൽ തിരഞ്ഞെടുപ്പ് ആവേശം ആകാശത്തോളം ഉയരുന്നതിനിടെ, അംഗങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിച്ചുകൊണ്ടുള്ള ടീം പ്രോമിസിന്റെ ഈ വിപുലമായ ജനസമ്പർക്ക യാത്ര ഫോമാ തിരഞ്ഞെടുപ്പിലെ ശ്രദ്ധേയമായ പ്രചാരണ പ്രവർത്തനങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നു. മാത്യു വർഗീസിന് പുറമെ അനു സ്കറിയ (സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), റ്റിറ്റോ ജോൺ (ജോയിന്റ് ട്രഷറർ), രേഷ്മ രഞ്ചൻ (ജോയിന്റ് സെക്രട്ടറി) എന്നിവരാണ് ടീം പ്രോമീസിന്റെ ജനകീയാടിത്തറയുള്ള മൽസരാർത്ഥികൾ.




JOHNSON JOSEPH








FOMAA SOUTHEAST






സ്വർണ്ണം
വിൽക്കാൻ
ഏറ്റവും നല്ലത്
നമ്മുടെ
അച്ചായൻസ്
തന്നെ
21 Year Legacy of Trust & Quality
SINCE 2005
40+ BRANCHES
KERALA'S NO.1 GOLD BUYER
അച്ചായൻസ്
ഗോൾഡ്
916 HALLMARKED JEWELLERY
എറണാകുളം, കോട്ടയം
ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ, കൊല്ലം
85900 46 916 | 90613 50 916
www.achayansgold.in
വിദേശ പഠനം / ജോലി
തുടങ്ങിയ ആവശ്യങ്ങൾക്കായി
സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLEY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)
FREE
FOR SPECIAL
NRI SERVICES
CONTACT: Mr. Shinil Kurian
90723 88 173

NRS PAY

# TAP, DIP, SWIPE OR KEY!



## ACCEPTING CREDIT CARDS SHOULDN'T BE A JUGGLING ACT!

Simplify your payment acceptance.

अपने हाई क्रेडिट कार्ड प्रोसेसिंग बिलों में कटौती करें।




- ✔ **FREE** Credit Card Reader
- ✔ **NO** Long-Term Contracts
- ✔ **NO** Hidden Fees
- ✔ **NO** Early Termination Fee

**GET STARTED TODAY!**
Call **(877) 202-8112**
or visit **nrspay.com**

NRS Pay is a service of National Retail Solutions, Inc. Contract required. Certain features are non-standard and may require additional charges. Terms subject to change. National Retail Solutions, Inc. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN, and a registered ISO of Wells Fargo Bank, N.A., Concord, CA. IDT Telecom Canada Corp. is a registered MSP/ISO of Elavon, Inc., Georgia, a wholly owned subsidiary of U.S. Bancorp, Minneapolis, MN.

# 'നാമം' അവാർഡ് ജേതാക്കൾ: ഡോ. എം. വി. പിള്ള, സജിമോൻ ആന്റണി, കിഷോർ വാരിയത്ത്, സന്ദിനി മേനോൻ, ഡോ മാത്യു കെ. ഐസക്ക്

ജോർജ് നടവയൽ

ന്യൂ ജേഴ്സി: സാമൂഹിക സാംസ്കാരിക സംഘടന നോർത്ത് അമേരിക്കൻ മലയാളീസ് ആൻഡ് അസോസിയേറ്റഡ് മെംബെർഴ്സ് (നാമം) നൽകുന്ന 'നാമം എക്സലൻസ് അവാർഡുകൾ' പ്രഖ്യാപിച്ചു. ഡോ. പത്മജ പ്രേം (ചെയർ), അനിൽ പിള്ള, ഡോ. ലത നായർ എന്നിവരുൾപ്പെടുന്ന അവാർഡ് ജൂറിയാണ്, കലർപ്പില്ലാത്ത മാനദണ്ഡങ്ങൾ പാലിച്ച്, 'നാമം എക്സലൻസ് അവാർഡ്'' ജേതാക്കളാരെന്ന് നിർണ്ണയിച്ചത്.

നേതൃത്വം, സംരംഭകത്വം, നവീകരണം, സമൂഹസേവനം, കല, സംസ്കാരം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം, ബിസിനസ്സ് എന്നി മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിക്കുകയും വൈദഗ്ധ്യം പ്രകടിപ്പിക്കുകയും അതുല്യ സംഭാവനകൾ നൽകുകയും ചെയ്തിട്ടുള്ള എട്ടു പേർക്കാണ് നാമം എക്സലൻസ് അവാർഡ് സമ്മാനിക്കുന്നത്.

പത്മശ്രീ എച്ച്. ആർ. ഷാ (ടിവി ഏഷ്യ-മാധ്യമ പ്രവർത്തനം), കേണൽ വീരേന്ദ്ര തവാതിയ (പൊതു



സേവനം, ജീവകാരുണ്യ പ്രവർത്തനം), ഡോ. സജിമോൻ ആന്റണി (സാമൂഹിക നേതൃത്വം), ഡോ. മാത്യു കെ. ഐസക് (സാഹിത്യം), കിഷോർ വാരിയത്ത് (സംരംഭകത്വം), പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി (സാമൂഹിക സേവനം), ഡോ. നന്ദിനി മേനോൻ (വിദ്യാഭ്യാസം), സ്പർശ് ഷാ (അതുല്യ പ്രതിഭ) എന്നിവരാണ് ''നാമം എക്സലൻസ് അവാർഡ് 2026'' ജേതാക്കൾ.

വികലമായ അനുകരണ ദോഷം ബാധിക്കാതെ, 2010 മുതൽ പ്രവർത്തിയ്ക്കുന്ന, സാംസ്കാരിക ക്ഷേമ-സന്നദ്ധസേവന-സംഘടനയായ, 'നാമത്തിന്റെയും (NAMAM), എം.ബി.എൻ ഫൗണ്ടേഷന്റെയും സംയുക്താഭിമുഖ്യത്തിൽ, ഓഗസ്റ്റ് 2, ഞായറാഴ്ച, വൈകുന്നേരം, അഞ്ചു മണിക്ക്, ന്യൂജേഴ്സി റോയൽ ആൽബർട് പാലസിൽ, (Royal Albert's Palace, 1050 King Georges Post Rd, Fords, NJ 08863) ഹൃദയം ത്രസിപ്പിക്കുന്ന കലാ സാംസ്കാരിക പരിപാടികളോടെ ആഘോഷപ്പൂരം വിരിച്ച്, ''നാമം എക്സലൻസ് അവാർഡുകൾ, സമ്മാനിക്കും

ആഗോള ദക്ഷിണേഷ്യൻ പ്രവാസി സമൂഹത്തിന്റെ മാധ്യമ ശീലങ്ങളെ (1993 മുതൽ) ആഴത്തിൽ സ്വാധീച്ച, TV Asia യുടെ ഉപജ്ഞാതാവും, മാധ്യമ രംഗത്തെ അതികായനുമാണ് പത്മശ്രീ എച്ച്. ആർ ഷാ. അദ്ദേഹം നേതൃത്വം നൽകി സ്ഥാപിച്ച, 38 വാർത്താ ബ്യൂറോകൾ, നോർത്ത് അമേരിക്കയിലാകെ, 1,200-ലധികം ദക്ഷിണേഷ്യൻ അസോസിയേഷനുകൾക്ക്, സേവനം നൽകുന്ന വിധം, വിപുലമായ നെറ്റ്വർക്കാണ് പ്രദാനം ചെയ്യുന്നത്. സാഹിത്യത്തിനും വിദ്യാഭ്യാസത്തിനും പത്രപ്രവർത്തനത്തിനും ഷാ നൽകിയ സമാനതകളില്ലാത്ത സംഭാവനകൾ പരിഗണിച്ച്, 2017-ൽ പത്മശ്രീയും, 2005-ൽ എല്ലിസ് ഐലൻഡ് മെഡലും ലഭിച്ചു. ഏഷ്യൻ അമേരിക്കൻ റീട്ടെയിലേഴ്സ് അസോസിയേഷന്റെ സ്ഥാപക ചെയർമാനായും ഭാരതീയ വിദ്യാഭവൻ യൂ എസ്സ് ഏ യുടെ യുടെ ചെയർമാൻ എമറിറ്റസായും സേവനമനുഷ്ഠിക്കുന്നു

കേണൽ വിരേന്ദ്ര തവാതിയ, 50 വർഷങ്ങളിലായി, കറപുരളാത്ത സേവന നിരകൾ കൊണ്ട്, സമൂഹത്തിൽ അസാധാരണമായ സ്വാധീനം ചെലുത്തി, ഒട്ടേറെ ബഹുമതികൾ നേടിയ ദേശസ്നേഹിയും മാനവതാവാദിയുമാണ്. ഇന്ത്യയുടെ അതിർത്തി സംരക്ഷണ വ്യൂഹത്തിൽ, ഇരുപത്തിരണ്ടാണ്ടുകൾ കർമനിരതനായിരുന്ന ശേഷം, കേണൽ വിരേന്ദ്ര, അമേരിക്കയിൽ 28 വർഷമായി സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുന്നു. ഇന്ത്യൻ പ്രവാസി സമൂഹ നേതൃ നിരയിലാണ് കേണൽ വിരേന്ദ്ര യുടെ സ്ഥാനം. സൈനികരുടെയും വെറ്ററൻമാരുടെയും കുടുംബങ്ങൾക്ക്, സമഗ്രമായ സാമ്പത്തിക, സാമൂഹിക, പ്രൊഫഷണൽ പിന്തുണ നൽകുന്ന സംരംഭമായ, ശ്രദ്ധാ ഫൗണ്ടേഷനാണ് അദ്ദേഹത്തിന്റെ സാമൂഹിക സംഭാവനകളിലൊന്ന്. രാഷ്ട്രത്തിനും സമൂഹത്തിനും നൽകിയ താരതമ്യമില്ലാത്ത സേവനങ്ങളെ ആദരിച്ച്, അമേരിക്കയിലെ ഇന്ത്യൻ സമൂഹത്തിന്റെ, ''ജയ് ജവാൻ ജയ് കിസാൻ അവാർഡ്, ലഭിക്കുന്ന ആദ്യ വ്യക്തിയാണ് കേണൽ വിരേന്ദ്ര തവാതിയ.

ഡോ. സജിമോൻ ആന്റണി, കാലഹരണപ്പെട്ട തനിയാവർത്തനങ്ങളോട് സന്ധിയില്ലാത്ത യുദ്ധം ചെയ്ത്, പാത തെളിയ്ക്കുന്ന യുവ നേതാവും, ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻസ് ഇൻ നോർത്ത് അമേരിക്കയുടെ (FOKANA) ദേശീയ പ്രസിഡന്റുമാണ്; പത്ത് ലക്ഷത്തിലധികം അംഗങ്ങളുള്ള അമേരിക്കൻ മലയാളി സമൂഹത്തെ സംഘടനാ തലത്തിൽ ഡോ. സജിമോൻ ആന്റണി ഏകോപിപ്പിക്കുന്നു. കേരളത്തിലെ പ്രളയബാധിതർക്കായി വീടുകൾ പുനർനിർമ്മിക്കൽ, FOKANA മെഡിക്കൽ കാർഡ് മോഹിനിയാട്ടം ഗിന്നസ് നേട്ട പദ്ധതി എന്നിങ്ങനെയുള്ള നൂതനാശയങ്ങളിലൂടെ അദ്ദേഹം സമൂഹത്തോടുള്ള പുതുമയാർന്ന പ്രതിബദ്ധത നിറവേറ്റുന്നു. പ്രശസ്തമായ പ്രവാസി ഭാരതീയ ദിവസ് ഗ്ലോബൽ എക്സലൻസ് അവാർഡ് (2026) ജേതാവായ ഡോ. ആന്റണി, സാമൂഹിക ശാക്തീകരണത്തിന്റെ മുന്നണിയിൽ അഗ്രസ്ഥാനത്താണ്.

സാഹിത്യ രംഗത്തെ ശ്രദ്ധേയ സാന്നിദ്ധ്യമായ ഡോ. മാത്യു കെ. ഐസക് ഗൗരവമായ വായനാശീലമുള്ള അനുവാചകർക്ക് സുപരിചതനാണ്. 2026ൽ പുലിറ്റ്സർ പ്രൈസിനായി സമർപ്പിക്കപ്പെട്ട 'ബ്രോക്കൺ ചെയിൻസ്' (2025) എന്ന നോവ ലിന്റെ രചയിതാവായ ഡോ. മാത്യു കെ. ഐസക്, സാഹിത്യ രംഗത്തെ വേറിട്ട ശബ്ദമായി നിലകൊള്ളുന്നു. മുൻ അസോസിയേറ്റ് വൈസ് ചാൻസലറായ ഡോ. ഐസക്, 'ടച്ച്ഡ് ബൈ റിഡീമിംഗ് ലവ്' (2018) ഉൾപ്പെടെ കാലാതിവർത്തികളായ കൃതികളുടെ രചയിതാവെന്ന നിലയിൽ സാഹിത്യ ലോകത്ത് സ്ഥാനം ഉറപ്പിച്ചിട്ടുള്ള എഴുത്തുകാരനാണ്.

കിഷോർ വാരിയത്ത് രാജ്യാന്തര തലത്തിൽ സാന്നിദ്ധ്യമറിയിച്ച മികച്ച വ്യാവസായിക സംരംഭകനാണ്. മിഡിൽ ഈസ്റ്റിലുടനീളം ഫാഷൻ കരിയർ സ്ഥാപനങ്ങൾ കെട്ടിപ്പടുത്ത കിഷോർ, 2015 ൽ തുടക്കം കുറിച്ച പുതുസംരംഭങ്ങളിലൂടെ ലോകമെമ്പാടുമുള്ള പ്രതിഭാശാലികളായ 130 പ്രൊഫഷണലുകൾക്ക് തൊഴിൽ നൽകുകയും സംരംഭങ്ങളെ $60 മില്യൺ ആസ്തിയുള്ള സ്ഥാപനമായി വളർത്തുകയും ചെയ്തു. 120-ലധികം കുട്ടികൾക്ക് ഭക്ഷണം, പരിചരണം, ഗുണനിലവാരമുള്ള വിദ്യാഭ്യാസം എന്നിവ നൽകുന്ന ബംഗ്ലാദേശിലെ ഒരു വിദ്യാഭ്യാസ സംരംഭത്തിന് ധനസഹായം നൽകുന്ന കിഷോർ വാരിയത്ത്, ജീവകാരുണ്യ പ്രവർത്തനങ്ങളിലും,

UFI SPORTS, ബോളിവുഡ് നിർമാണങ്ങൾ എന്നിവയിലും, സജീവ പങ്കാളിത്തം വഹിക്കുന്നു.

വേദ പണ്ഡിതനും ആത്മീയാചാര്യനുമായ പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി, രണ്ടു പതിറ്റാണ്ടുകളിലേറെയായി ക്ഷേത്രോപാസനയും ആത്മീയചര്യകളും ജീവിതവൃതമാക്കിയ സാമൂഹിക മാർഗ്ഗദർശിയാണ്. ന്യൂ ജേഴ്സിയിലെ എഡിസണിലുള്ള ശ്രീ ശിവ വിഷ്ണു ക്ഷേത്രത്തിന്റെ സ്ഥാപകനായ പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചി, ക്ഷേത്രത്തോടനുബന്ധിച്ച് വിദ്യാഭ്യാസം, ധർമ്മപ്രവർത്തനം, സത്സംഗം എന്നിവയ്ക്ക് ഊന്നൽ നൽകുന്നതിനായി, ആത്മീയ കേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ''ഗുരുകുലംയുവജനവിദ്യാഭ്യാസപരിപാടിയും'', വിപുലമായ രീതിയിൽ 'ഷിർഡി ഇൻ അമേരിക്ക' കാമ്പെയ്നും സംഘടിപ്പിച്ചുവരുന്നു. മാനവികതയുടെയും കാരുണ്യത്തിന്റെയും നവീന ആശയങ്ങളുടെയും ഉദ്ഘോഷകനെന്ന് വിശേഷിപ്പിക്കപ്പെടുന്ന പണ്ഡിറ്റ് ശ്രീ രഘു ശങ്കരമഞ്ചിയെ വിശ്വാസികൾ, ആത്മീയ പാതയിലെ, ഗുരുവും വഴി കാട്ടിയുമായാണ് കാണുന്നത്.

ഡോ. നന്ദിനി മേനോൻ, അക്കാദമിക് മികവ്, സുസ്ഥിര വികസനം, സംരംഭക ചിന്ത എന്നീ രംഗങ്ങളിൽ വ്യുല്പത്തിയാർന്ന കരിയർ കെട്ടിപ്പടുത്തിട്ടുണ്ട്. സീഡാർ ഹിൽ പ്രെപ്പ് സ്കൂളിന്റെ സ്ഥാപക, ചീഫ് എഡ്യൂക്കേഷൻ ഓഫീസർ എന്നീ നിലകളിൽ, ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. 'റോസാന ബൊട്ടാണിക്കൽസ് ബയോ ആക്റ്റീവ് വെൽനസ് ഉൽപ്പന്നങ്ങൾ' സൃഷ്ടി യ്ക്കുവാൻ, ഫൈറ്റോകെമിസ്ട്രി രീതികൾ ഉപയുക്തമാക്കാമെന്ന് തെളിയിച്ചു. ശാസ്ത്രം, സംരംഭകത്വം, പരിസ്ഥിതി മാനേജ്മെന്റ് എന്നിവയെ, യഥാർത്ഥ ലോകത്തിലെ വെല്ലുവിളികളുമായി ബന്ധിപ്പിക്കുന്ന, ഗവേഷണം നടത്താൻ ന്യൂജേഴ്സി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നേച്ചറിലെ (NJIN) വിദ്യാർത്ഥികൾക്ക്, പ്രോത്സാഹനം നൽകി. സേവന മേഖലയിലെ മികച്ച നേട്ടത്തിനുള്ള കേരള സെന്റർ അവാർഡ്, 2025 ലെ ഇന്നൊവേറ്റ് 100 ഓണറി (INNOVATE100) പുരസ്കാരം, ഏഷ്യൻ ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്സിന്റെ (AICC) 2023 ലെ വനിതാ സംരംഭക അവാർഡ്, ന്യൂജേഴ്സി ചെറുകിട ബിസിനസ് വികസന കോർപ്പറേഷന്റെ (NJSBDC) 2021 ലെ ബിസിനസ് ഗ്രോത്ത് സക്സസ് അവാർഡ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങളുടെ തിളക്കം, ഡോ. നന്ദിനി മേനോനെ അലങ്കരിക്കുന്നു.


ജീവിത പ്രതിസന്ധികളെ അതിജീവിച്ച്, ഗിന്നസ് വേൾഡ് റെക്കോർഡ് ഉടമയും അന്താരാഷ്ട്ര പ്രശസ്തനുമായി മാറിയ, സ്പർശ് ഷാ, അസാധാരണ കലാകാരനും, ആഗോള യുവ ജനതക്ക് പ്രചോദനവുമാണ്. 'ഓസ്റ്റിയോജെനസിസ് ഇംപെർഫെക്റ്റ്' എന്ന ശാരീരിക അവസ്ഥയിൽ ജീവിക്കുന്ന സ്പർശ് ഷാ, ഇതുവരെ 150 അസ്ഥി ഭംഗങ്ങളെയാണ് അതിജീവിച്ചത്. 10-ലധികം രാജ്യങ്ങളിലായി 400-ലധികം ആവേശകരമായ സ്റ്റേജ് പ്രോഗ്രാമുകളും മുഖ്യപ്രഭാഷണങ്ങളും അവതരിപ്പിച്ച സ്പർശ് ഷാ, ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് കാണികളുടെ പ്രശംസ അനായാസ്സം നേടിയ കലാകാരനാണ്. സോഷ്യൽ മീഡിയയിൽ 400 മില്യണിലധികം അനുവാചകരാണ് അദ്ദേഹത്തിന്റെ പ്രോഗ്രാമുകൾ കണ്ടത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി 6 മില്യൺ ഡോളറാണ് സ്പർശ് ഷാ സമാഹരിച്ചത്. യുവശാക്തീകരണത്തിന്റെയും സാധ്യതകളുടെയും ശക്തമായ ലോക ശബ്ദമായി സ്പർശ് ഷാ മാറിയിരിക്കുന്നു.

(നാമത്തിന്റെ പ്രഥമ ''സമഗ്ര സംഭാവനാ പുരസ്ക്കാരം'' ഡോ. എം.വി. പിള്ളയ്ക്ക് സമ്മാനിക്കും. പ്രഥമ നാമം സമഗ്ര സംഭാവനാ പുരസ്ക്കാര ജേതാവായ ഡോ. എം. വി. പിള്ള വൈദ്യശാസ്ത്ര മികവിന്റെയും ഓങ്കോളജി ഗവേഷണത്തിന്റെയും പ്രകാശഗോപുരമാണ്. ട്രിപ്പിൾ ബോർഡ്-സർട്ടിഫൈഡ് ഫിസിഷ്യനും തോമസ് ജെഫേഴ്സൺ സർവകലാശാലയിലെ മെഡിക്കൽ ഓങ്കോളജി വിഭാഗത്തിലെ പ്രൊഫസറുമായ ഡോ. പിള്ള, ഇന്റേണൽ മെഡിസിൻ, ഹെമറ്റോളജി, കാൻസർ ചികിത്സ എന്നീ മേഖലകളിൽ സമാനതകളില്ലാത്ത വൈദഗ്ധ്യം കൈവരിച്ചിട്ടുള്ള ഭിഷഗ്വരനാണ്. ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഓങ്കോളജി സെന്ററിന്റെ അഡ്വൈസറി ബോർഡ് ചെയർമാനായും ഇന്റർനാഷണൽ നെറ്റ്വർക്ക് ഫോർ കാൻസർ ട്രീറ്റ്മെന്റ് ആൻഡ് റിസർച്ച് എന്ന സ്ഥാപനത്തിന്റെ പ്രസിഡന്റും സി.ഇ.ഒ ആയും പ്രവർത്തിക്കുന്ന അദ്ദേഹം ആഗോള കാൻസർ പരിചരണത്തിന്റെ അതിരുകൾ വിപുലമാക്കിയ ഗവേഷകനാണ്. വാഗ്മിയും എഴുത്തുകാരനുമായ ഡോ.എം.വി. പിള്ള അസോസിയേഷൻ ഓഫ് കേരള മെഡിക്കൽ ഗ്രാജുവേറ്റ്സിന്റെ 2024 ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് ഉൾപ്പെടെ നിരവധി അംഗീകാരങ്ങൾ നേടിയിട്ടുണ്ട്).

കൂടുതൽ വിവരങ്ങൾക്ക്: നാമം ഫൗണ്ടറും ചീഫ് പേട്രണുമായ മാധവൻ ബി നായർ, പ്രസിഡന്റ് പ്രദീപ് മേനോൻ (516)4508155, കോർഡിനേറ്റർ സത്യ വൈ (732)2135613, സെക്രട്ടറി ബിന്ദു സത്യ (732)2135346, ട്രഷറാർ സിറിയക് എബ്രഹാം (732)2591037.

https://www.namam.org,www.mbnfoundation.org, (732)333-3952,

Email:namamawards@gmail.




# ABEL'S GARDEN PVT LTD


**Karimannoor P.O. Thodupuzha, Idukki,**

**Kerala, India PIN. 685581**

**Email/ Phone : hello@abelsgarden.in**

**Tel:+917034413000, +917034643000, +919778050077**

# നോവൽ 'ഫ്രാൻസിസ് ഇട്ടിക്കോര'യുടെ സൃഷ്ടാവ് ടി. ഡി. രാമകൃഷ്ണൻ ഫൊക്കാന കൺവൻഷനിൽ



സണ്ണി മാളിയേക്കൽ, ഡാളസ്

ന്യൂയോർക്ക്: മലയാള നോവൽ സാഹിത്യത്തിൽ വിപ്ലവാത്മകമായ ഭാവുകത്വ മാറ്റങ്ങൾ സൃഷ്ടിച്ച പ്രശസ്ത എഴുത്തുകാരനും വിവർത്തകനുമായ ടി. ഡി. രാമകൃഷ്ണൻ വരും മാസങ്ങളിൽ അമേരിക്ക സന്ദർശിക്കുന്നു. പെൻസിൽവാനിയയിലെ പോക്കനോസിൽ നടക്കുന്ന 'ഫോക്കാന' കൺവെൻഷനിൽ അദ്ദേഹം പങ്കെടുക്കും.

പ്രിയ എഴുത്തുകാരനെ വരവേൽക്കാൻ അമേരിക്കൻ മലയാളി സമൂഹം ഒന്നടങ്കം ഒരുങ്ങിക്കഴിഞ്ഞു. കൺവെൻഷനു പുറമെ, ഡാളസിലെ കേരള അസോസിയേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭാരതത്തിന്റെ സ്വാതന്ത്ര്യദിന ആഘോഷങ്ങളിലും അദ്ദേഹം വിശിഷ്ടാതിഥിയായിരിക്കും. ന്യൂയോർക്ക്, ന്യൂജേഴ്സി, മിഷിഗൺ തുടങ്ങിയ സ്ഥലങ്ങളിലെ വിവിധ സാംസ്കാരിക-സാഹിത്യ പരിപാടികളിലും അദ്ദേഹം ഭാഗമാകും. എഴുത്തുകാരുടെയും സാഹിത്യപ്രേമികളുടെയും കൂട്ടായ്മയായ 'ലാനാ' സംഘടിപ്പിക്കുന്ന പ്രത്യേക സാഹിത്യ സംവാദത്തിൽ അദ്ദേഹം വായനക്കാരുമായി നേരിട്ട് സംവദിക്കും.

തൃശൂർ ജില്ലയിലെ ഇയ്യാൽ ഗ്രാമത്തിൽ 1961-ൽ ജനിച്ച ടി. ഡി. രാമകൃഷ്ണൻ, മൂന്ന് പതിറ്റാണ്ടിലേറെക്കാലം ഇന്ത്യൻ റെയിൽവേയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ദക്ഷിണ റെയിൽവേയിൽ ചീഫ് കൺട്രോളർ പദവിയിലിരിക്കെയാണ്, മുഴുവൻ സമയ എഴുത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി അദ്ദേഹം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചത്. ചരിത്രത്തെയും മിത്തുകളെയും സയൻസ് ഫിക്ഷനെയും ഒരേ നൂലിൽ കോർത്തെടുക്കുന്ന വേറിട്ട രചനാശൈലിയാണ് അദ്ദേഹത്തെ ആധുനിക മലയാള നോവലിസ്റ്റുകളിൽ മുൻപന്തിയിലാക്കിയത്. ശ്രദ്ധേയമായ കൃതികൾ 'ഫ്രാൻസിസ് ഇട്ടിക്കോര' വായനാലോകത്ത് ഒരു കൾട്ട് ക്ലാസിക്കായി മാറി. ഗണിതശാസ്ത്രവും ആഗോള രഹസ്യസംഘടനകളും കേരളീയ പശ്ചാത്തലവുമായി ബന്ധിപ്പിച്ച് എഴുതിയ ഈ കൃതി മലയാള നോവൽ ചരിത്രത്തിലെ നാഴികക്കല്ലാണ്.

സുഗന്ധി എന്ന ആണ്ടാൾ ദേവനായകി: ശ്രീലങ്കൻ ആഭ്യന്തരയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ ചരിത്രവും തമിഴ് മിത്തുകളും ഇണക്കിച്ചേർത്ത രചന. ഈ നോവലിന് കേരള സാഹിത്യ അക്കാദമി അവാർഡും പ്രശസ്തമായ വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര', 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി', 'ആൽഫ', 'മാമ ആഫ്രിക്ക' എന്നീ നോവലുകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. തമിഴ് സാഹിത്യത്തിലെ മികച്ച കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിലും അദ്ദേഹം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

ചലച്ചിത്ര രംഗത്തും അദ്ദേഹം തന്റെ ശക്തമായ മുദ്ര പതിപ്പിച്ചിട്ടുണ്ട്. മമ്മൂട്ടി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച് തരംഗം സൃഷ്ടിച്ച 'ഭ്രമയുഗം' എന്ന ചിത്രത്തിന്റെ സംഭാഷണം എഴുതിയത് അദ്ദേഹമാണ്. പ്രശസ്ത സംവിധായകൻ ഷാജി എൻ. കരുണിന്റെ 'ഓള്' എന്ന ചിത്രത്തിന്റെ തിരക്കഥയും അദ്ദേഹം രചിച്ചു. ഷെയ്ൻ നിഗം നായകനായി എത്തിയ 'ബെർമുഡ' (Bermuda) എന്ന ചിത്രത്തിന്റെ സംഭാഷണങ്ങൾ ഒരുക്കിയതും ടി. ഡി. രാമകൃഷ്ണനാണ്.

ടി. ഡി. രാമകൃഷ്ണനെപ്പോലൊരു മുൻനിര സാഹിത്യകാരൻ അതിഥിയായി എത്തുന്നത് അമേരിക്കൻ മലയാളി സമൂഹത്തിനും സാംസ്കാരിക കൂട്ടായ്മകൾക്കും വലിയ ആവേശമാണ് പകരുന്നത്.

# എസ് ബി അസംപ്ഷൻ അലുംനി പ്രഥമ ദേശീയകൺവെൻഷൻ പ്രൗഢോജ്വലമായി




തോമസ് ഡിക്രൂസ്

ചിക്കാഗോ: ഗൃഹാതുരത്വത്തിന്റെയും കൂട്ടായ്മയുടെയും ആർദ്ര സ്മരണകൾ ആവോളമുണർത്തി പുരാതന കലാലയങ്ങളായ ചങ്ങനാശേരി സെയിന്റ് ബെർക്ക്മാൻസ്, അസ്സംപ്ഷൻ കോളേജ് പൂർവ്വവിദ്യാർഥികൾ അമേരിക്കയിൽ സംഘടിപ്പിച്ച പ്രഥമ ദേശീയ കൺവെൻഷൻ പ്രൗഢോജ്വലമായി പര്യവസാനിച്ചു. ജൂലൈ ഒൻപതാം തീയതി വ്യാഴാഴ്ച ചിക്കാഗോയിൽ നടന്ന സമ്മേളനം എസ് ബി കോളേജിന്റെ പ്രമുഖ പൂർവ്വവിദ്യാർഥികളായ കർദിനാൾ ജോർജ്ജ് ജേക്കബ് കൂവക്കാട്, ചങ്ങനാശേരി ആർച്ചു ബിഷപ്പ് അഭിവന്ദ്യ മാർ തോമസ് തറയിൽ, കേരള ഗവ പ്രിൻസിപ്പൽ സെക്രട്ടറി രാജു നാരായണസ്വാമി ഐഎഎസ്, എസ് ബി അസംപ്ഷൻ കോളജ് പ്രിൻസിപ്പൽമാർ എന്നിവർ ഭദ്രദീപം തെളിച്ചുകൊണ്ട് ഉത്ഘാടനം നിർവ്വഹിച്ചു. കൺവെൻഷൻ ചെയർമാൻ മാത്യു ദാനിയേൽ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ചങ്ങനാശേരി ആർച്ചു ബിഷപ്പിന്റെ തങ്ങൾക്ക് ലഭിക്കുന്ന നിരന്തര പ്രോത്സാഹനത്തിനു നന്ദി പറഞ്ഞുകൊണ്ട് കൺവൻഷന്റെ ഉന്നതലക്ഷ്യങ്ങൾ അദ്ദേഹം വിശദീകരിച്ചു.

കർദിനാൾ ജോർജ്ജ് ജേക്കബ് കൂവക്കാട് സമ്മേളനം ഉത്ഘാടനം ചെയ്തു. ജീവിതം മൂല്യവത്തായി രൂപപ്പെടുത്തുന്നതിൽ എസ് ബി കോളേജ് വിദ്യാഭ്യാസം തന്റെ ജീവിതത്തിൽ വഹിച്ച പങ്ക് നിസ്തുലവനും അവിസ്മരണീയവുമാണെന്ന് കർദിനാൾ പറഞ്ഞു. ഭവനം എന്ന സങ്കൽപം സ്വന്തം വീടിന്റെ മതിൽകെട്ടിനു പുറത്തു വിശാലമായ മനുഷ്യസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മേഖലയിലാണ് അർത്ഥപൂർണ്ണമാകുന്നതെന്ന് മനസിലാക്കാൻ അഞ്ചു വർഷത്തെ കോളജ് പഠനം തന്നെ സഹായിച്ചു. കാത്തലിക് സ്റ്റുഡന്റ്സ് മൂവ്മെന്റിന്റെ നേതൃത്വത്തിൽ തങ്ങൾ അക്കാലത്തു എസ് ബി കോളേജിൽ നടത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളും അനുഭവങ്ങളും പിൽക്കാലത്തു ഫ്രാൻസിസ് മാർപ്പായുടെ യാത്രാദൗത്യങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കാൻ വേണ്ട ഊർജ്ജവും പ്രചോദനവും തനിക്കു നൽകി. ജീവിതത്തിൽ സ്വത്ത് സമ്പാദനത്തിലുപരി സഹജീവികളെ കാരുണ്യപൂർവ്വം സഹായിക്കാനുള്ള മനോഭാവവും ജ്ഞാനവും തേടാൻ പൂർവ്വവിദ്യാർഥികളെ കർദ്ദിനാൾ ആഹ്വാനം ചെയ്തു.

ആർച്ചു ബിഷപ് മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി. നഗരങ്ങളിൽ മാത്രം ഉന്നത





വിദ്യാഭ്യാസം സംലഭ്യമായിരുന്ന ഒരുകാലത്തു ഗ്രാമീണമേഖലയിൽ വിദ്യാഭ്യാസരംഗത്തു മികവാർന്ന സേവനത്തിന് ആർ ശങ്കർ അവാർഡ് ഉൾപ്പടെ നിരവധി ബഹുമതികൾ സ്വന്തമാക്കി നമ്മുടെ കോളേജുകൾ ശ്രദ്ധേയമായത് അഭിമാനകരമാണെന്ന് പറഞ്ഞു. ഉന്നത വിദ്യാഭ്യാസരംഗത്ത് മത്സരപ്രവണത പ്രകടമാകുന്ന ഇക്കാലത്തു പൂർവ്വവിദ്യാർഥികൾ തങ്ങളുടെ അനുഭവവും വൈദഗ്ധ്യവും സമയവും മാതൃകലാലയങ്ങൾക്ക് നിർലോഭം നൽകികൊണ്ട് അവയെ നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതിനായി അമേരിക്കയിൽ പൂർവ്വവിദ്യാർഥി സാന്നിധ്യമുള്ള എല്ലാ സ്റ്റേറ്റുകളിലും എസ് ബി അസംപ്ഷൻ അലുംനി ചാപ്റ്ററുകൾ സ്ഥാപിക്കണമെന്നും ആർച്ചുബിഷപ്പ് ആവശ്യപ്പെട്ടു.

എസ് ബി കോളജ് വിദ്യാഭ്യാസം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ഓർമ്മകളാണ് തന്നിൽ ഉണർത്തുന്നതെന്ന് എസ് ബി കോളേജിലെ തന്റെ പഠനകാലം സ്മരിച്ചുകൊണ്ട് രാജു നാരായണസ്വാമി ഐ എ എസ് പറഞ്ഞു. പദ്യശകലങ്ങളാൽ സമ്പന്നമായ അദ്ദേഹത്തിന്റെ പ്രസംഗം സദസ്സ് സാകൂതം ശ്രവിച്ചു.

എസ് ബി കോളേജ് പ്രിൻസിപ്പൽ റവ.ഡോ ടെഡി തോമസ് കാഞ്ഞൂപ്പറമ്പിൽ, അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ ഡോ റാണി മരിയ തോമസ്, എസ് ബി കോളേജ് മുൻ പ്രിൻസിപ്പൽ റവ ഡോ ജോർജ്ജ് മഠത്തിപ്പറമ്പിൽ എന്നിവർ ആശംസാപ്രഭാഷണങ്ങൾ നടത്തി. ചിക്കാഗോ യൂണിറ്റ് പ്രസിഡന്റ് ഡോ മനോജ് നേര്യംപറമ്പിൽ സ്വാഗതം പറഞ്ഞു.

മെഡിക്കൽ, എഞ്ചിനീറിങ്, നേഴ്സിങ്, ശാസ്ത്ര സാങ്കേതികം, ബിസിനസ്സ്, സ്റ്റേറ്റ് സർവീസ്, അധ്യാപനം എന്നീ മേഖലകളിൽ അമേരിക്കയിൽ ഉന്നതനിലയിൽ സേവനം ചെയ്തു വ്യക്തിമുദ്ര പതിപ്പിച്ച തെരെഞ്ഞെടുക്കപ്പെട്ട പൂർവ്വവിദ്യാർഥികളെ കൺവെൻഷനിൽ ആദരിച്ചു. കൺവെൻഷനോട് അനുബന്ധിച്ചു പുറത്തിറക്കിയ സുവനീർ ജോർജ്ജ് ജോസഫ് വിലങ്ങോലിനു കോപ്പി നൽകി അഭിവന്ദ്യപിതാക്കന്മാർ നിർവഹിച്ചു. സീനിയർ അലുമ്നസും കൺവെൻഷൻ ഗ്രാൻഡ് സ്പോൺസറുമായ ഡോ വിൻസെന്റ് കുട്ടംപേരൂരി(വിസ്കോൺസിൻ)നെ ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു. റവ ഫാ കെ കെ കുര്യാക്കോസ് രചിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം അഭിവന്ദ്യ പിതാക്കന്മാർ നിർവ്വഹിച്ചു. തുടർന്ന് സ്നേഹവിരുന്നും കലാപരിപാടികളും നടന്നു. എസ് ബി, അസംപ്ഷൻ കോളജ് ചരിത്രത്തിൽ നാഴികക്കല്ലായി മാറിയ കൺവെൻഷൻ സംഘടിപ്പിച്ച ദേശീയ കൗൺസിലിനെ അഭിവന്ദ്യപിതാക്കന്മാരും പ്രിൻസിപ്പൽമാരും അഭിനന്ദിച്ചു.

സ്റ്റീയറിങ് കമ്മറ്റി അംഗങ്ങളായ പ്രൊഫ ജെയിംസ് ഓലിക്കര, തോമസ് ഡിക്രൂസ്, ദയാലു ജോസഫ്, ജോർജ്ജ് ജോസഫ്, കാർമൽ തോമസ്, ടോം പെരുമ്പായിൽ, ബോബൻ കളത്തിൽ, ഷിബു അഗസ്റ്റിൻ, ലീല മാരേട്ട് എന്നിവരാണ് കൺവെൻഷന് നേതൃത്വം നൽകിയത്. അമ്പിളി ജോർജ്ജ്, പിന്റോ കണ്ണമ്പള്ളി എന്നിവർ എംസിമാരായിരുന്നു. ഡോ ബിന്ദു ജോർജ്ജ് ടോബിയാസ് നന്ദി പറഞ്ഞു. അലുമ്നിയുടെ അടുത്ത ദേശീയ കൺവെൻഷൻ 2028 ൽ ന്യൂജേഴ്സിയിൽ വച്ച് നടത്തും.




FOKANA ELECTION 2026 -2028
TEAM INTEGRITY
SANTHOSH NAIR
General Secretary
PHILIPOSE PHILIP
President
ANTO VARKEY
Treasurer
LINDO JOLLY
Exe. Vice President
SONY THOMAS AMBOOKEN
Asso. Secretary
DR. SHINY RAJU
Women's Forum Chair
APPUKUTTAN PILLAI
Asso. Treasurer
JOSSY KARAKATTU
Vice President
Request your kind Support
Elect a team that Stands for Integrity
" LET US MOVE FORWARD, NOT BACKWARDS "
DR. AJU OOMMEN
Addi. Asso. Secretary
GRACE MARIA JOSEPH
Addi. Asso. Treasurer
ENDORSED & SUPPORTED BY PAST PRESIDENTS & BOT CHAIRS
MANMADHAN NAIR
GEORGE KORUTHU
PAUL KARUKAPILLIL
G. K. PILLAI
JOHN P. JOHN
MADHAVAN NAIR
GEORGY VARUGHESE
DR. BABU STEPHEN
DR. MAMMEN C. JACOB
JAIBU KULANGARA
SAJI M. POTHEN

# ചരിത്രത്തിലെ ഏറ്റവും വലിയ ഇലക്ഷന് ഫൊക്കാന ഒരുങ്ങുന്നു;

## 76 – സ്ഥാനാർഥികളും 800 ഡെലിഗേറ്റുകളും



ഷിക്കാഗോ: അമേരിക്കയിലെ സീറോ-മലബാർ സഭയുടെ അടുത്ത 25 വർഷം യുവതലമുറയുടെ നേതൃത്വത്തിലുള്ള മിഷനറി സഭയുടെ വളർച്ചയുടേതായിരിക്കണമെന്ന് പ്രമുഖ വ്യവസായിയും സഭാ പ്രവർത്തകനുമായ വർഗീസ് മാളിയേക്കൽ. രജതജൂബിലി കൺവൻഷന്റെ സമാപന സമ്മേളനത്തിൽ , രൂപതയുടെ ഭാവി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്ഥാപിക്കുന്ന പാസ്റ്ററൽ സെന്ററിനായി 100,000 ഡോളറിന്റെ ചെക്ക് നൽകിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം .

ഭാര്യ ഷീലയോടൊപ്പം ബിഷപ്പ് ബിഷപ്പ് ജോയ് ആലപ്പാട്ടിന് ഒരു ലക്ഷം ഡോളറിന്റെ ചെക്ക് കൈമാറിയപ്പോൾ സമ്മേളന ഹാൾ കൈയടികളോടെ ആ പ്രഖ്യാപനത്തെ സ്വീകരിച്ചു. കൺവൻഷന്റെ മുഖ്യ സ്പോൺസർമാരിൽ ഒരാളുമായിരുന്നു അദ്ദേഹം.

കഴിഞ്ഞ 25 വർഷത്തെ ചരിത്രത്തിൽ അമേരിക്കയിലെ സീറോ-മലബാർ സമൂഹം സ്വന്തം വ്യക്തിത്വം കണ്ടെത്താനുള്ള പരിശ്രമങ്ങളുടെ കഥയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആദ്യകാലത്ത് ലത്തീൻ സഭയുടെയും ലത്തീൻ രൂപതകളുടെയും ഉദാരമായ പിന്തുണയാണ് സീറോ-മലബാർ സഭയുടെ വളർച്ചയ്ക്ക് അടിത്തറയായതെന്നും അദ്ദേഹം അനുസ്മരിച്ചു.

ഇന്ന് ശക്തമായ രൂപതയും ഇടവകകളും വിശ്വാസ

# FOKANA

Federation of Kerala Associations in North America

സമൂഹവുമുള്ള സഭയായി വളർന്നത് നിരവധി വൈദികരുടെയും സന്യാസിസമൂഹത്തിന്റെയും വിശ്വാസികളുടെയും ത്യാഗഫലമാണെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ കൺവൻഷനിലെ രണ്ടാം തലമുറ യുവജനങ്ങളുമായുള്ള സംവാദങ്ങളാണ് സഭയുടെ ഭാവിദിശ കൂടുതൽ വ്യക്തമായി കാണിച്ചുതന്നതെന്ന് അദ്ദേഹം വ്യക്തമാക്കി.

“യുവതലമുറ ആഗ്രഹിക്കുന്നത് പ്രവാസികളുടെ സഭയല്ല, മിഷനറി സഭയാണ്. അമേരിക്കയിൽ ജനിച്ച തലമുറകളെയും വിവിധ കാലഘട്ടങ്ങളിൽ കുടിയേറിയ കുടുംബങ്ങളെയും ഒരുമിപ്പിക്കുന്ന ശക്തമായ സഭയാണ് അവർ സ്വപ്നം കാണുന്നത്. യുവാക്കൾക്ക് നേതൃത്വം നൽകുകയും തീരുമാനങ്ങൾ എടുക്കാൻ അവസരം ഒരുക്കുകയും ചെയ്യുന്ന സഭയാകണം അത്. അതോടൊപ്പം സീറോ-മലബാർ സഭയുടെ ആരാധനാപാരമ്പര്യത്തിലും ആത്മീയതയിലും ഉറച്ചുനിൽക്കുകയും അമേരിക്കൻ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിൽ സജീവമായി പ്രവർത്തിക്കുകയും വേണം,“ അദ്ദേഹം അഭിപ്രായപ്പെട്ടു.

അമേരിക്കയിൽ നിന്നു തന്നെ കൂടുതൽ വൈദിക ദൈവവിളികൾ ഉയർന്നുവരണമെന്നും, അടുത്ത 25 വർഷത്തിനുള്ളിൽ അമേരിക്കയിൽ ജനിച്ച ഒരു സീറോ-മലബാർ ബിഷപ്പിനെ കാണാൻ കഴിയുമെന്ന പ്രതീക്ഷയും അദ്ദേഹം പങ്കുവച്ചു.

സഭയുടെ വളർച്ചയ്ക്ക് ആത്മീയ പ്രവർത്തനങ്ങൾ മാത്രം മതിയാകില്ലെന്നും, അതിനെ പിന്തുണയ്ക്കുന്ന അടിസ്ഥാനസൗകര്യങ്ങളും സ്ഥാപനങ്ങളും അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വിശ്വാസപരിശീലനവും നവസുവിശേഷവൽക്കരണവും യുവജന ശുശ്രൂഷകളും കൂടുതൽ ശക്തിപ്പെടുത്താൻ സ്ഥിരമായ പാസ്റ്ററൽ സെന്റർ സ്ഥാപിക്കേണ്ടത് രൂപതയുടെ ഏറ്റവും അടിയന്തര ആവശ്യങ്ങളിലൊന്നാണെന്ന് അദ്ദേഹം പറഞ്ഞു.

ധനസമാഹരണത്തിനായി പൊതുവെ ആരോടും അഭ്യർത്ഥിക്കാറില്ലെന്ന് പറഞ്ഞ വർഗീസ് മാളിയേക്കൽ, ഈ പദ്ധതിക്കായി മാത്രം ആ നിലപാട് മാറ്റുകയാണെന്ന് വ്യക്തമാക്കി. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിലെ “കൊടുക്കുവിൻ; നിങ്ങൾക്കും ലഭിക്കും“ എന്ന വചനവും “ആർക്ക് അധികം ലഭിച്ചുവോ അവരിൽ നിന്ന് അധികം പ്രതീക്ഷിക്കപ്പെടും“ എന്ന സന്ദേശവും ഉദ്ധരിച്ച അദ്ദേഹം, രൂപതയുടെ ഭാവി നിർമാണത്തിനായി എല്ലാവരും ഉദാരമായി കൈകോർക്കണമെന്ന് അഭ്യർഥിച്ചു.

തുടർന്ന്, “ഈ മഹത്തായ പദ്ധതിക്ക് ഒരു തുടക്കമെന്ന നിലയിൽ ഞാനും ഭാര്യ ഷീലയും ചേർന്ന് പാസ്റ്ററൽ സെന്ററിനായി 100,000 ഡോളറിന്റെ സംഭാവന സമർപ്പിക്കുന്നു,“ എന്ന് പ്രഖ്യാപിച്ചപ്പോൾ സമ്മേളനത്തിൽ പങ്കെടുത്തവർ എഴുന്നേറ്റ് നിന്ന് കൈയടികളോടെ അദ്ദേഹത്തെ ആദരിച്ചു.

പാസ്റ്ററൽ സെന്റർ യാഥാർഥ്യമാകുന്നതിലൂടെ യുവജന ശുശ്രൂഷ, വിശ്വാസപരിശീലനം, കുടുംബ അപ്പസ്തോലേറ്റ്, നവസുവിശേഷവൽക്കരണം എന്നിവ കൂടുതൽ കാര്യക്ഷമമായി ഏകോപിപ്പിക്കാൻ രൂപതയ്ക്ക് സാധിക്കുമെന്ന് സമ്മേളനത്തിൽ വിലയിരുത്തപ്പെട്ടു.


Happy New Year
TEAM EMPOWER
FOKANA 2026-28
LEELA MARET PANEL
FOKANA 2026-2028
TEAM EMPOWER
MRS. LEELA MARET
(President)
MR. GEORGE OALICKAL
(General Secretary)
MRS. REVATHI PILLAI
(Treasurer)
MR. LINDO JOLLY
(Executive Vice President)
MR. LAGI THOMAS
(Vice President)
DR. BRIGIT GEORGE
(Associate Secretary)
MRS. FANCIMOL
(Associate Treasurer)
MR. SHAJI SAMUEL
(Add. Associate Sec)
MR. DEVASSY PALATTY
(Add. Associate Treasurer)
MRS. SAROOPA ANIL
(Women's Forum Chair)
REGIONAL VICE PRESIDENTS
MR. AJITH CHANDY
( RVP Pennsylvania)
MR. VINOY KURIAN
(RVP Texas)
MR. JOJI MATHAI
(RVP chicago)
MR. JOHN MATHEW
( RVP British Columbia)
MRS. USHA GEORGE
( RVP NEWYORK)
DR. GEETHA GEORGE
(RVP California)
MR. JOHN VARGHESE
(RVP Georgia)
MR. SHIVA PRAKASH
(RVP New England)
MR. STANLY ETHUNICKAL
(RVP Washington)
NATIONAL COMMITTE MEMBERS
MR. SAJ KAVINTE ARIKATH
( Florida)
MR. MATHEW CHERIAN
(Pennsylvania)
MR. LIBIN KURIAN
(Philadelphia)
MR. RONY VARGHESE
(Philadelphia)
MR. ABHILASH JOHN
(Philadelphia)
MR. NIJO PUTHENPURACKAL
(Washington)
MRS. SUBI BABU
( Atlanta)
MRS. MARY JOSEPH
(Boston)
MRS.SOSAMMA ANDREWS
(New York)
MR. JINS JOSEPH
(New York)
MR. THOMAS ZACHARIAH
(New York)
MR. ROY MANNIKKAROTT
(California)
MR. BIJU GEORGE
(Canada)
MR. ANEESH KUMAR
( Canada)
YOUTH COMMITTEE MEMBERS
MR. AKHIL VIJAY
(Florida)
MRS. CHRYSTAL LAL
(Canada)
MRS. ANITHA GEORGE
(Canada)
MRS. FAITH ELDOW
(Philadelphia)
ASHITHA ALEX
(Newyork)
Happy New Year
ZION - +91 790 297 5082
fokanateamempower@gmail.com


MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# കണ്ണീരും കനലും ധർമ്മവും സമ്മേളിക്കുന്ന രാമായണ ചിന്തകൾ





സുരേന്ദ്രൻ നായർ

ലോകത്തിലെ ഏറ്റവും ആദ്യത്തെ സാഹിത്യം വേദസാഹിത്യമാണെങ്കിൽ ആദികാവ്യം വാല്മീകി രാമായണമാണ്. രാമായണത്തിന്റെ ഒരു പാരായണ മാസക്കാലം കൂടി ആഗതമാകുകയാണല്ലോ.

കൊയ്ത്തുകാലത്തിന്റെ കാത്തിരിപ്പായിട്ടുള്ള പഞ്ഞ കർക്കിടക രാവുകളുടെ ദുഃഖവും ഭയാശങ്കകളും അകറ്റി

മലയാളി മനസ്സുകളിൽ സാരസ്വത ദീപത്തിന്റെ ശോഭ തെളിയിക്കുന്ന ഒരു പതിവായിരുന്നു പണ്ടത്തെ രാമായണ പാരായണം. കാർഷിക സംസ്കൃതി വഴിമാറി നിർമ്മിത ബുദ്ധിയുടെയും സാങ്കേതിക വളർച്ചയുടെയും പുതുയുഗം പിറന്നിട്ടും രാമായണത്തിന്റെ പാരായണ ക്ഷമതയും സന്ദേശ സൗകുമാര്യവും കാലാതീതമായി തുടരുന്നതിന്റെ പൊരുളാണ് ഇവിടെ പറയാൻ ശ്രമിക്കുന്നത്. കണ്ണീരും കനലും ധർമ്മവും ഇവിടെ സമ്മേളിക്കുന്നു.

വനവാസിയായ വാൽമീകിയുടെ രചനാ ഭൂമിക ഭാരതമായിരുന്നെങ്കിലും ലോകത്തിന്റെ പല ദേശങ്ങളിലായി വിവിധ ഭാഷകളിലായി ത്രേതായുഗത്തിൽ ജീവിച്ചിരുന്ന രാമന്റെ കഥയെ ആധാരമാക്കി വിവിധതരം രാമായണങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. വാൽമീകി രാമായണത്തിന് പുനരാവിഷ്കാരം നൽകി അതാതു ദേശങ്ങളിലെ മൂല്യങ്ങൾക്കും ആചാരങ്ങൾക്കും അനുസരിച്ചു പുനർജനിച്ച രാമായണങ്ങൾ അതാതിടങ്ങളിലെ സാംസ്കാരിക പ്രതിഭാസങ്ങളായി തുടരുന്നു. പ്രശസ്ത ഭാഷപണ്ഡിതനായിരുന്ന എ കെ രാമാനുജൻ ജൈന രാമായണവും ബുദ്ധ രാമായണവും ഉൾപ്പെടെ മുന്നൂറിലധികം രാമായണങ്ങൾ നിലവിലുള്ളതായി തന്റെ വിഖ്യാത പ്രബന്ധമായ Three Hundred Ramayanas ൽ അഭിപ്രായപ്പെടുന്നു.

തായ്‌ലൻഡിൽ രാമായണം ദേശീയ ഇതിഹാസമാണെങ്കിൽ ഇന്തോനേഷ്യയിൽ കാകവിൻ രാമായണവും കംബോഡിയയിൽ രീംകെയർ നാടകശില്പവുമാണ്. ലാവോസിലും മ്യാന്മറിലും ഫിലിപ്പീൻസിലും അവരുടേതായ ആഖ്യാനങ്ങളിൽ രാമകഥകൾ നിലനിൽക്കുന്നു. ദേശങ്ങളുടെയും ഭാഷകളുടെയും വ്യത്യസ്തകൾക്കിടയിലും രാമായണത്തെ മലയാളിയും ജാതിമത ഭേദമന്യേ നെഞ്ചിലേറ്റുന്നതിനു അതിന്റെ രചനാ വൈഭവത്തോടൊപ്പം അതുൾക്കൊള്ളുന്ന സാർവ്വജനീയമായ സന്ദേശ സമ്പുഷ്ടതയും കാരണമാകുന്നു. .

രാമായണമെന്ന ഇതിഹാസകാവ്യം മുന്നോട്ടുവയ്ക്കുന്ന സന്ദേശം ധർമ്മ നിഷ്ഠയും സത്യസാധനയുമാണ്. ആ സന്ദേശ സാക്ഷാത്കാരത്തിൽ ബഹുവിധ ബന്ധവിച്ഛേദങ്ങളുടെ ശോകവും അകൽച്ചകളുടെ ആകുലതകളും നിറയുന്നതിനാലാണ് രാമായണത്തിന്റെ ഉള്ളടക്കത്തെ ''ശോകം

വെറും ശോകം; അത് ശ്ലോകമായി'' എന്ന് മഹാകവി കാളിദാസൻ വിശേഷിപ്പിച്ചത്. ഇഹലോകത്തിൽ കാണുന്ന അപൂർണ്ണതകളെയും സഹജമായ സാങ്കൽപ്പിക ഭയത്തെയും കുറിച്ച് ഖിന്നനായിരുന്ന വാല്മീകിയുടെ പൂർണ്ണതയന്വേഷിച്ചുള്ള യാത്രയിൽ ലോകംമുഴുവൻ സഞ്ചരിക്കുന്നയാൾ എന്ന ഖ്യാതിയുള്ള നാരദനോട് അതേക്കുറിച്ചു ചോദിക്കുകയും അദ്ദേഹത്തിന്റെ മറുപടി പ്രകാരം ത്രേതായുഗത്തിൽ ജീവിച്ചിരുന്ന കോസല രാജാവായ ദശരഥന്റെ പുത്രനായ ശ്രീരാമചന്ദ്രനിലൂടെ ഒരു പൂർണ്ണമനുഷ്യനെ കണ്ടെത്താൻ നടത്തുന്ന അന്വേഷണമാണ് രാമായണം.

വാല്മീകിയുടെ പൂർണ്ണതാ സങ്കൽപ്പത്തിന് സാക്ഷിയാകുന്ന രാമൻ അകൽച്ചകളുടെയും ബന്ധവിച്ഛേദങ്ങളുടെയും വൈകാരിക പ്രതിസന്ധികളെ ധാർമ്മികതകൊണ്ട് അതിജീവിക്കുന്നു. ദൈവിക പരിവേഷം അധികമില്ലാത്ത വാൽമീകിയുടെ രാമൻ ധർമ്മ സംരക്ഷണത്തിനായി ആശ്രയിച്ചിരുന്ന ആയുധം ത്യാഗമായിരുന്നു.

പത്നിയായ കൈകേയിയുടെ വാശിക്ക് മുന്നിൽ ഇക്ഷ്വാകു വംശത്തിന്റെ സത്യനിഷ്ഠ നിലനിർത്താൻ ദശരഥ മഹാരാജാവ് പുത്രവാത്സല്യം വെടിഞ്ഞു ശ്രീരാമനെ വനവാസത്തിനു നിയോഗിക്കുമ്പോൾ പുത്രധർമ്മം സംരക്ഷിക്കാനായി രാമൻ രാജ്യവും സിംഹാസനവും ഉപേക്ഷിച്ചതിലൂടെ ത്യാഗത്തിന്റെ സന്ദേശമാണ് ഉയർത്തിപ്പിടിക്കുന്നത്.

സത്യവും ധർമ്മവും ത്യാഗത്തിലൂടെയാണ് വിജയം വരിക്കുന്നത്. വാല്മീകി മഹർഷി രാമന് പ്രാധാന്യം നൽകുമ്പോൾ ഇതര ദേശങ്ങളിലെയും ഭാഷകളിലെയും രാമ കഥകൾ

സീതയെയും രാവണനെയും ലക്ഷ്മണനെയും ഭരതനെയും നായക സങ്കൽപ്പങ്ങളിൽ പ്രതിഷ്ഠിക്കുന്നുണ്ട്. അവിടേയും ത്യാഗവും സഹനവും ധർമ്മവും തന്നെയാണ് പ്രതിപാദ്യ വിഷയം. കൊട്ടാരജീവിതം കൈവിട്ടു ഭതൃശുശ്രൂഷാർത്ഥം കല്ലുംമുള്ളും ഹിംസ്ര ജന്തുക്കളും നിറഞ്ഞ ഘോരവനത്തിലേക്കു ഭർത്താവിനോടൊപ്പം യാത്രയാകുന്ന സീത ഒരു സഹധർമ്മിണിയുടെ പത്നീധർമ്മത്തെയാണ് പരിപാലിച്ചു മാതൃകയാകുന്നത്. രാജാധികാരം ലഭിച്ച ഭരതൻ പദവി ഏറ്റെടുക്കാതെ ജ്യേഷ്ഠനുവേണ്ടി പതിനാലുകൊല്ലം ജഡാവൽക്കലം ധരിച്ചു സിംഹാസനാരൂഢനല്ലാതെ രാജഭരണം നടത്തിയതും യുവരാജാവാകേണ്ട ലക്ഷ്മണൻ സുഖഭോഗങ്ങളെല്ലാം വലിച്ചെറിഞ്ഞു ഊർമ്മിളയെപോലും ഉപേക്ഷിച്ചു സഹോദരന്റെ സംരക്ഷണാർത്ഥം അദ്ദേഹത്തെ അനുഗമിക്കുന്നതും ബന്ധങ്ങളുടെ മൂല്യങ്ങൾ നിലനിർത്താനുള്ള ത്യാഗത്തിന്റെയും ഭാതൃ ധർമ്മ സംരക്ഷണത്തിന്റെയും ഉത്തമ ഉദാഹരണങ്ങളാണ്.

ബലവാനായ ബാലിയെ ക്ഷത്രിയധർമ്മം വെടിഞ്ഞു ഒളിയമ്പെയ്തു രാമൻ നിഗ്രഹിക്കുമ്പോൾ സംരക്ഷിച്ചത് സ്ത്രീസുരക്ഷ ധർമ്മമാണ്. അനുജനായ സുഗ്രീവനെ നാടുകടത്തിയിട്ടു ഭാര്യ രുമയെ ബലാൽക്കാരമായി കൈവശപ്പെടുത്തിയ ബാലി സഹോദരന്റെ ഭാര്യയെ സഹോദരിയായി കാണണമെന്ന രാജധർമ്മത്തെയും സ്ത്രീ സുരക്ഷയേയുമാണ് അധികാരംകൊണ്ടു വെല്ലുവിളിച്ചത്. രാമൻ രാജധർമ്മം നിലനിർത്താനായി ക്ഷത്രിയ യുദ്ധനീതി അവഗണിച്ചു ബാലിയെ വധിക്കുന്നു.

രാജധർമ്മവും പതീധർമ്മവും തമ്മിൽ രാമന്റെ ഉള്ളിൽ നടക്കുന്ന ആന്തരിക സംഘട്ടനമാണ് ഉത്തര രാമായണത്തിലെ സീതാ പരിത്യാഗത്തിൽ കാണുന്നത്. പ്രജാതത്പര്യത്തിന് മുൻഗണന നൽകുന്ന രാജധർമ്മവും പത്നിക്ക് സംരക്ഷണം നൽകേണ്ട ഭതൃധർമ്മവും മുഖാമുഖം മത്സരിക്കുന്നു. രാവണന്റെ അധീനതയിൽ കഴിഞ്ഞിരുന്ന സീതയുടെ പാതിവൃത്യത്തിൽ സംശയാലുക്കളായ പ്രജകൾ ഒരു വശത്തും അഗ്നിശുദ്ധി വരുത്തി പാതിവൃത്യം തെളിയിച്ച ഭാര്യ മറുവശത്തും. ഇതിലേതിനെ സ്വീകരിക്കണം എന്നതായിരുന്നു രാമന്റെ മാനസിക സങ്കർഷം. ത്രേതായുഗത്തിലെ പ്രജാതത്പരനായ രാജാവിന്റെ രാജനീതി ഒരുഭാഗത്തും സ്നേഹനിധിയായ ഭർത്താവിന്റെ സ്വകാര്യമായ പതീധർമ്മം മറുഭാഗത്തും. നൃപധർമ്മം പൂർത്തീകരിക്കണമെങ്കിൽ ദുർഘടമായ വനയാത്രയിൽ താനും ലക്ഷ്മണനും മധ്യത്തിൽ നടത്തി സംരക്ഷിച്ച, ഘോരമായ രാമരാവണ യുദ്ധത്തിൽ രാവണനെ വധിച്ചു വീണ്ടെടുത്ത പ്രിയപത്നി സീതയെ ഉപേക്ഷിക്കണം. ഈ പരീക്ഷണത്തിൽ ശരികളിൽ കൂടുതൽ ശരിയായതിനെ തെരഞ്ഞെടുത്തുകൊണ്ടു സീതയെ പരിത്യജിക്കാനാണ് രാമൻ തയ്യാറായത്. (ഇന്നും വിവാദങ്ങളും വിചാരണകളും തുടരുന്ന നടപടി )

ഇണചേർന്നിരുന്ന ക്രൗഞ്ച പക്ഷികളിൽ ഒന്നിനെ അമ്പെയ്തുവീഴ്ത്തിയ കാട്ടാളൻ; കവിയുടെ ഹൃദയത്തിൽ ഉണ്ടാക്കിയ ദുഃഖത്തിൽ തുടങ്ങി സീതയുടെ അന്തർധാനം - വരെയുള്ള രാമായണത്തിലെ അരങ്ങൊഴിയാത്ത ആകുലതകൾ ശ്രീരാമൻ സരയൂനദിയിലെ ജലസമാധിയിൽ വിലയം പ്രാപിക്കുന്നതുവരെ തുടരുന്നു. രാമസീതാ കല്യാണം കേവലമായാ കവികൽപ്പനയല്ല ഭാരതത്തിന്റെ പൗരാണിക സന്ദേശമാണ്. കാലഗണനകൾക്കും ശേഷിപ്പുകൾക്കും അപ്പുറമുണ്ടായിരുന്ന സമത്വ ദർശനത്തിന്റെ മൂർത്തഭാവമാണത്. രാമന്റെയും സീതയുടെയും സ്വരൂപങ്ങൾ കർമ്മയോഗത്തിലും കർമ്മഫല സിദ്ധാന്തത്തിലും അധി

ഷ്ഠിതമായ ദർശനമാണ്. ഉന്നത കുലജാതനായ ശ്രീരാമന്റെ ജനനവും ജാതകവും വസിഷ്ഠ മഹർഷി ജ്യോതിഷ വിധിപ്രകാരം കാലഗണനയനുസരിച്ചു കൃത്യമായി രാമായണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ജന്മനക്ഷത്രവും തിഥിയും ഗ്രഹനിലയും ഗണിച്ചു ലിഖിതപ്പെടുത്തിയിട്ടുണ്ട്. ആചാരപ്രകാരം ഉപനയനവും എല്ലാ അസ്ത്രശാസ്ത്ര അഭ്യാസങ്ങളും പൂർത്തിയാക്കിയ കിരീടാവകാശി. എന്നാൽ ജീവിത സഖിയായി വരുന്ന സീത ഇതിന്റെയൊക്കെ നേർവിപരീതം. ജാതിയില്ല ജാതകവുമില്ല പിറന്ന സ്ഥലമോ മാതാപിതാക്കളോ അവൾക്കില്ല. ആരോ പ്രസവിച്ചു ഉഴവുചാലിലേക്കു വലിച്ചെറിഞ്ഞ അനാഥ പെണ്ണ്. അനാഥകുഞ്ഞിനെ എടുത്തു വളർത്തിയ ജനക മഹാരാജാവിൽ നിന്നും സ്വയംവരത്തിലൂടെ വധുവാക്കിയ രാമൻ അവളെ അയോധ്യയിലെ രാജ്ഞിയാക്കുന്നു. രാജാക്കന്മാർക്ക് ബഹുഭാര്യത്വം അനുവദിക്കപ്പെട്ടിരുന്ന അക്കാലത്തു ഏകപത്നീ വ്രതനായി ജീവിതാവസാനംവരെ കഴിയുന്ന രാമൻ രാജധർമ്മത്തിന്റെ നിബന്ധനകൾ തടസ്സമാകാത്തിടത്തോളം പതീധർമ്മത്തിൽ നിഷ്കർഷത പാലിക്കുന്നു. ത്രേതാ യുഗത്തിലെ രാമസീതാ സംയോജനത്തിൽ കലികാലത്തിലെ വർണ്ണവ്യവസ്ഥയുടെയോ വിഭാഗീയതയുടെയോ ലക്ഷണങ്ങൾ യാതൊന്നും അവശേഷിപ്പിക്കുന്നില്ല. ധർമ്മത്തിന് വ്യാഖ്യാനം ചമയ്ക്കാൻ മുതിരുന്നവർ ധർമ്മമെന്നത് കാലത്താലും ദേശത്താലും ബന്ധിതമാണെന്ന സത്യം മറന്നുപോകാറുണ്ട്.

രാമന്റെ വഴിയായും സഞ്ചാരമായും രാമായണത്തിന് അർത്ഥതലങ്ങൾ കൽപ്പിക്കാമെങ്കിലും കാവ്യത്തിലെ കേന്ദ്രീകൃതവും പ്രഭാപൂർണ്ണവുമായ കഥാപാത്രം എന്നും സീതയാണ്. അചഞ്ചലമായ ആദർശങ്ങളുടേയും നിശ്ചയദാർഢ്യത്തിന്റെയും അതേസമയം തന്നെ സഹനത്തിന്റെയും പ്രതീകമായ സീതയുടെ ഔന്നത്യം പ്രതിപാദിക്കുന്നതിൽ വാല്മീകി സ്വീകരിച്ച മൗനത്തെ കാളിദാസനും ഭവഭൂതിയും ശക്തിഭദ്രനും സംസ്കൃതത്തിലൂടെയും കുമാരനാശാനും എം ലീലാവതിയും മലയാളത്തിലൂടെയും ഭഞ്ജിച്ചിട്ടുണ്ട്. വനവാസത്തിനായി തയ്യാറെടുത്ത ആര്യപുത്രന്റെ കൂടെ പുറപ്പെടാൻ ഒരുങ്ങിയ സീതയെ പിന്തിരിപ്പിച്ചു അയോധ്യയിൽ നിർത്താൻ രാമനും ഉറ്റവരും ശ്രമിച്ചപ്പോൾ രാമൻ എവിടെയാണോ അവിടെയാണ് തന്റെ അയോധ്യ എന്ന ഉറച്ച തീരുമാനത്തോടെ രാമനെ അനുഗമിച്ചതും അശോകവനികയിൽ രാവണന്റെ തടവിൽ കഴിയുമ്പോൾ ഉണ്ടായ പ്രലോഭനങ്ങളെയും ഭീഷണികളെയും ധീരമായി നേരിട്ടതും രാമദൂതുമായി എത്തിയ ഹനുമാൻ സീതയെ ചുമലിലേറ്റി രക്ഷപ്പെടുത്താമെന്ന വാഗ്ദാനം നൽകിയപ്പോൾ പരപുരുഷ സ്പർശനം ഒഴിവാക്കാനായി അഭ്യർത്ഥന നിരസിച്ചതും സീതയുടെ കരുത്തുകാട്ടുന്ന പ്രകടനങ്ങളാണ്. ലങ്കാപുരി അഗ്നിക്കിരയാക്കിയ ഹനുമാനെ സ്ത്രീകളെ ആക്രമിക്കുന്ന ദൗത്യത്തിൽ നിന്നും പിന്തിരിപ്പിക്കാൻ സീത നൽകുന്ന'' നകഞ്ചിന്നാപര്യാധ്യതി '' (തെറ്റ് ചെയ്യാത്തവരായി ഈ ലോകത്തിൽ ആരുമില്ല) എന്ന പ്രസ്താവ്യം വാൽമീകിയുടെ ഉദാത്തമായ വരികളിൽ എന്നും മുന്നിൽ നിൽക്കുന്നതാണ്. രാമനാൽ തിരസ്കൃതയായി വാൽമീകിയുടെ ആശ്രമത്തിൽ കഴിയുന്ന സീതയെ രാമസദസ്സിലെത്തിച്ചു വീണ്ടും ചാരിത്ര്യശുദ്ധി തെളിയിക്കാൻ ആവശ്യപ്പെടുന്ന സദസ്സിനോട് ശക്തമായി വിയോജിച്ചുകൊണ്ടു ജന്മംനൽകിയ ഭൂമിദേവിയോട് തന്നെ തിരിച്ചു സ്വീകരിക്കണമെന്ന അഭ്യർത്ഥനയോടെ ഭൂമിയിലേക്ക് അന്തർധാനം ചെയ്യുന്ന സീത വിട്ടുവീഴ്ചയില്ലാത്ത നിലപാടുകളുടെ നേർസാക്ഷ്യമായി രാമകഥയിൽ തിളങ്ങി നിൽക്കുന്നു. പുരുഷകേന്ദ്രീകൃതമായ സാമൂഹ്യാവസ്ഥ നിലനിന്നിരുന്ന അക്കാലത്തു ഭാരതീയ സ്ത്രീ സങ്കൽപ്പത്തിന്റെ ഉദാത്ത മാതൃകയായി രാമായണത്തിൽ ലാവണ്യ പ്രഭ ചൊരിയുന്നതു കൊണ്ടാകാം ഡോ: എം ലീലാവതി ഈ ഇതിഹാസത്തിനു സീതായനം എന്ന പര്യായം നൽകി ആദരിച്ചത്.



# ഫിലഡൽഫിയ ട്രൈസ്റ്റേറ്റ് കേരള ഫോറം ഓണാഘോഷം ആവേശമാക്കാൻ ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന സംഗീതനിശ




**സുമോദ് തോമസ്**
നെല്ലിക്കാല

ഫിലഡൽഫിയ: അമേരിക്കയിലെ പ്രവാസി മലയാളികളുടെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മകളിലൊന്നായ ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ ഈ വർഷത്തെ ഓണാഘോഷം സംഗീതത്തിന്റെയും കലാപാരമ്പര്യത്തിന്റെയും നിറവിൽ അതിഗംഭീരമായി അരങ്ങേറാൻ ഒരുങ്ങുന്നു. ഓഗസ്റ്റ് 22-ന് ഫിലഡൽഫിയയിലെ കാൻസ്റ്റാറ്റർ ഓഡിറ്റോറിയത്തിൽ (Cannstatter, 9130 Academy Road, Philadelphia) നടക്കുന്ന ആഘോഷത്തിന്റെ മുഖ്യ ആകർഷണമായി മലയാളത്തിന്റെ പ്രിയപ്പെട്ട പിന്നണി ഗായകൻ ബിജു നാരായണനും അദ്ദേഹത്തിന്റെ സംഗീതസംഘവും അവതരിപ്പിക്കുന്ന ലൈവ് സംഗീതനിശയുണ്ടാകും.

മലയാളികളുടെ ഹൃദയങ്ങളിൽ എന്നും ഇടംപിടിച്ചിട്ടുള്ള അനേകം ഭക്തിഗാനങ്ങളും ചലച്ചിത്രഗാനങ്ങളും മാപ്പിളപ്പാട്ടുകളും ഉൾപ്പെടെ വൈവിധ്യമാർന്ന ഗാനങ്ങളാൽ പ്രശസ്തനായ ബിജു നാരായണൻ, തന്റെ മധുരശബ്ദത്തിലൂടെ ഓണാഘോഷ വേദിയെ സംഗീതത്തിന്റെ

ഉത്സവമാക്കി മാറ്റുമെന്ന് സംഘാടകർ പ്രതീക്ഷ പ്രകടിപ്പിച്ചു. കുടുംബസമേതം എത്തുന്ന പ്രവാസി മലയാളികൾക്ക് കേരളത്തിന്റെ ഓർമ്മകൾ ഉണർത്തുന്ന ഹൃദയസ്പർശിയായ സംഗീത വിരുന്നായിരിക്കും ഈ ലൈവ് കോൺസർട്ട്.

സംഗീതപരിപാടിക്കൊപ്പം കേരളത്തിന്റെ തനത് കലാസാംസ്കാരിക പൈതൃകം പ്രതിഫലിപ്പിക്കുന്ന മെഗാ തിരുവാതിര, ചെണ്ടമേളം, നാടൻ കലാരൂപങ്ങൾ, കലാപരിപാടികൾ, നൃത്താവിഷ്കാരങ്ങൾ, വർണാഭമായ പൂക്കളം, വിഭവസമൃദ്ധമായ ഓണസദ്യ എന്നിവയും ആഘോഷത്തിന്റെ പ്രധാന ആകർഷണങ്ങളായിരിക്കും. മെഗാ തിരുവാതിരയ്ക്ക് പ്രമുഖ നൃത്തപരിശീലക ബേബി തടവനാലിന്റെ നേതൃത്വത്തിൽ പരിശീലനം പുരോഗമിക്കുകയാണ്.

ഈ വർഷത്തെ ഓണാഘോഷത്തിന്റെ മുഖ്യാഘോഷകനായി പ്രമുഖ കാൻസർ വിദഗ്ധനും ഹീമറ്റോളജിസ്റ്റുമായ ഡോ. എം. വി. പിള്ള പങ്കെടുക്കും. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, മത മേഖലകളിലെ പ്രമുഖരും വിവിധ മലയാളി സംഘടനകളുടെ ഭാരവാഹികളും ചടങ്ങിൽ സംബന്ധിക്കുമെന്ന് ട്രൈസ്റ്റേറ്റ് കേരള ഫോറം ഭാരവാഹികൾ അറിയിച്ചു.

പെൻസിൽവാനിയ, ന്യൂജേഴ്സി, ഡെലവെയർ സംസ്ഥാനങ്ങളിലെ നിരവധി മലയാളി സംഘടനകളെ ഒരുമിപ്പിക്കുന്ന ട്രൈസ്റ്റേറ്റ് കേരള ഫോറത്തിന്റെ വാർഷിക ഓണാഘോഷം, പ്രവാസി മലയാളികൾക്ക് കേരളത്തിന്റെ സംസ്കാരവും പാരമ്പര്യവും പുതുതലമുറയിലേക്ക് പകർന്നു നൽകുന്ന ഏറ്റവും വലിയ സാംസ്കാരിക വേദികളിലൊന്നായി മാറിക്കഴിഞ്ഞു. സംഗീതം, നൃത്തം, പാരമ്പര്യം, സൗഹൃദം, കുടുംബസംഗമം എന്നിവയെല്ലാം ഒരേ വേദിയിൽ കോർത്തിണക്കുന്ന ഈ മഹോത്സവത്തിൽ ആയിരക്കണക്കിന് മലയാളികൾ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ എന്ന് ചെയർമാനായ ശ്രീ. ലെനോ സ്കറിയ, ജനറൽ സെക്രട്ടറി ശ്രീ. ജോബി ജോർജ്, ട്രഷറർ ശ്രീ. രാജൻ സാമുവൽ, ഓണം ചെയർമാൻ ബിനു മാത്യു, പ്രോഗ്രാം കോർഡിനേറ്റർ റോണി വർഗീസ് എന്നിവർ അഭിപ്രായപ്പെട്ടു.

ട്രൈസ്റ്റേറ്റ് കേരള ഫോറം എല്ലാ മലയാളി കുടുംബങ്ങളെയും ഈ മഹത്തായ ഓണാഘോഷത്തിലും ബിജു നാരായണനും സംഘവും അവതരിപ്പിക്കുന്ന ലൈവ് സംഗീതവിരുന്നിലും, ഓണ സദ്യയിലും പങ്കുചേർന്ന് ഓണത്തിന്റെ സന്തോഷവും ഐക്യവും ആഘോഷിക്കാൻ ടികെ എഫ് ഓണാഘോഷ സംഘാടക സമിതി ഹാർദ്ദവമായി എല്ലാ മലയാളികളെയും സ്വാഗതം ചെയ്യുന്നു.




Promise, Through the Path of Trust
TEAM PROMISE
FOMAA 2026-28
Mathew Varghese
For President
Johnson Joseph
For Vice President
Anu Skariah
For Gen. Secretary
Reshma Ranjan
For Joint Secretary
Binoy Thomas
For Treasurer
Titto John
For Joint Treasurer
Please Requesting
Your Prayers and Support

# ഫൊക്കാന 2026 കൺവെൻഷനിൽ ആയിരത്തിലേറെ കലാകാരികളുമായി മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമം

## അമേരിക്കയിലുടനീളമുള്ള മലയാളി നൃത്തോപാസകർ ചരിത്രം കുറിക്കാൻ ഒരേ വേദിയിൽ

ശ്രീകുമാർ ഉണ്ണിത്താൻ

ന്യൂയോർക്ക് :കേരളത്തിന്റെ ശാസ്ത്രീയ നൃത്തപാരമ്പര്യത്തിന് ആഗോള വേദിയിൽ പുതിയ ചരിത്രം രചിക്കാൻ ഒരുങ്ങുകയാണ് ഫൊക്കാന 2026 ദേശീയ കൺവെൻഷൻ. ആയിരത്തിലധികം കലാകാരികൾ ഒരേസമയം മോഹിനിയാട്ടം അവതരിപ്പിക്കുന്ന ഗിന്നസ് വേൾഡ് റെക്കോർഡ് ശ്രമമാണ് കൺവെൻഷന്റെ ഏറ്റവും ശ്രദ്ധേയമായ ആകർഷണമായി ഒരുക്കുന്നത്. അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 1,100-ലധികം നർത്തകികൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നോർത്ത് അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഐക്യവും കലാസ്നേഹവും ലോകത്തിന് മുന്നിൽ തെളിയിക്കുന്ന അപൂർവ മുഹൂർത്തമാകുമിതെന്ന് ഏവരും പ്രതിക്ഷിക്കുന്നു.

അമേരിക്കയിൽ എട്ടു മുതൽ പത്തു ലക്ഷം വരെ മലയാളികൾ താമസിക്കുന്നുവെന്നാണ് വിവിധ പ്രവാസി സംഘടനകളുടെ കണക്ക്. വിദ്യാഭ്യാസം, ആരോഗ്യരംഗം, ഐ.ടി., ഗവേഷണം, ബിസിനസ് തുടങ്ങി വിവിധ മേഖലകളിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ച ഈ സമൂഹം, ഇപ്പോൾ കേരളത്തിന്റെ തനത് കലാപൈതൃകം ലോക റെക്കോർഡിന്റെ വേദിയിലേക്ക് ഉയർത്തിക്കൊണ്ടുപോകാൻ കൈകോർക്കുകയാണ്. പ്രവാസി മലയാളികളുടെ സാംസ്കാരിക അഭിമാനത്തിന്റെയും കൂട്ടായ്മയുടെയും ഉജ്ജ്വല പ്രതീകമായി ഈ ഗിന്നസ് ശ്രമം മാറുമെന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു.

മോഹിനിയാട്ടം ഗിന്നസ് റെക്കോർഡ് ശ്രമത്തിൽ പങ്കെടുക്കുന്ന എല്ലാ കലാകാരികളുടെയും വേഷങ്ങൾ കോട്ടയത്തെ ലക്ഷ്മി സിൽക്സ് സ്പോൺസർ ചെയ്യുമെന്ന സന്തോഷവാർത്തയും പങ്കുവെക്കുന്നു. കേരളത്തിന്റെ പാരമ്പര്യവും പെരുമയും ലോകവേദിയിൽ കൂടുതൽ പ്രൗഢിയോടെ അവതരിപ്പിക്കുന്ന ഈ മഹാസംരംഭത്തിൽ ലക്ഷ്മി സിൽക്സിന്റെ സഹകരണം വിലമതിക്കാനാവാത്ത പിന്തുണയാണെന്നും അവർ പറഞ്ഞു.

ഗിന്നസ് റെക്കോർഡ് പരിപാടിയിൽ പങ്കെടുക്കുന്ന കലാകാരികൾക്ക് അവർ പങ്കെടുക്കുന്ന ദിവസത്തെ കൺവെൻഷൻ രജിസ്ട്രേഷൻ ഫീസ് പൂർണമായും ഒഴിവാക്കാൻ ഫൊക്കാന തീരുമാനിച്ചിട്ടുണ്ട്. അമേരിക്കയുടെ വിവിധ കോണുകളിൽ നിന്ന് എത്തുന്ന നൃത്തോപാസകരുടെ പങ്കാളിത്തം കൂടുതൽ

സുഗമവും സൗകര്യപ്രദവുമാക്കുന്നതിനായാണ് ഈ തീരുമാനം. അതിനാവശ്യമായ എല്ലാ ലോജിസ്റ്റിക് സംവിധാനങ്ങളും വിപുലമായി ഒരുക്കിവരുന്നതായും സംഘാടകർ അറിയിച്ചു.




ഗുരു ബീന മേനോൻ കോറിയൊഗ്രാഫി ചെയ്യുന്ന ഈ പ്രോഗ്രാമിൽ അമേരിക്കയിലെ പ്രധാന ഡാൻസ് ടീച്ചേഴ്സും ഗുരുക്കന്മാരുമായ നിമ്മി ദാസ്, നിമ്മി ബാബു, ബിന്ധ്യ ശബരി, ദേവിക നായർ, ലിസ ജോസഫ്, ലതിക നായർ, ജെയിൻ തെരേസ ബാബ അശ്വതി അരുൺ, ബേസിൽ കാളഹർട്സ്, ബേബി തടവനാൽ, ആശ അഗസ്റ്റിൻ, മാലിനി നായർ, നീന ഫിലിപ്പ്, സൗയ്മാ, ചന്ദ്രിക കുറുപ്പ്, ലക്ഷ്മി കുറുപ്പ്, അഞ്ജന പ്രദീപ്, പ്രിയ ലൂയിസ്, ജോജോ കൊട്ടാരക്കര, സുഷമ പ്രവീൺ, മേരിയാൻ മൈക്കിൾ , സുജിത് തോന്നാറിൽ, റുബീന സുദർശൻ, അപരുമ ചാറ്റർജ്ജി തുടങ്ങി നിരവധി ഡാൻസ് സ്കൂളുകളും ടീച്ചേഴ്സും ഇതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു

ഇതിന്റെ കോർഡിനേറ്റർ ആയി പ്രവർത്തിക്കുന്ന മനോജ് വട്ടപ്പള്ളി , കോ കോർഡിനേറ്റർ ഡോ. ഷൈനി രാജു എന്നിവരും എക്സിക്യൂട്ടീവ് കമ്മിറ്റിയും ലോകത്തിലേക്കും ഏറ്റവും വലുതും പുരാതനമായ പ്രവാസി സംഘടനായ ഫൊക്കാനയുടെ 2026 ദേശീയ കൺവെൻഷൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രവാസി മലയാളി സംഗമമായി മാറുമെന്ന് ആത്മവിശ്വാസം പ്രകടിപ്പിച്ചു.

സാമ്പത്തിക നേട്ടമല്ല, ലോകമെമ്പാടുമുള്ള മലയാളികളുടെ ഹൃദയങ്ങളെ ഒരു ചരടിൽ കോർത്തിണക്കുകയും കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകം ലോകസമക്ഷം അഭിമാനത്തോടെ അവതരിപ്പിക്കുകയുമാണ് ഫൊക്കാനയുടെ ലക്ഷ്യമെന്ന് നേതാക്കൾ വ്യക്തമാക്കി. ചരിത്രത്തിന്റെ താളുകളിൽ ഇടംനേടാൻ ഒരുങ്ങുന്ന ഈ ഗിന്നസ് റെക്കോർഡ് ശ്രമത്തിലും ഫൊക്കാന 2026 കൺവെൻഷനിലും എല്ലാ മലയാളികളുടെയും ഹൃദയപൂർവമായ സഹകരണവും പിന്തുണയും അഭ്യർഥിക്കുന്നു.



# വായനക്കാർ പറഞ്ഞു ഞാനും ഒരെഴുത്തുകാരൻ ആണെന്ന്:

## പി.ടി പൗലോസുമായി അഭിമുഖം

**(ഇ–മലയാളി 2020–ൽ പി.ടി. പൗലോസിന് ലേഖനത്തിനുള്ള അവാർഡ് നൽകി ആദരിച്ചപ്പോൾ നടത്തിയ അഭിമുഖം)**

പി.ടി.പൗലോസ്. എറണാകുളം ജില്ലയിലെ കൂത്താട്ടുകുളം സ്വദേശി. 1968 മുതൽ കാൽ നൂറ്റാണ്ടുകാലം കൽക്കട്ട ആയിരുന്നു പ്രവർത്തന മണ്ഡലം. പിന്നീട് പതിനഞ്ച് വർഷം കൊച്ചിയിൽ. 2010 മുതൽ ന്യൂയോർക്ക് ലോംങ്ങ്ഐലന്റിലെ ഫ്രാങ്ക്ലിൻ സ്ക്വയറിൽ കുടുംബവുമായി താമസിക്കുന്നു.

രണ്ടര പതിറ്റാണ്ട് നീണ്ട കൽക്കട്ട ജീവിതത്തിൽ പത്രപ്രവർത്തനരംഗത്തും നാടകപ്രവർത്തനരംഗത്തും മറ്റ് കലാ-സാഹിത്യ-സാമൂഹ്യ- സാംസ്ക്കാരിക മേഖലകളിലും സജീവ പങ്കാളിത്തമുണ്ടായിരുന്നു. നാടകനടൻ, സംവിധായകൻ എന്ന നിലകളിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഇൻഡ്യയിലെ അടിയന്തിരാവസ്ഥയുടെ കറുത്ത നാളുകളിലെ അറിയപ്പെടാത്ത പല കഥകളും വിവിധ പ്രാദേശിക പത്രങ്ങളിലൂടെ പുറം ലോകത്തെ അറിയിച്ചു. അതിന്റെ പേരിൽ വധഭീഷണിവരെ നേരിട്ടിട്ടുണ്ട്. കൽക്കട്ട മലയാളി അസ്സോസിയേഷൻ

സ്ഥാപകാംഗവും പ്രസിഡണ്ടുമായിരുന്നു.

ബംഗാൾ റാഷണലിസ്റ്റ് അസ്സോസിയേഷൻ സ്ഥാപക സെക്രട്ടറി ആയും സേവനമനുഷ്ഠിച്ചു. ആർട്ട്സ് സെന്റർ കൽക്കത്ത എന്ന നാടക സമിതിയിലും ഏറെക്കാലം പ്രവർത്തിച്ചു. മൂവാറ്റുപുഴ താലൂക്ക് ലൈബ്രറി കൗൺസിൽമെമ്പറായിപ്രവർത്തിക്കുവാനും അവസരം ലഭിച്ചിട്ടുണ്ട്.

നാടകങ്ങളും കഥകളും ലേഖനങ്ങളും ആയി ആറ് പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. ഇപ്പോൾ അച്ചടി-ഓൺലൈൻ മാധ്യമങ്ങളിൽ കഥകളും ലേഖനങ്ങളും ഏഴുതുന്നതോടൊപ്പം ന്യൂയോർക്ക് സർഗ്ഗവേദിയുടെ അമരക്കാരിൽ ഒരാളായിപ്രവാസ സാഹിത്യ പ്രവർത്തനങ്ങളിൽ സജീവം.

**1. ഇമലയാളിയിലെ പുരസ്ക്കാരം പ്രതീക്ഷിച്ചിരുന്നോ? അവാർഡ് നിങ്ങൾക്ക് ലഭിച്ചുവെന്ന് അറിഞ്ഞപ്പോൾ ഉണ്ടായ വികാരം?**

ഉ. ഒട്ടും പ്രതീക്ഷിച്ചില്ല. വിവരം അറിഞ്ഞപ്പോൾ ഉണ്ടായ വികാരം സന്തോഷം മാത്രം. ഒരെഴുത്തുകാരൻ ആണെന്നുള്ള അംഗീകാരം എന്നിലെ എഴുത്തുകാരന്റെ ഉത്തരവാദിത്വം കൂട്ടി എന്ന് വിശ്വസിക്കുന്നു.

**2. ഇമലയാളി പതിവായി വായിക്കുന്നുണ്ടാകുമല്ലൊ. ഇ മലയാളിയെ കൂടുതൽ മെച്ചപ്പെടുത്താൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്ന കാര്യങ്ങൾ എന്തൊക്കെ?**

ഉ. ഞാൻ ഇമലയാളി കഴിയുന്നതും മുടങ്ങാതെ വായിക്കുന്നുണ്ട്. ഇമലയാളി ഓരോ വർഷവും മെച്ചപ്പെട്ടുകൊണ്ട് തന്നെ വരുന്നുണ്ട്. ഉള്ളടക്കം ഒറ്റനോട്ടത്തിൽ കാണാൻ കഴിയും എന്നത് ഇ മലയാളിയുടെ എടുത്തു പറയേണ്ട പ്രത്യേകകതളിലൊന്നാണ്. വായന കുറഞ്ഞുവരുന്ന ഈ കാലത്ത് എല്ലാം എല്ലാവരും വായിക്കുന്നുണ്ടോ എന്ന് സംശയമാണ്. ഓരോ ആർട്ടിക്കിളും എത്ര പേർ വായിക്കുന്നു എന്നറിയാൻ ഒരു സംവിധാനമുണ്ടെങ്കിൽനന്നായിരുന്നു. അതെങ്ങനെ സാധിക്കും എന്നെനിക്ക് നിശ്ചയമില്ല. ഇവിടത്തെ പ്രാദേശിക വാർത്തകൾക്കു കൂടി പ്രാധാന്യം കൊടുത്താൻ നന്നായിരിക്കും. തലക്കെട്ട് മാത്രം വായിച്ചിട്ട് ഉള്ളടക്കം വായിക്കാതെ കമന്റ് എഴുതുന്ന പലരെയും ഞാൻ ഇ മലയാളിയിൽ കാണാറുണ്ട്. നിഷ്പക്ഷമായി കമന്റ് എഴുതുന്ന ഒരു സംസ്ക്കാരം കൂടി ഇമലയാളിയിൽ ഉണ്ടാകേണ്ടതുണ്ട് എന്നാണ് എന്റെ എളിയ തോന്നൽ.

**3. അമേരിക്കൻ മലയാള സാഹിത്യത്തെ എങ്ങനെ വിലയിരുത്തുന്നു? നിങ്ങളുടെ രചനകൾ അമേരിക്കൻ മലയാള സാഹിത്യത്തിന്റെ വളർച്ചയെ എങ്ങനെ സഹായിക്കും?**

ഉ. അമേരിക്കൻ മലയാള സാഹിത്യം എന്ന ഒന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. മലയാള സാഹിത്യം ഒന്നല്ലേയുള്ളൂ? പിന്നെ നാട്ടിൽ എഴുതുന്നവരും അമേരിക്കയിൽ എഴുതുന്നവരും തമ്മിൽ ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. എന്നിരുന്നാലും ˆഅമേരിക്കൻ എഴുത്തുകാരുടെ സംഭാവന മലയാളസാഹിത്യത്തിന്റെ കൂടി മുതൽ കൂട്ടാണ്.

**4. ഒരു എഴുത്തുകാരനാകുക എന്നത് നിങ്ങളുടെ ബാല്യകാല സ്വപ്നമായിരുന്നോ? ആ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടുവെന്ന് നിങ്ങൾ വിശ്വസിക്കുന്നോ? ഇ മലയാളിയുടെ താളുകൾ അതിന് നിങ്ങൾക്ക് സഹായകമായോ? അറിയപ്പെടുന്ന ഒരെഴുത്തുകാരൻ എന്നതാണോ നിങ്ങളുടെ സ്വപ്നം? എന്തുകൊണ്ട് നിങ്ങൾ എഴുതുന്നു?**

ഉ. അങ്ങനെ ഒരു ബാല്യകാല സ്വപ്നമൊന്നും എനിക്കില്ലായിരുന്നു. ഞാൻ ചെറുപ്പത്തിൽ വായിച്ച പുസ്തകങ്ങളിലെ നന്മനിറഞ്ഞ നായകന്മാർ ഭാവിയിൽ ഞാനായിരിക്കണം എന്ന് ആശിച്ചിട്ടുണ്ട് അല്ലെങ്കിൽ വ്യാമോഹിച്ചിട്ടുണ്ട്. അത് എന്റെ മാനുഷികമായ ബലഹീനത ആയിരിക്കാം. അറിയപ്പെടുന്ന എഴുത്തുകാരൻ ആകണം എന്ന സ്വപ്നമൊന്നും എനിക്കില്ലായിരുന്നു.

സമൂഹത്തിൽ കണ്ട പൊരുത്തക്കേടുകൾക്കെതിരെ ഞാൻ ശീലിച്ച ശൈലിയിൽ എഴുതിയപ്പോൾ എന്റെ ആശയങ്ങളോട് സമാനതയുള്ള വായനക്കാർ പറഞ്ഞു ഞാനും ഒരെഴുത്തുകാരനാണെന്ന്. യോജിക്കാത്തവർ എന്നെ തള്ളിപ്പറയുകയും ചെയ്തു. അമേരിക്കയിൽ എത്തിയ ശേഷം എന്നിലെ അഗ്നികെടാതെ സൂക്ഷിച്ചത് ഇ മലയാളിയുടെ താളുകളാണെന്ന് നിസ്സംശയം പറയാം.

എന്തുകൊണ്ട് എഴുതുന്നു എന്നതിന് ഉത്തരമില്ല. സമൂഹത്തെ അത്രപെട്ടെന്ന് നന്നാക്കാമെന്ന വ്യാമോഹവുമില്ല. പ്രതികരണശേഷി നഷ്ടപ്പെടാത്തോളം കാലം എഴുതിക്കൊണ്ടേയിരിക്കും, വായനക്കാർ കുറയുന്ന വർത്തമാനകാലത്ത് എഴുതുവാനുള്ള ഉൾവലിവ് ഉണ്ടെങ്കിലും.

**5. എഴുത്തുകാർക്ക് അവാർഡ്/ അംഗീകാരം കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ എതിർക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നുണ്ടല്ലോ അതെക്കുറിച്ച് എന്ത് പറയുന്നു? പ്രസ്തുത മനോഭാവമുള്ള ഒരു സമൂഹത്തിൽ ഇത്തരം അംഗീകാരങ്ങൾ നിരസിക്കണമെന്ന് തോന്നിയിട്ടുണ്ടോ?**

ഉ. എഴുത്തുകാർക്ക് അവാർഡ് കൊടുക്കുന്നതിനെ അമേരിക്കൻ മലയാളികൾ വിമർശിക്കുന്നതിന്റെ കാരണം എനിക്കറിയില്ല. എന്നാൽ ഒന്നറിയാം അവാർഡുകൾ/അംഗീകാരങ്ങൾ എപ്പോഴും എഴുത്തുകാർക്ക് പ്രചോദനമാണ്. അതവർക്ക് പ്രോത്സാഹനമാകുന്നു. എന്നാൽ കൊടുക്കുന്ന സംഘടനകളുടെ/ സ്ഥാപനങ്ങളുടെ ഉദ്ദേശങ്ങൾക്ക് ശുദ്ധിയുണ്ടാകണം ആത്മാർത്ഥത ഉണ്ടായിരിക്കണം. ഇത് പറയാൻ കാരണം ഞാൻ അമേരിക്കയിൽ ചൂടുവെള്ളത്തിൽ ചാടിയ ഒരു പൂച്ചയാണ്. നാലഞ്ചു വർഷങ്ങൾക്ക് മുമ്പ് അമേരിക്കയിലെ ഒരു പ്രമുഖ സംഘടന അവരുടെ സാഹിത്യത്തിനുള്ള ദേശീയ അവാർഡിന് എന്നെ തെരഞ്ഞെടുത്തു. അവരുടെ ക്ഷണമനുസരിച്ച് ന്യൂയോർക്കിൽ നിന്ന് പതിനേഴ് മണിക്കൂർ ഡ്രൈവ് ചെയ്ത കുടുംബസമേതം പുരസ്ക്കാരവേദിയായ ചിക്കാഗോയിൽ അവർ പറഞ്ഞ തിയതിക്കും സമയത്തും എത്തി. അവിടെ ചെന്നപ്പോൾ അറിഞ്ഞു സാഹിത്യത്തിനുള്ള പുരസ്ക്കാര വിതരണം പ്രോഗ്രാമിൽ തിരുത്തൽ വരുത്തി തലേദിവസം നടത്തിയെന്ന്.

സംഘടനാ പ്രസിഡണ്ടിന്റെ കരുണാർദ്രമായ ഇടപെടൽ മൂലം എനിക്ക് തരാനിരുന്ന അവാർഡ് എവിടെനിന്നോ തപ്പിയെടുത്ത് അടുത്ത ദിവസം നടക്കുന്ന പൊതു സമ്മേളനത്തിൽ തരാമെന്നേറ്റു. ഞാനും കുടുംബവും സ്വന്തം ചിലവിൽ അന്ന് ഹോട്ടലിൽ തങ്ങി. പിറ്റേദിവസത്തെ പൊതുസമ്മേളനത്തിൽ ഞാനും കുടുംബവും ടിക്കറ്റെടുത്ത് കയറി. തിങ്ങിനിറഞ്ഞ സദസ്സിൽ ഞാൻ അവാർഡ് സ്വീകരിച്ചു. പക്ഷെ, എനിക്ക് തന്ന ഫലകത്തിൽ അവാർഡ് ജേതാവിന്റെ പേര് പി.റ്റി. പൗലോസ് എന്നതിന് പകരം പി.ഡി. പൗലോസ്എന്ന് ആലേഖനം ചെയ്തിരുന്നു.



എന്നെ അപമാനിച്ചെങ്കിലും ആ സംഘടനയെ അപമാനിക്കാതെ മാന്യതയോടെ ഞാൻ അവാർഡ് സ്വീകരിച്ചു. തന്നെയുമല്ല എന്നെ അവാർഡിന് തെരഞ്ഞെടുത്ത വിശിഷ്ട വ്യക്തികളോടുള്ള ബഹുമാനവും ഞാൻ കാണിക്കണമല്ലോ. സ്റ്റേജിൽ നിന്നറിങ്ങി താഴെനിന്ന ഒരു സംഘടനാ പ്രവർത്തകനോട് ഞാൻ പറഞ്ഞു. എന്റെ പേര് തെറ്റായിട്ടാണ് എഴുതിയിരിക്കുന്നത്. അപ്പോൾ അദ്ദേഹം പറഞ്ഞത്: അതെങ്കിലും കിട്ടിയല്ലോ. കിട്ടിയതിൽ സന്തോഷിച്ച് പൊയ്ക്കോളൂ.

ഞാനിത് എഴുതാൻ കാരണം അവാർഡ് കൊടുക്കുന്നവർ അവാർഡ് ജേതാവിന്റെ പേരെങ്കിലും തെറ്റാതെ എഴുതാനുള്ള ശ്രദ്ധയും ആത്മാർത്ഥതയും കാണിക്കണം. ഇതിനോടനുബന്ധമായി പറയട്ടെ. ആരാണ് പി.ഡി.പൗലോസ്? 1960 കളിൽ ഞങ്ങളുടെ നാട്ടിൽ ചിട്ടിക്കമ്പനി നടത്തി ലക്ഷക്കണക്കിന് രൂപയുമായി നാട്ടുകാരെ വെട്ടിച്ച് നാട് വിട്ട് ഇന്നും പിടികിട്ടാപുള്ളിയായി കഴിയുന്ന ഒരു കള്ളനാണ് പി.ഡി.പൗലോസ്. ആ കാട്ടുകള്ളന്റെ നാമത്തിൽ എനിക്ക് അവാർഡ് കിട്ടിയത് തികച്ചും യാദൃശ്ചികമാകാം.

ഇ മലയാളി എന്നും എന്റെ എഴുത്തിനേയും സാഹിത്യ പ്രവർത്തനങ്ങളേയും പ്രോത്സാഹിപ്പിച്ചിട്ടേയുള്ളൂ. അതുകൊണ്ട് ഇമലയാളി അവാർഡ് ആദരവോടെ സ്വീകരിക്കേണ്ടത് എന്റെ കടമ കൂടിയാണ്.

**6. ഒരെഴുത്തുകാരൻ/കാരിയാകണമെന്ന് സ്വയം തോന്നിയതെപ്പോൾ? ആദ്യത്തെ രചന എപ്പോൾ നടത്തി? എവിടെ പ്രസിദ്ധീകരിച്ചു?**

ഉ. ഒരു പത്രപ്രവർത്തന ഭൂതകാലമുണ്ടായിരുന്നു എനിക്ക്. ബ്രിട്ടീഷ് ഗവർമെന്റ് 'ലോർഡ്' പദവി നൽകി ആദരിച്ച ലോർഡ് സിൻഹയുടെ ഇളയ മകന്റെ ഭാര്യയായ ഒരു ആംഗ്ലോ ഇൻഡ്യൻ പെൺകുട്ടി കൽക്കട്ടയിലെ അവരുടെ വീട്ടിലെ അടുക്കളയിൽ അടിയന്തരാവസ്ഥക്കാലത്ത് ദുരൂഹസാഹചര്യത്തിൽ മരണപ്പെട്ടു. അത് ഒരു കൊലപാതകമായിരുന്നു. അത് റിപ്പോർട്ട് ചെയ്യാൻ പോയ പത്രക്കാരുടെ കൂട്ടത്തിൽ ഞാനുമുണ്ടായിരുന്നു. അടിയന്തരാവസ്ഥ കാലമായതിനാൽ അതിന് കൂടുതൽ പ്രാധാന്യവും കിട്ടി. ഞാനെഴുതിയ ആ കേസിന്റെ പുരോഗതിയും കോടതിവിചാരണയും 'ബന്ധങ്ങൾ ബന്ധനങ്ങൾ' എന്ന തലക്കെട്ടിൽ ഒരു പരമ്പരയായി പന്ത്രണ്ട് ആഴ്ചകളോളം ചില പ്രാദേശിക മലയാള പത്രങ്ങൾ പ്രസിദ്ധീകരിച്ചു. അത് ഒരു നീണ്ടകഥ പോലുണ്ടെന്ന് അന്ന് വായിച്ച പലരും പറഞ്ഞു. അതാണ് എന്റെ ആദ്യത്തെ സർഗ സൃഷ്ടിയും എഴുത്തിന്റെ വഴിയിലേക്കുള്ള പ്രചോദനവും.

**7. നിങ്ങൾക്കിഷ്ടമുള്ള സാഹിത്യകൃതി? ഏത് എഴുത്തുകാരൻ? നിങ്ങളുടെ അഭിപ്രായത്തിൽ അമേരിക്കൻ മലയാള സാഹിത്യം എന്നൊന്നുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ പുരോഗതി എവിടെ എത്തിനിൽക്കുന്നു? അമേരിക്കൻ മലയാളി എഴുത്തുകാരിൽ ആരുടെ രചനയൊക്കെ നിങ്ങൾ വായിച്ചിട്ടുണ്ട്. അവയിൽ നിങ്ങൾക്കിഷ്ടമായവ ഒരു ദിവസത്തെ ആയുസ്സിൽ അവയെല്ലാം വിസ്മരിക്കപ്പെട്ടു പോകാതെ എങ്ങനെ അവയെ അമേരിക്കൻ മലയാള സാഹിത്യ ഭണ്ഡാരത്തിൽ സൂക്ഷിക്കാം?**

ഉ. ഇഷ്ടമുള്ള ഒരു സാഹിത്യകൃതിയെ പറ്റിമാത്രം പറയാൻ പറ്റില്ല. എങ്കിലും കേശവദേവിന്റെ 'ഓടയിൽനിന്ന് ', തകഴിയുടെ 'ചെമ്മീൻ', ബിമൽ മിത്രയുടെ'വിലയ്ക്കുവാങ്ങാം' അങ്ങനെ പലതും. അമേരിക്കൻ മലയാളി സാഹിത്യം എന്ന് ഒന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല എന്ന് തുടക്കത്തിലേ പറഞ്ഞു. ഇവിടെ പലരുടെയും രചനകൾ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്. എല്ലാവരുടെയും പേരെടുത്തു പറയുന്നതിൽ ബുദ്ധിമുട്ടുണ്ട്. പലരുടെയും എഴുത്തിന്റെ ശൈലിയും ആശയങ്ങളും എപ്പോഴും മനസ്സിൽ തങ്ങിനിൽക്കുന്നവയാണ്.

**8. നിങ്ങളെ സ്വാധീനിച്ച എഴുത്തുകാരൻ? എന്തുകൊണ്ട് ആ സ്വാധീനം നിങ്ങളിൽ ഉണ്ടായി? ഇപ്പോൾ ആ സ്വാധീനത്തിൽ നിന്നും മുക്തനായി സ്വതന്ത്രമായി ഒരു ശൈലി രൂപപ്പെടുത്തിയെടുത്തുവെന്ന് കരുതുന്നുണ്ടോ?**

ഉ. പ്രത്യേകമായി ഒരെഴുത്തുകാരനും എന്നെ സ്വാധീനിച്ചിട്ടില്ല. പക്ഷെ അവരുടെയൊക്കെ കൃതികളുടെ ഉള്ളടക്കങ്ങളിൽ നിന്നും പലപ്പോഴായി പുതിയ ആശയങ്ങൾ എന്നിൽ രൂപപ്പെട്ടിട്ടുണ്ടാകാം.

**9. നിങ്ങളുടെ രചനകളെക്കുറിച്ച് വായനക്കാരുടെ അഭിപ്രായങ്ങൾ കേൾക്കാറുണ്ടോ? അനുകൂലവും പ്രതികൂലവും ആയ അഭിപ്രായങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു?**

ഉ. ശ്രദ്ധാപൂർവ്വം കേൾക്കാറുണ്ട്. അനുകൂലവും പ്രതികൂലവും ആയി അഭിപ്രായം പറയുന്നവരോട് വ്യവസ്ഥകളില്ലാതെ നന്ദി രേഖപ്പെടുത്താറുണ്ട്. പ്രതികൂലമായ അഭിപ്രായങ്ങളിൽ നിന്ന് എനിക്കെന്തെങ്കിലും ഉൾക്കൊള്ളാനുണ്ടോ എന്നുകൂടി പരിശോധിക്കും.

**10 അമേരിക്കൻ മലയാളി എഴുത്തുകാർ നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ എഴുതണം. എങ്കിൽ മാത്രമേ സാഹിത്യത്തിൽ ഒരു സ്ഥാനം ലഭിക്കുവെന്ന ചില എഴുത്തുകാരുടെയും പൊതുജനങ്ങളുടെ അഭിപ്രായങ്ങളോട് യോജിക്കുന്നോ?**

ഉ. ഈ ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ഒരു പഴയ സംഭവകഥ ഓർമ്മവരുന്നു. പതിറ്റാണ്ടുകൾക്ക് മുമ്പ് കോട്ടയത്ത് വൈ.എം.സി.എ. ഹാളിൽ നടന്ന സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ ഒരു യോഗത്തിൽ മുണ്ടശ്ശേരി മാഷ് മുട്ടത്തുവർക്കിയോടായി പറഞ്ഞു. നമ്മുടെ നോവൽ രചയിതാക്കൾ വിശ്വസാഹിത്യകാരന്മാരായ ടോൾസ്റ്റോയി, ദസ്തയേവ്സ്കി എന്നിവരെയൊക്കെ മാതൃകയാക്കി വിശ്വസാഹിത്യം ഉൾക്കൊണ്ടിട്ടുവേണം നോവൽ രചിക്കാൻ.

അതിന് മുട്ടത്തുവർക്കി കൊടുത്ത മറുപടി: എനിക്ക് മുട്ടത്തുവർക്കി ആകാനേ കഴിയൂ. എന്റെ ഇണപ്രാവുകളും മൈലാടുംകുന്നുമെല്ലാം മുഷിഞ്ഞ കവർച്ചട്ടയുമായി കേരളത്തിലെ വായനശാലകളിൽ സജീവമാണ്. വിശ്വസാഹിത്യകാരന്മാരെ ഉൾക്കൊണ്ട് മുണ്ടശ്ശേരി മാഷ് എഴുതിയ പുസ്തകങ്ങൾ വായനക്കാരില്ലാതെ വെട്ടിത്തിളങ്ങുന്ന പുറംചട്ടയോടെ മാസ്റ്ററിന്റെ മച്ചിൻ പുറത്ത് അട്ടിയിട്ട് വച്ചിരിക്കുന്നു.

പിന്നീട് വർക്കിസാറിനെ സാഹിത്യ പ്രവർത്തകസഹകരസംഘത്തിന്റെ ഗ്രൂപ്പിലേ കണ്ടിട്ടില്ല. ഞാനൊരു ഉദാഹരണം പറഞ്ഞന്നേയുള്ളൂ. നാട്ടിലെ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നവരേക്കാൾ കഴിവുള്ള എഴുത്തുകാർ അമേരിക്കയിൽ ഉണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാർ ഒരു രണ്ടാം തരക്കാരാണ് എന്ന അപകർഷതാബോധവും മനഃപൂർവ്വമല്ലാതെ അമേരിക്കൻ എഴുത്തുകാരിലുണ്ട്. അതുകൊണ്ട് അമേരിക്കൻ മലയാളി എഴുത്തുകാർ സ്വയംപരിശോധന നടത്തി ആത്മധൈര്യ കൈവരിക്കണം.

മലയാള സാഹിത്യത്തിന് ദിശാമാറ്റം വന്നപ്പോൾ കേരളത്തിലും ഇതുണ്ടായിരുന്നു. 'മാതൃഭൂമിയി' ലോ ചുരുങ്ങിയപക്ഷം 'മലയാളനാടിലോ' എഴുതിയില്ലെങ്കിൽ സാഹിത്യകാരന്മാരല്ല എന്ന ദിശ മാറ്റിയവർ പ്രചരിപ്പിച്ചിരുന്നു. നാട്ടിൽ നിന്ന് എഴുത്തുകാർ ഇവിടെ വന്ന് ആഘോഷിച്ച് തിരിച്ചുപോകുമ്പോൾ അവരിൽ നിന്ന് നമുക്ക് എന്ത് കിട്ടി എന്നു കൂടി നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അവർ നാട്ടിൽ തിരിച്ചുചെന്ന് നമ്മെ വീണ്ടും രണ്ടാം തരക്കാരാക്കുന്നു.

**11. ഇതുവരെ എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു? അല്ലെങ്കിൽ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു? നിങ്ങൾ പൂർണ്ണമായ എഴുത്തുകാരനോ/എഴുത്തുകാരിയോ അതോ സമയമുള്ളപ്പോൾ കുത്തിക്കുറിക്കുന്നയാളോ? എഴുത്തിനെ ഗൗരവമായി കാണുന്നുണ്ടോ? അതോ ജോലിത്തിരിക്കിൽ നിന്നും വീണു കിട്ടുന്ന സമയം സാഹിത്യത്തിനുപയോഗിക്കാമെന്ന ചിന്തയാണോ?**

ഉ. ആറ് (6) പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അതിൽ നാടകങ്ങളും കഥകളും ലേഖനങ്ങളും ഉൾപ്പെടും. ഇ-മലയാളിയിൽ എഴുതിയ കുറെ കഥകളും ലേഖനങ്ങളും കൂടിയുണ്ട്. അത് താമസിയാതെ പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്നു. ഞാനൊരു മുഴുവൻ സമയ എഴുത്തുകാരനല്ല. പക്ഷേ, എഴുത്തിനെ ഗൗരവമായി തന്നെ കാണുന്നു. എഴുതാനുള്ള വിഷയത്തെക്കുറിച്ച് ഗ്രഹപാഠം ചെയ്തിട്ടേ എഴുതാറുള്ളൂ.



**12. പ്രതിദിനം അമേരിക്കൻ മലയാളികളിൽ പുതിയ പുതിയ എഴുത്തുകാർ ചിലരൊക്കെ അറുപതും എഴുപതും കടന്നവർ പ്രത്യക്ഷപ്പെടുന്നു. അവരൊക്കെ ശരിക്കും സർഗ്ഗപ്രതിഭയുള്ളവരായിരിക്കുമോ? അത്തരക്കാരുടെ കടന്നാക്രമണംസാഹിത്യത്തെ ദുഷിപ്പിക്കുമെന്ന് പറഞ്ഞാൽ നിങ്ങൾ എങ്ങനെ പ്രതികരിക്കും?**

ഉ. വൈകിയാണെങ്കിലും അവരുടെ വരവിനെ ഒരു കടന്നാക്രമണം എന്ന് പറയേണ്ടതില്ല. സർഗ്ഗപ്രതിഭയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും അവരെയും സാഹിത്യലോകത്തേക്ക് സ്വാഗതം ചെയ്യേണ്ടതുണ്ട് എന്നാണ് എന്റെ എളിയ അഭിപ്രായം. അതൊരിക്കലും സാഹിത്യത്തെ ദുഷിപ്പിക്കുകയില്ല. അവരുടെ അനുഭവങ്ങൾ ഒരു പരിധിവരെ സാഹിത്യത്തിന് ഗുണം നൽകിയേക്കാം.

**13. നിങ്ങൾ ഒരു നല്ല വായനക്കാരനാണോ? ഒന്നിൽ കൂടുതൽ പ്രാവശ്യം നിങ്ങൾ വായിച്ച കൃതിയേത്? ഒരു പുസ്തകത്തെപ്പറ്റി ഒരു നിരൂപകനും ഒരു കൂട്ടം വായനക്കാരും പറയുന്ന അഭിപ്രായം നിങ്ങളെ സ്വാധീനിക്കാറുണ്ടോ? അതോ നിങ്ങൾ നിങ്ങളുടേതായ അഭിപ്രായം രൂപീകരിക്കാറുണ്ടോ?**

ഉ. ഒരു നല്ല വായനക്കാരനേ ഒരു നല്ല എഴുത്തുകാരനാകാൻ സാധിക്കുകയുള്ളൂ. അഭിപ്രായരൂപീകരണത്തിൽ ഞാൻ എന്നോട് തന്നെ കടപ്പെട്ടിരിക്കുന്നു. ഒന്നിൽ കൂടുതൽ വായിച്ചകൃതി എന്റെ ഓർമ്മ ശരിയാണെങ്കിൽ കേശവദേവിന്റെ ഓടയിൽ നിന്ന് , ബന്യാമിന്റെ ആടുജീവിതം.

**14. അവാർഡുകൾ, അംഗീകാരങ്ങൾ, അനുമോദനങ്ങൾ ഇവ നേടിയവരെ മാധ്യമങ്ങൾ കൊട്ടിഘോഷിക്കുന്നു. അതവർ അർഹിക്കുന്നില്ല. അർഹിക്കുന്നവർ വേറെ ചിലരാണ് എന്ന്**

**അവാർഡ് നേടിയവരെ കൊട്ടിഘോഷിക്കുന്നത് മാധ്യമങ്ങളുടെ നിലനിൽപിന്റെ ഭാഗമാണ്. അർഹതയുള്ളവരാണോ അവാർഡിനർഹരായവർ എന്ന് മാദ്ധ്യമങ്ങൾക്ക് അറിയേണ്ടതുമില്ല. അർഹിക്കുന്നവർ വേറെ ചിലരാണ് എന്ന് എനിക്ക് വ്യക്തിപരമായി തോന്നിയാൽ ആ തോന്നലിനും പ്രസക്തിയില്ല. അക്കാഡമി അവാർഡുകൾക്ക് അതാതു കാലത്തെ ഭരണകക്ഷിക്കൾക്ക് ഇഷ്ടപ്പെട്ടവരോട് ഒരു ചായ്‌വ് ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്**

**തോന്നിയിട്ടുണ്ടോ? ഒരുദാഹരണം സാഹിത്യ അക്കാദമി അവാർഡ്.**

ഉ. അവാർഡ് നേടിയവരെ കൊട്ടിഘോഷിക്കുന്നത് മാധ്യമങ്ങളുടെ നിലനിൽപിന്റെ ഭാഗമാണ്. അർഹതയുള്ളവരാണോ അവാർഡിനർഹരായവർ എന്ന് മാദ്ധ്യമങ്ങൾക്ക് അറിയേണ്ടതുമില്ല. അർഹിക്കുന്നവർ വേറെ ചിലരാണ് എന്ന് എനിക്ക് വ്യക്തിപരമായി തോന്നിയാൽ ആ തോന്നലിനും പ്രസക്തിയില്ല. അക്കാഡമി അവാർഡുകൾക്ക് അതാതു കാലത്തെ ഭരണകക്ഷിക്കൾക്ക് ഇഷ്ടപ്പെട്ടവരോട് ഒരു ചായ്‌വ് ഉണ്ടാകും എന്നാണ് എനിക്ക് തോന്നുന്നത്

**15. ഇവിടത്തെ വെള്ളക്കാരുടെയും, കറുത്തവരുടെയും സ്പാനിഷ്കാരുടെയും ജീവിതം കുത്തഴിഞ്ഞ പുസ്തകം പോലെയെന്ന ഒരു ധാരണ മലയാളികൾ വച്ചു പുലർത്തുന്നുണ്ട്. അതെക്കുറിച്ച് പൊടിപ്പും തൊങ്ങലും വച്ച് എഴുതുന്നതാണോ അമേരിക്കൻ പശ്ചാത്തലത്തിൽ എഴുതുന്ന കഥകൾ? സംസ്കാര സംഘർഷമനുഭവിക്കുന്ന പുതിയ തലമുറയുടെ ധർമ്മസങ്കടങ്ങൾ ഒരു എഴുത്തുകാരനോ അല്ലെങ്കിൽ ഒരു ചിത്രകാരനോ അവരുടെ ഭാവനയിൽ പകർത്താൻ മാത്രമുണ്ടെന്ന നിങ്ങൾ കരുതുന്നുണ്ടോ?**

ഉ. സംസ്ക്കാരങ്ങളുടെ സംഘർഷമനുഭവിക്കുന്നവരുടെ ധർമ്മസങ്കടങ്ങൾ ദയനീയവും പെട്ടെന്നുള്ള പരിഹാരങ്ങൾക്കൊക്കെ അപ്പുറത്തുമാണ്. അതിനെ സത്യസന്ധമായി ആത്മാർത്ഥതയോടെ എഴുത്തുകാരൻ എഴുതണം. അ്ല്ലെങ്കിൽ ചിത്രകാരൻ വരയ്ക്കണം. പൊടിപ്പും തൊങ്ങലും വച്ച് എഴുതുമ്പോൾ എഴുത്തിൽ സത്യമില്ലാതാകുന്നു. എഴുത്തുകാരൻ സത്യസന്ധനല്ലാതാകുന്നു.

**16. നിങ്ങൾ ആദ്യമായി എഴുതിയ രചന ഏത്? എപ്പോൾ? അതെക്കുറിച്ച് ചുരുക്കമായി പറയുക? ഒരെഴുത്തുകാരനാകാൻ. നിങ്ങൾക്ക് കഴിയുമെന്ന് തിരിച്ചറിഞ്ഞ നിമിഷത്തിന്റെ ആനന്ദം പങ്കുവയ്ക്കുക.**

ഉ. ഇതിനുത്തരം ഞാനാദ്യമെവിടെയോ പറഞ്ഞു കഴിഞ്ഞു. എന്റെ പത്രപ്രവർത്തനകാലത്തെ ന്യൂസ് റിപ്പോർട്ടിങ്ങിൽ നിന്നാണ് എനിക്ക് എഴുതുവാനും ആരുടെയും സ്വാധീനമില്ലാതെ എന്റെ തന്നെ ഒരു ശൈലി കണ്ടെത്തുവാനും സാധിച്ചത്. ഞാൻ ആദ്യം പിന്നീട് പ്രസിദ്ധീകരിച്ച സാഹിത്യരചന 'കുഡോസ്' എന്ന നാടകമാണ്, എൺപതുകളുടെ തുടക്കത്തിൽ. രംഗവേദിയിൽ അതൊരു പരീക്ഷണമായിരുന്നു. കൽക്കട്ടയിലും കേരളത്തിലുമായി ഒട്ടനവധി വേദികളിൽ അരങ്ങേറി. അനേകം പുരസ്കാരങ്ങളും അംഗീകാരങ്ങളും അക്കാലത്ത് ആ നാടകത്തെ തേടിയെത്തി.

**17. ഒരു എഴുത്തുകാരന്റെ വളർച്ചക്ക് അവന്റെ കുടുംബവും സമൂഹവും കൂട്ടുനിൽക്കുന്നുവെന്ന് പറയാറുണ്ട്. അമേരിക്കൻ മലയാളി എഴുത്തുകാരെ നിർദ്ദയം പുശ്ചിക്കുന്ന അമേരിക്കൻ മലയാളി സമൂഹം എഴുത്തുകാർക്ക് ദ്രോഹം ചെയ്യുന്നുവെന്ന് ചിന്തിക്കുന്നുണ്ടോ?**

ഉ. ആദ്യം കാണുമ്പോൾ ഏത് പള്ളീലാണ് പോകുന്നത് എന്ന് ചോദിക്കുന്ന സങ്കുചിത ചിന്താഗതിയുള്ള ഭൂരിപക്ഷം അമേരിക്കൻ മലയാളി സമൂഹത്തിന്റെ സർഗ്ഗചൈതന്യം വിവിധ പള്ളികളിലും പള്ളിപ്രവർത്തനങ്ങളിലുമാണ്. തികച്ചും സാഹിത്യ സൃഷ്ടിയായ ബൈബിൾ ഒരിക്കലും വായിക്കാനിടയില്ലാത്ത അല്ലെങ്കിൽ വായിക്കാൻ താൽപര്യമില്ലാത്ത അവർക്ക് വിശുദ്ധ പുസ്തകവും സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടിയുമാണ്. മറ്റ് മതസ്ഥർ അവരുടേതായ സങ്കുചിത ലോകത്തിലും. ഇതിന് കാരണം ചികഞ്ഞ് ചെല്ലുമ്പോൾ നമ്മൾ കണ്ടെത്തും ഇതെല്ലാം നിലനിൽപിന്റെ ഭാഗമാണെന്ന്. മതചിന്തകൾക്കും പ്രവർത്തനങ്ങൾക്കും ഊന്നൽ കൊടുക്കുന്ന അമേരിക്കൻ മലയാളിസമൂഹത്തിൽ മതേതര ചിന്തയും സാഹിത്യവുമെല്ലാം രണ്ടാം സ്ഥാനത്തായിരിക്കും. അവർ മലയാള സാഹിത്യത്തിന് ഉപദ്രവം ചെയ്യില്ലെങ്കിലും ഉപകാരം ചെയ്യുമെന്ന് തോന്നുന്നില്ല. പുതിയ തലമുറയിൽ അല്പം പ്രതീക്ഷയുണ്ട്. പക്ഷെ, അവർക്ക് മലയാളം അറിയില്ലല്ലോ.

**18. എഴുത്തുകാർ അവരുടെ രചനകൾ വിവിധ മാധ്യമങ്ങളിൽ ഒരേ സമയം കൊടുക്കുന്നത് നല്ല പ്രവണതയാണോ? എന്തുകൊണ്ട് അങ്ങനെ ചെയ്യുന്നു?**

ഉ. നല്ല പ്രവണതയല്ല. മാധ്യമങ്ങളാരും പ്രതിഫലം കൊടുക്കാത്തതുകൊണ്ടായിരിക്കാം അങ്ങനെ ചെയ്യുന്നത്. പ്രതിഫലം കൊടുത്ത് എഴുതിക്കാൻ മാധ്യമങ്ങൾക്ക് ഇന്നത്തെ സ്ഥിതിയിൽ സാധിക്കുകയുമില്ല. പിന്നെ എല്ലാ എഴുത്തുകാരും കൂടുതൽ അറിയപ്പെടാൻ ആഗ്രഹിക്കുന്നത് സ്വാഭാവികമാണല്ലൊ.

**19. അംഗീകാരങ്ങൾ/ വിമർശനങ്ങൾ/ നിരൂപണങ്ങൾ/ പരാതികൾ/ അഭിനന്ദനങ്ങൾ ഇവയിൽ അതാണ് നിങ്ങളുടെ അഭിപ്രായത്തിൽ ഒരു എഴുത്തുകാരന് പ്രോത്സാഹനമാകുക? എന്തുകൊണ്ട്?**

ഉ. ഇവയെല്ലാം എഴുത്തുകാരനെ എഴുത്ത് ഗൗരവമായി എടുത്ത് കൂടുതൽ ശക്തിയോടെ മുന്നോട്ട് പോകാൻ പ്രോത്സാഹിപ്പിക്കും.

**20. അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ എഴുതണം. അവർ വിട്ടിട്ട് പോന്ന നാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വമല്ല എന്ന് പറയുന്നതിനോട് യോജിക്കുന്നുണ്ടോ?**

ഉ. അമേരിക്കൻ മലയാളികൾ ഇവിടത്തെ കഥകൾ മാത്രം എഴുതണം എന്ന് നിർബന്ധമില്ല. ഇവിടെയാണെങ്കിലും എവിടെയാണെങ്കിലും ജീവിക്കുന്ന സാമൂഹ്യ സാഹിത്യങ്ങളിലെ യാഥാർത്ഥ്യങ്ങളിൽ നിന്ന് എഴുതുവാനുള്ള വിഷയം വന്നുപെടുകയാണ്. പിന്നെ ജനിച്ചു വളർന്ന്നാടിന്റെ ഗ്രഹാതുരത്വം മനസ്സിൽ നിന്നും മായില്ല. അത് എഴുത്തിൽ അറിഞ്ഞും അറിയാതെയും വന്നുകൊണ്ടേയിരിക്കും. ചിലപ്പോൾ അത് ജനിച്ച നാടിന്റെ ഗ്രഹാതുരത്വം മാത്രം നിറഞ്ഞ കഥയാകാം. മറ്റു ചിലപ്പോൾ അത് ജനിച്ച നാടിനെയും ഇപ്പോൾ ജീവിക്കുന്ന നാടിനെയും ബന്ധിപ്പിക്കുന്ന കഥയാകാം. ജീവിക്കുന്ന നാട്ടിലെ ജീവിത സാഹചര്യത്തിൽ നിന്നും മാത്രമുള്ള കഥയുമാകാം.



# Save $894.* Combine Home & Auto.

**Michael Tharian, Agent**

1855 Victory Blvd
Staten Island, NY 10314

**Toll Free:**
**888-644-7222**

My State Farm agency's products and services are available. Call me for Auto, Home & Life Insurance quotes.

**We Serve These States**
**NY, NJ, PA, & CT.**

**State Farm®**

***Average household savings based on 2016 national survey of new policyholders who reported savings by switching to State Farm®.**

State Farm Mutual Automobile Insurance Company
State Farm Indemnity Company
State Farm Fire and Casualty Company
State Farm General Insurance Company
Bloomington, IL

1601489

# പൗലോസ് സാർ ഇനി ഓർമ്മയാണ്



ജെയിംസ് കുരീക്കാട്ടിൽ

രാവിലെ ഈ വാർത്ത കേട്ടപ്പോൾ ആദ്യം വിശ്വസിക്കാനായില്ല. എന്തെങ്കിലും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്ന് ആരും പറഞ്ഞുകേട്ടിരുന്നില്ല. രണ്ടാഴ്ച മുമ്പാണ് അവസാനമായി സംസാരിച്ചത്. ജോസഫ് മാഷിന്റെ ന്യൂയോർക്ക് സന്ദർശനവുമായി ബന്ധപ്പെട്ട കാര്യങ്ങളായിരുന്നു വിഷയം. പതിവുപോലെ നിറഞ്ഞ ഉത്സാഹത്തോടെയും ആത്മാർഥതയോടെയുമാണ് ജോസഫ് മാഷിനെ ഹോസ്റ്റ് ചെയ്തതും പരിപാടികൾ സംഘടിപ്പിച്ചതുമൊക്കെ.

പരിചയപ്പെട്ട നാൾ മുതൽ എനിക്ക് ഏറെ ആദരവ് തോന്നിയ വ്യക്തിത്വമായിരുന്നു പൗലോസ് സാർ. സൗമ്യനും മിതഭാഷിയുമായിരുന്നു. സ്വതന്ത്രചിന്ത ആയിരുന്നു അദ്ദേഹ

ത്തിന്റെ ജീവിതദർശനം. ജോസഫ് ഇടമറുകിന്റെ മരണം വരെ അദ്ദേഹവുമായി ആത്മബന്ധം പുലർത്തിയിരുന്നു. എഴുത്തും വായനയുമായിരുന്നു അദ്ദേഹത്തിന് ജീവിതത്തിൽ എല്ലാം.

ജീവിതത്തിന്റെ നല്ലൊരു ഭാഗം, ഏകദേശം ഇരുപത്തിയഞ്ച് വർഷം, അദ്ദേഹം കൊൽക്കത്തയിൽ ചെലവഴിച്ചു. ബംഗാൾ റാഷണലിസ്റ്റ് അസോസിയേഷന്റെ സ്ഥാപക സെക്രട്ടറിയും കൊൽക്കത്ത മലയാളി അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റുമായ അദ്ദേഹം സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ എന്നും സജീവമായിരുന്നു.

എന്നാൽ, അദ്ദേഹത്തിന്റെ ഹൃദയത്തോട് ഏറ്റവും ചേർന്നിരുന്നത് നാടകമായിരുന്നു. നാടകങ്ങൾ എഴുതി, സംവിധാനം ചെയ്തു, അഭിനയിച്ചു. കഥകളും ലേഖനങ്ങളും നാടകങ്ങളും ഉൾപ്പെടെ ആറു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് തന്റെ ചിന്തകളെ അക്ഷരങ്ങളിലൂടെ സമൂഹത്തിന് സമർപ്പിച്ചു.

അമേരിക്കയിലെത്തിയ ശേഷവും ആ ജ്വാല കെട്ടുപോയില്ല. ന്യൂയോർക്കിലെ സർഗവേദി, ലിറ്ററി അസോസിയേഷൻ ഓഫ് നോർത്ത് അമേരിക്ക, എസ്സെൻസ് ഗ്ലോബൽ യു.എസ്.എ. തുടങ്ങിയ സംഘടനകളിലൂടെ അദ്ദേഹം സാംസ്കാരിക-സാമൂഹിക പ്രവർത്തനങ്ങളിൽ സജീവസാന്നിധ്യമായി തുടർന്നു. എവിടെയായിരുന്നാലും, മനുഷ്യരെയും ആശയങ്ങളെയും ചേർത്തുനിർത്തുന്ന ഒരു കണ്ണിയായിരുന്നു അദ്ദേഹം.

ഒരു ജന്മദിനത്തിൽ മരണത്തെക്കുറിച്ച് അദ്ദേഹം എഴുതിയ ലേഖനം ഇന്നും മനസ്സിൽ തെളിഞ്ഞുനിൽക്കുന്നു. ജീവിതത്തിൽ പലവട്ടം മരണത്തെ മുഖാമുഖം കണ്ടു തിരിച്ചുവന്ന ഒരാളുടെ അനുഭവത്തിന്റെ ആഴമുണ്ടായിരുന്നു ആ വരികളിൽ. ആ ലേഖനം അദ്ദേഹം തുടങ്ങിയത് ഇങ്ങനെയായിരുന്നു:

‘‘ഇന്നെനിക്ക് ബോണസ്സായി ഒരു വയസ്സ് കൂടി കിട്ടി. ചേർത്തുപിടിച്ചവർക്കും കൂടെനിന്ന കൂട്ടുകാർക്കും ഒരുപാട് നന്ദി.’’

അവസാനിപ്പിച്ചത് ഇങ്ങനെ:

‘‘പതിറ്റാണ്ടുകൾ കഴിഞ്ഞു. ദേശവും കാലവും മാറി. എന്നാലും ഞാനിന്നും യാത്ര തുടരുകയാണ്.’’

ആ യാത്ര ഇന്ന് അവസാനിച്ചു.

മടക്കമില്ലാത്ത മറ്റൊരു യാത്രയിലേക്ക് അദ്ദേഹം പുറപ്പെട്ടു. എന്നാൽ മനുഷ്യരുടെ ജീവിതം അവസാനിക്കുന്നത് അവരുടെ ശ്വാസത്തോടെയല്ല; അവർ മറ്റുള്ളവരുടെ ഓർമ്മകളിൽ നിന്ന് മാഞ്ഞുപോകുമ്പോഴാണ്. പൗലോസ് സാർ അങ്ങനെയൊരാളല്ല. അദ്ദേഹത്തിന്റെ സൗമ്യതയും ചിന്തയുടെ വെളിച്ചവും സ്നേഹവും, അദ്ദേഹം പകർന്ന സൗഹൃദവും എന്നും ഓർമ്മകളിൽ ജീവിച്ചിരിക്കും.

ആദരാഞ്ജലികൾ, മാഷേ.

യാത്രാമൊഴി.

# കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ പിക്നിക്ക് വൻ വിജയമായി



ബ്ലെസ്സൺ ഹൂസ്റ്റൺ

ഹൂസ്റ്റൺ: കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ ഈ വർഷത്തെ പിക്നിക് വിപുലമായ രീതിയിൽ നടത്തപ്പെട്ടു.

ജൂൺ 28ന് ഞായറാഴ്ച വൈകിട്ട് അഞ്ചുമണിക്ക് കിറ്റി ഹാളോ പാർക്കിൽ വച്ചായിരുന്നു 2026ലെ പിക്നിക്ക്. അംഗങ്ങളുടെ വൻ പങ്കാളിത്തത്തോടെ നടത്തപ്പെട്ടത്. കേരളത്തിന്റെ അക്ഷരനഗരിയെന്നറിയപ്പെടുന്ന കോട്ടയം നഗരം ഉൾപ്പെടുന്ന കോട്ടയം ജില്ലയിൽ നിന്ന് അമേരിക്കയിലെ ഹ്യൂസ്റ്റണിലും പ്രാന്ത പ്രദേശത്തും താമസിക്കുന്നവരുടെ ഒത്തുചേരലിനും പരിചയം പുതുക്കലിനുമുള്ള അവ






സരവും വേദിയായി മാറി ഈ വർഷത്തെ പിക്നിക്. അതോടൊപ്പം മാനസ്സികോല്ലാസ്സത്തിനുമായി നിരവധി കായിക പരിപാടികളും പിക്നിക്കിൽ ഉൾപ്പെടുത്തുകയുണ്ടായി.

പ്രസിഡണ്ട് സുഗു ഫിലിപ്പ് എത്തിച്ചേർന്ന എല്ലാവർക്കും സ്വാഗതം പറഞ്ഞുകൊണ്ട് ആരംഭിച്ച പിക്നിക്കിൽ വിവിധയിനം കായിക മത്സരങ്ങൾ നടത്തപ്പെട്ടു.

മത്സരത്തിൽ ആവേശം പകർന്ന വടവലി മത്സരം പിക്നിക്കിൽ മറക്കാത്ത അനുഭവവും സമ്മാനിച്ചതിയിരുന്നു.

അതോടൊപ്പം നടത്തപ്പെട്ട വിവിധ മത്സരങ്ങളും ഏവരെയും ആവേശവും അതിലേറെ ആഹ്ളാദിപ്പിക്കുകയും ചെയ്തു.

ബിജു ശിവൻ, അജി കോര, ബിബി പാറയിൽ, ബെന്നി കുര്യാക്കോസ് സുജ ബെന്നി തുടങ്ങിയവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പിക്നിക് ഒരു അവിസ്മരണീയനുഭം നല്കിയതായിരുന്നു. കോട്ടയം സി എം എസ് കോളേജ് മുൻ കെമിസ്ട്രി ഡിപ്പാർട്ടമെന്റ് മേധാവി ഡോ. സഖറിയാ ഉമ്മൻ പിക്നിക്കിൽ മുഖ്യാതിഥി ആയിരുന്നു .

ക്ലബ്ബിന്റെ അഡ്വൈസറി മെമ്പർ ഷിബു കെ മാണി പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് സംസാരിക്കുകയും

മത്സരത്തിൽ പങ്കെടുത്തവരെ അഭിനന്ദിക്കുകയും ചെയ്തു. വിഭവ സമൃദ്ധമായ പിക്നിക് ഡിന്നറോടെ ഈ വർഷത്തെ കോട്ടയം ക്ലബ് ഹൂസ്റ്റണിന്റെ പിക്നിക് വിജയകരമായി സമാപിച്ചു.



#1 'OTT' Platform
Download FREE
Scan QR Code to
Download App Instantly
Watch
MediaAppUSA
LIVE Television Channels
LIVE Streaming
Video on Demand
News Portals
On your Phones, All Smart TV's and
Any Streaming Devices
www.mediaappusa.com | info@medialogistics.us | 1-917-900-2123


pravasi CHANNEL HD
emalayalee.com
Pravasi Channel & eMalayalee
Presents
GlobeON
GlobeON
News
Every Day
10am | 2pm |
6pm & 10pm US EST
Watch all Media Outlets via 'MediaAppUSA'
MediaAppUSA
mediaappusa.com
Download for FREE on all
Streaming Devices and Smart TV's
Also on iPhone
and Android Phone
For more info: 1-917-662-1122 | info@medialogistics.us